# കിർമ്മീരവധം

(ആട്ടക്കഥ)

വ്യാഖ്യാതാ:

...ൻ എ. ഡി. ഹരിശർമ്മ

...ം. ആർ. എ. എസ്സ്.

T62
K85

# കിർമ്മീരവധം

(ആട്ടക്കഥ)

ഗ്രന്ഥകർത്താ:

**കോട്ടയത്തു തമ്പുരാൻ**

DHARMARAM COLLEGE LIBRARY, BANGALORE.
19385
T62
K85

വ്യാഖ്യാതാ:

**സാഹിത്യകുശലൻ ഏ. ഡി. ഹരിശർമ്മ**

എം. ആർ. ഏ. എസ്സ്.

വില 1-75

ഒന്നാം പതിപ്പ്

അച്ചടി:
പരിഷന്മുദ്രണാലയം, എറണാകുളം.

1963 ജൂൺ

# അവതാരിക

## I

## ആട്ടക്കഥ

**ആഗമചരിത്രം**

കാവ്യത്തെ ശ്രവ്യമെന്നും ദൃശ്യമെന്നും രണ്ടായി വിഭജിച്ചിട്ടുണ്ടു്. ഒന്നാമത്തേതു്, പ്രതിപാദ്യവിഷയത്തെ ഭംഗിയായി വർണ്ണിച്ചു് വായിക്കുന്നവർക്കും കേൾക്കുന്നവർക്കും ആനന്ദത്തെ ജനിപ്പിക്കുന്നു; രണ്ടാമത്തേതാകട്ടെ, കഥാപാത്രങ്ങളെക്കൊണ്ടു് അഭിനയിപ്പിച്ചു് കഥാഗാത്രം രംഗവാസികൾക്കു് പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുന്നു. മററൊരുവിധം പറഞ്ഞാൽ, കേട്ടു രസിക്കേണ്ടതു ശ്രവ്യം; കണ്ടു രസിക്കേണ്ടതു ദൃശ്യം.

നാട്യം, നൃത്യം, നൃത്തം എന്നിങ്ങനെ ദൃശ്യകല മൂന്നുവിധം. വാക്യാർത്ഥരൂപരസാഭിനയപ്രധാനമാണു് നാട്യം; നാടകാദിദശരൂപകങ്ങൾ ഈ ഇനത്തിൽപെട്ടവയത്രെ. അവയിലെ അഭിനയം ഭാവരസപ്രകടനത്തിനായി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. കഥ മുഴുവൻ പാത്രങ്ങളുടെ സംഭാഷണത്തിൽനിന്നു രംഗവാസികൾക്കു മനസ്സിലാക്കാം. പദാർത്ഥരൂപഭാവാഭിനയപ്രധാനമായ ദൃശ്യകലയാണു് നൃത്യം; ആട്ടക്കഥയും മററും ഈ കലാവിഭാഗത്തിൽ ഉൾപ്പെടുന്നു. ഇതിൽ നടന്മാർ വേഷം കെട്ടി രംഗത്തുവന്നു്, പിന്നിൽ താളമേളങ്ങളോടുകൂടി പാടുന്ന പാട്ടുകളുടെ സാരം—കഥാഭാഗം എന്നർത്ഥം—വ്യക്തമാകത്തക്കവണ്ണം ഓരോ പദത്തിന്റെയും അർത്ഥം കൈമുദ്രകൾ വഴിയായി വെളിപ്പെടുത്തണമെന്നു മാത്രമല്ല, സ്ഥായിരസം വിടാതെ സന്ദർഭോചിതമായ ഭാവരസം സ്ഫുരിപ്പിക്കുകയും വേണം. മൂന്നാമത്തെ ദൃശ്യകലാവിഭാഗമായ നൃത്ത

മാകട്ടേ, താളലയപ്രധാനമായ അഭിനയം മാത്രമാണ്. മയൂര നൃത്തം, വ്യാധനൃത്തം മുതലായവയാണ് ഉദാഹരണം. നാം സാധാരണ 'ഡാൻസ്' എന്നു പറയുന്ന അഭിനയസമ്പ്രദായമെല്ലാം നൃത്തവർഗ്ഗത്തിൽ പെട്ടതത്രെ.

നാട്യവർഗ്ഗത്തിൽ നാടകമെന്നപോലെ നൃത്തവർഗ്ഗത്തിൽ ഏററവും മുന്നിട്ടുനില്ക്കുന്നതു് കഥകളിയാകുന്നു. കേരളീയക്ക് എന്തുകൊണ്ടും അഭിമാനിക്കാവുന്ന ഒരു പ്രാചീന കലാസമ്പത്താണ് അതെന്നുള്ളതിന്നു സംശയമില്ല. വളരെക്കാലത്തെ നിരന്തരമായ പരിഷ്കരണത്തിൻെറ ഫലമായിട്ടാണ് കഥകളി സമ്പ്രദായം ഇന്നത്തെ നിലയിലെത്തിയിട്ടുള്ളതു്. ഒന്നു മറെറാന്നിൻെറ രൂപാന്തരമാണെന്നു തീർത്തുപറയുവാൻ നിവൃത്തിയില്ലെങ്കിലും ചാക്യാർകൂത്തു്, കൂടിയാട്ടം, കൃഷ്ണനാട്ടം, രാമനാട്ടം എന്നിങ്ങനെ പല പടികളിൽക്കൂടി അതു സഞ്ചരിച്ചിട്ടുണ്ടെന്നു കാണുന്നതിന്നു പ്രയാസമില്ല. കൂത്തിലെ നവരസപ്രദർശകങ്ങളായ ഭാവപ്രകടനങ്ങളും, പദങ്ങളുടെ അർത്ഥത്തെ വ്യഞ്ജിപ്പിക്കുന്ന അഭിനയങ്ങളും കഥകളി സ്വീകരിച്ചിട്ടുണ്ടു്; മുഖത്തു രസങ്ങളെ യഥോചിതം സ്ഫുരിപ്പിക്കുക, കച്ചകെട്ടും തിരുമ്മും കൊണ്ടു മെയ്‌വഴക്കം വരുത്തുക, കണ്ണു് പുരികം മുതലായ അംഗങ്ങളെ ആവശ്യാനുസരണം ചലിപ്പിക്കുക മുതലായ വിഷയങ്ങളിൽ കഥകളിയുടെ ഗുരുസ്ഥാനം വഹിക്കുന്നതു് കൂടിയാട്ടമാകുന്നു; കഥ ശ്ലോകത്തിൽ ചുരുക്കി പ്രതിപാദിക്കയും സംഭാഷണരൂപത്തിലുള്ള പദങ്ങളെ അഭിനയിക്കയും ചെയ്യുക എന്ന സമ്പ്രദായം കൃഷ്ണനാട്ടത്തിൽ നിന്നാണ് കഥകളിക്കാർ അംഗീകരിച്ചതു്. കൂത്തിലും കൂടിയാട്ടത്തിലും മുഖംകാണിക്കമാത്രം ചെയ്തിരുന്ന ശൃംഗാരം, അപരിഹാര്യമായ ഒരംഗമെന്ന നിലയിൽ കഥകളിക്കാർ സ്വീകരിച്ചതും കൃഷ്ണനാട്ടത്തെ അനുകരിച്ചു തന്നെയാണ്. കഥകളിയിലെ ഭാഗവതർമാർ ഒരു ഈശ്വരസ്തുതിയുടെ നിലയിൽ ഉപയോഗിക്കുന്ന 'മഞ്ജുതര' കൃഷ്ണനാട്ടത്തിൻെറ കൂട്ടുകാരനായ ഗീതഗോവിന്ദത്തിൽ നിന്നു് സ്വീകരി

ച്ചതാണെന്നുള്ള വസ്തുതയും ആ രണ്ടു ദൃശ്യകലാവിഭാഗങ്ങൾക്കു ള്ള പരസ്പരബന്ധത്തെ പ്രഖ്യാപനം ചെയ്യുന്നുണ്ടു്.

## രാമനാട്ടം

കേരളീയർ ഐതിഹ്യപ്രിയന്മാരാണല്ലോ. കഥകളിയു ടെ ഉത്ഭവത്തെസ്സംബന്ധിച്ചും ചില ഐതിഹ്യങ്ങൾ പ്രചാര ത്തിൽ വന്നിട്ടുണ്ടു്. കോഴിക്കോട്ടു സാമൂതിരി കൃഷ്ണനാട്ടം തെ ക്കോട്ടേക്കയച്ചു കൊടുക്കാത്ത വൈരാഗ്യംനിമിത്തം കൊട്ടാര ക്കരത്തമ്പുരാൻ രാമനാട്ടമുണ്ടാക്കി എന്നുള്ളതാണ് ഒരു ഐതി ഹ്യം. നേരേമറിച്ചു്, കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടമയച്ചു കൊടുക്കാതിരുന്നതാണ് അഷ്ടപദീരൂപമായ കൃഷ്ണനാട്ടത്തിന്റെ ആവിർഭാവത്തിനു കാരണമായിത്തീർന്നതെന്നു്, കൊട്ടാരക്കര മുത ലായതെക്കൻ ദിക്കുകളിൽ ഒരൈതിഹ്യം പ്രചാരത്തിലുള്ളതാ യി 'വേദബന്ധു' എന്ന ഒരാൾതന്നെ അറിയിച്ചിരിക്കുന്നുവെ ന്നു് 'ആട്ടക്കഥ അഥവാ കഥകളി' എന്ന പുസ്തകത്തിൽ ശിരോ മണി പി. കൃഷ്ണൻ നായർ പ്രസ്താവിച്ചിരിക്കുന്നു. * ഈ വക ഐതിഹ്യങ്ങൾക്കു് വേണ്ടതിലധികം വില കല്പിക്കുന്നതു് സൂ ക്ഷിച്ചു വേണ്ടിയിരിക്കുന്നു.

കൊട്ടാരക്കരത്തമ്പുരാൻ ആദ്യമായി നിർമ്മിച്ച രാമനാട്ട ത്തിന്റെ പരിഷ്കൃതരൂപമാണ് ഇന്നത്തെ കഥകളി എന്ന ശ്രദ്ധ മൂലമായ അഭിപ്രായത്തെ ഒന്നിളക്കി പ്രതിഷ്ഠിക്കാനുള്ള ഒരു ശ്രമം ഈയിടെ ചിലർ തുടങ്ങീട്ടുണ്ടു്. ശ്രീമാൻ ഡി. പത്മ നാഭനുണ്ണി എം. എ. പ്രസാധനം ചെയ്തിട്ടുള്ള കാലകേയ വധം ആട്ടക്കഥയുടെ അവതാരികയിൽ ഇങ്ങനെ പറഞ്ഞുകാ ണുന്നു:—

"കഥകളിയുടെ ഉപജ്ഞാതാവു് കോട്ടയംരാജാവു തന്നെ ആയിരിക്കാനാണ് ഇടയുള്ളതു്. നമ്മുടെ സാഹിത്യത്തിൽ പല പ്രസ്ഥാനങ്ങളിലും കാണുന്ന ഏററവും വലിയ കവി തൽപ്ര

* 'ആട്ടക്കഥ' പേജ് 105, 106

സ്ഥാനത്തിൻെറ ഉപജ്ഞാതാവുതന്നെയാണ്. ചെറുശ്ശേരിയെപ്പോലെ ഒരു ഗാഥാകർത്താവും, തുഞ്ചത്തെഴുത്തച്ഛനെപ്പോലെ ഒരു കിളിപ്പാട്ടുകാരനും, കുഞ്ചൻനമ്പ്യാരെപ്പോലെ ഒരു തുള്ളൽപ്പാട്ടുകാരനും, അവരുടെ കാലത്തിനുശേഷം ഉണ്ടായിട്ടില്ല. അതുപോലെ കഥകളിഗ്രന്ഥങ്ങളിൽ ശ്രേഷ്ഠങ്ങളായവ കോട്ടയത്തുതമ്പുരാൻെറ കൃതികളാകയാൽ (?) അദ്ദേഹം തന്നെയാണ് ഈ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവെന്ന് വരാവുന്നതാണ്...............ഇതിനെല്ലാം പുറമെ, കഥകളിഗ്രന്ഥങ്ങൾക്കു വഴികാണിച്ച ഗീതഗോവിന്ദത്തെ അനുസ്മരിച്ച് മേളപ്പദം 'മഞ്ജുതരകുഞ്ജതല കേളിസദനേ' എന്നതായിരിക്കണമെന്ന് നിർബ്ബന്ധമുള്ളതുപോലെ, ഏതു കഥ ആടുമ്പോഴും ആദ്യമായി ചൊല്ലുന്നതു് കോട്ടയത്തുതമ്പുരാൻെറ 'ഹരിഹര വിധിനുത' എന്ന ഗാനമാണെന്നുള്ളസംഗതിയും ഈ ഊഹത്തിനു് ഉപോൽബലകമായിരിക്കുന്നു."

ഇത്രയുംകൊണ്ടു തൃപ്തിപ്പെടാതെ, "അതുകൊണ്ടു്, കൊട്ടാരക്കരരാജാവിൻെറ രാമനാട്ടം, കോട്ടയം കൃതികളുടെ അനുകരണമാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു" എന്നും, അല്ലാതെ "രാമനാട്ടം കാലക്രമേണ സംസ്കരിച്ചും പരിഷ്കരിച്ചും മൂർദ്ധന്യദശയിലെത്തിട്ടുള്ള ഒരു കലാപ്രകടനമല്ല കഥകളി" എന്നും കൂടി മി: ഉണ്ണി പറയുന്നുണ്ടു്.

ഈ വാദഗതി സ്വീകരിക്കുന്ന പക്ഷം നളചരിതകർത്താവായ ഉണ്ണായിവാരിയരാണ് കഥകളിപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവു് എന്നു സമ്മതിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ നളചരിതമാണല്ലോ ആട്ടക്കഥാപ്രസ്ഥാനത്തിൽ ഏററവും മുന്തിനില്ക്കുന്ന കൃതി. ചെറുകഥാപ്രസ്ഥാനം, നോവൽപ്രസ്ഥാനം, ഖണ്ഡകവിതാപ്രസ്ഥാനം മുതലായ ഭാഷാസാഹിത്യത്തിലെ പല പ്രസ്ഥാനങ്ങളും ഈ വാദഗതിക്കു് തീരെ പ്രതികൂലമായ ഉദാഹരണങ്ങളായിട്ടാണ് നിലകൊള്ളുന്നതെന്നുള്ളതും വിസ്മരിക്കത്തക്കതല്ല. അതിനാൽ, വെറും ഒരഭ്യൂഹം എന്നതിൽ കവി

ഞ്ഞ ഒരു നിലപാട്ട് ഈ അഭിപ്രായത്തിനുണ്ടോ എന്നുള്ളതു് നല്ലപോലെചിന്തിച്ചു തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിമ്മിച്ച കാലത്തു് അഭിനയസമ്പ്രദായം ഇന്നത്തെപ്പോലെ പരിഷ്കൃതമായിരുന്നില്ല. പാളകൊണ്ടുണ്ടാക്കിയ മുഖങ്ങൾ വെച്ചുകെട്ടുകയായിരുന്നുവത്രെ അന്നത്തെ പതിവു്. കുപ്പായം, കിരീടം മുതലായവയുടെ രീതിയും ഇന്നത്തേതായിരുന്നില്ല. കൈമുദ്ര കാണിക്കുന്ന സമ്പ്രദായത്തിലും ഉണ്ടായിരുന്നു ചില വ്യത്യാസങ്ങൾ.

ഈ വക പഴയ സമ്പ്രദായങ്ങളിൽ ചില മാററങ്ങളെല്ലാം വരുത്തി രാമനാട്ടത്തെ ഇന്നത്തെ കഥകളിയോടടുപ്പിച്ചതു് വെട്ടത്തുരാജാവാണു്. അദ്ദേഹത്തെത്തുടന്നു്, കപ്ലിങ്ങാട്ടു്, കല്ലടിക്കോട്ടു് എന്ന ഇല്ലപ്പേരോടുകൂടിയ രണ്ടു നമ്പൂതിരിമാരും കഥകളിയെ അല്പമൊന്നു പരിഷ്കരിച്ചു. പ്രധാനമായി വേഷം, കൈമുദ്രകൾ, പാട്ടു്, കലാശം എന്നിവയെ സംബന്ധിക്കുന്നവയായിരുന്നു ഈ മൂന്നു കൂട്ടരുടേയും പരിഷ്കാരങ്ങൾ. അവരുടെ കാലത്തിനുശേഷം കഥകളിയിൽ പറയത്തക്ക പരിഷ്കാരമൊന്നും ആരും വരുത്തിയതായി കാണുന്നില്ല.

## സാമാന്യസ്വരൂപം

കേളികൊട്ടാണു് കഥകളിയുടെ ഒന്നാമത്തെ ചടങ്ങു്. നാടകക്കാരും സിനിമക്കാരും നോട്ടീസുകൊണ്ടുദ്ദേശിക്കുന്ന കാൎയ്യമാണു് കേളികൊട്ടുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ചെണ്ട, മദ്ദളം, ഇലത്താളം, ചേങ്ങല എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഒരു പ്രത്യേകതരം കൊട്ടാണു് 'കേളികൊട്ടു്.' അതു കേട്ടാൽ നിശ്ചയിക്കാം, അന്നു് എവിടേയോ ഒരു കഥകളിയുണ്ടെന്നു്. ഈ കേളികൊട്ടു് സന്ധ്യയോടുകൂടി കഴിയും. എട്ടൊൻപതുമണിക്കു് അരങ്ങത്തു വിളക്കുവെയ്ക്കുകയും ശുദ്ധമദ്ദളമാരംഭിക്കുകയും ചെയ്യും. ഇതിനു് "കേളിക്കയ്യ്" എന്നാണു് പേർ. മദ്ദളവും ഇലത്താളവും ചേങ്ങലയും മാത്ര

മേ ഇതിനുപയോഗിക്കാറുള്ളൂ; ചെണ്ട ഇല്ലെന്നർത്ഥം. കേളിക്കയ്യ് അവസാനിച്ച് കുറച്ചു കഴിയുമ്പോൾ മദ്ദളത്തിന്നു മുമ്പിലായി തിരശ്ശീല പിടിക്കും. പിന്നെ തോടയമായി. തലയിൽ ഒരുതരം കെട്ടുമായി കഥകളിയോഗത്തിലെ കുട്ടിത്തരക്കാർ ഈശ്വരപ്രാർത്ഥനാപരമായ പാട്ടിന്റെ താളത്തിനനുസരിച്ച് ചില ചോട്ടുകൾ വെച്ച് അമർന്നു കളിക്കുന്നതാണ് 'തോടയം.' നാടകത്തിലെ പൂർവ്വരംഗത്തിന്റെ സ്ഥാനത്താണ് കഥകളിയിലെ ഈ ഭാഗം. ഇതാണ് കഥകളിയുടെ ആരംഭം. അതു കഴിഞ്ഞാൽ പുറപ്പാടിനുള്ള വട്ടമായി. പുറപാടിനു മുൻപിലായിത്തന്നെ പാട്ടുകാർ വന്ദനശ്ലോകങ്ങൾ ചൊല്ലിക്കഴിയും. ഇതു് നാന്ദിയുടെ പ്രതിരൂപമാണെന്നു വിചാരിക്കാം. പുറപ്പാടെന്നതു്, കഥയിലെ പ്രധാനമായ ഒരു പാത്രം ശംഖധ്വനി, ആലവട്ടം, മേലാപ്പ് എന്നീ ആഘോഷങ്ങളോടും മററു ചില കഥാപാത്രങ്ങളോടുംകൂടി ആദ്യമായി രംഗപ്രവേശം ചെയ്യുന്ന ചടങ്ങാണ്. ഭാഗവതർ പുറപ്പാട്ടുശ്ലോകം ചൊല്ലി അവസാനിക്കുന്നതോടുകൂടി ചെണ്ട, മദ്ദളം, ചേങ്ങല, ഇലത്താളം ഇവ ചേർന്നുള്ള മേളം ആരംഭിക്കുന്നു. ഈ സന്ദർഭത്തിലാണ് ചെണ്ട ആദ്യമായി ഉപയോഗിച്ചു തുടങ്ങുന്നതു്.

## മഞ്ജുതര

പുറപ്പാടുകഴിഞ്ഞാൽ മേളപ്പദമായി. "മഞ്ജുതരകുഞ്ജതല" എന്നു തുടങ്ങുന്ന ഗീതഗോവിന്ദത്തിലെ പദം ഈ അവസരത്തിലാണ് പാടുക പതിവു്. ഇതു പാടുമ്പോൾ തിരശ്ശീല പിടിച്ചിരിക്കയില്ല; പാത്രങ്ങളുടെ പ്രവേശവും ഇല്ല. മേളക്കാർ തങ്ങളുടെ സാമർത്ഥ്യം പ്രകടിപ്പിക്കുന്നതിനു് ഈ അവസരം ഉപയോഗിക്കുന്നതുകൊണ്ടായിരിക്കണം ഇതിനു് മേളപ്പദം എന്ന പേരു കിട്ടിയതു്. പാട്ടിന്റെ ആരംഭത്തെ ആസ്പദമാക്കി ഇതിനു് 'മഞ്ജുതര' എന്നും പറയാറുണ്ടു്. കഥയുമായി ഒരു ബന്ധവുമില്ലാത്ത ഈ 'മഞ്ജുതര' കഥകളിച്ചട

ങ്ങളുകളിൽ അപരിഹാര്യമായിത്തീർന്നതെങ്ങിനെയാണെന്നുള്ളതി നെപ്പററി മഹാകവി കേ. സി. കേശവപിള്ള പുറപ്പെടുവിച്ചി ട്ടുള്ള ഒരഭിപ്രായം താഴെ ഉദ്ധരിക്കാം

"കഥകളിപ്പാട്ട് ആദ്യമായി ഉണ്ടാക്കിയതു് കൊട്ടാരക്കര ത്തമ്പുരാനാണെന്നും, അദ്ദേഹം അതിലേക്കായി തിരഞ്ഞെടു ത്തതു രാമായണം കഥയാണെന്നും ഉള്ളതു പ്രസിദ്ധമാണല്ലോ. അദ്ദേഹത്തെ പിന്തുടൎന്ന കോട്ടയത്തുതമ്പുരാൻ മുതലായവരും തങ്ങളുടെ ആട്ടക്കഥകൾക്കു പൗരാണികകഥകൾതന്നെയാണു് സ്വീകരിച്ചതു്. അക്കാലത്തു കഥകളിയുടെ സ്ഥാപകന്മാൎക്കു് അതിലെ അഭിനയത്തെക്കുറിച്ചുള്ള ആലോചനയിൽ ഒരു സം ശയം ജനിച്ചു. ശ്രീരാമൻ, ശ്രീകൃഷ്ണൻ മുതലായവർ അവതാര പുരുഷന്മാരാണല്ലോ. 'കേവലം മനുഷ്യരായ നാം അവരുടെ വേഷം ധരിച്ചു് അവരുടെ പ്രവൃത്തികളെ അനുകരിക്കുന്നതു് അവരെ ഒരുവിധം പരിഹസിക്കയല്ലേ?" ഇതായിരുന്നു അവരു ടെ സംശയം. ഈ ദോഷത്തെ പരിഹരിക്കുന്നതിനു ഗീത ഗോവിന്ദത്തിലെ ഒരു പാട്ടു് പുറപ്പാടിനു ശേഷം കഥാരംഭ ത്തിനു മുൻപായി പാടിയാൽ മതി എന്നു് അവർ ഒടുവിൽ തീരു മാനിച്ചു. ഗീതഗോവിന്ദത്തിലെ ഒരു ഗാനത്തിൽ കാണുന്ന തും കവി എഴുതാൻ മടിച്ചതുമായ 'മമ ശിരസി മണ്ഡനം ദേഹി പദപല്ലവമുദാരം' എന്ന വരി ശ്രീകൃഷ്ണൻ തന്നെ പ്രത്യക്ഷപ്പെട്ടു ഗ്രന്ഥത്തിൽ എഴുതിച്ചേൎത്തതാണെന്നുള്ള ഐതിഹ്യം ആ കൃതി ക്കു് അസാധാരണമായ മഹത്വം സമ്പാദിച്ചുകൊടുത്തിട്ടുള്ളതി നാലാണു്, അതിലെ പാട്ടു ദോഷപരിഹാരത്തിനുവേണ്ടി സ്വീകരിച്ചാൽ മതിയെന്നു് അവർ തീരുമാനിച്ചതു്. ഇതാണു് കഥകളിയിലെ 'മഞ്ജുതര'യുടെ ആഗമം."

മേളപ്പദം കഴിഞ്ഞാൽ കഥ ആരംഭിക്കുകയായി. മിക്ക കഥകളിലും നായികാനായകന്മാർ രംഗപ്രവേശം ചെയ്തു കാമോ ദ്ദീപകമായ വസന്തൎത്തുവിനെ ലാക്കാക്കി 'ശൃംഗാരപദം' ആടു കയാണു് ആദ്യത്തെ ചടങ്ങു്. അവിടംതൊട്ടു കഥ അഭിനയി ച്ചുതുടങ്ങും. ഇതാണു് കഥകളിയുടെ സാമാന്യസ്വരൂപം.

## പരിഷ്കാരവിചാരം

കാലസ്ഥിതി അനുസരിച്ച് കഥകളി പരിഷ്കരിക്കേണ്ടതു് അത്യാവശ്യമാണെന്നു പലരും പറഞ്ഞുകേൾക്കാറുണ്ടു്. എന്നാൽ അതിൻെറ ഏതെങ്കിലും ചടങ്ങുകളിൽ കൈവെക്കാനുള്ള ധൈര്യം ആക്കും ഉണ്ടായിക്കാണുന്നില്ല. 1. പഴയ നിലവിളക്കിനു പകരം ഗ്യാസ്ലൈററുപയോഗിക്കു; 2. തിരശ്ശീല മാററി കർട്ടൻ ഏർപ്പെടുത്തുക; 3. നാടകത്തിലെപ്പോലെ പൊക്കത്തിൽ അഭിനയവേദി തയ്യാറാക്കുക; 4. സ്ത്രീപ്പാർട്ടുകാർ സാരി ഉപയോഗിക്കുക; 5. സന്ദർഭോചിതമായ "സീൻസ്" പ്രദർശിപ്പിക്കുക; 6. കേളികൊട്ടിനുപകരം നോട്ടീസ്സു പ്രചരിപ്പിക്കുക; 7. അശ്ലീലമായ ശൃംഗാരാഭിനയം തീരെ മാററുക; 8. വേഷഭൂഷാദികൾ പരിഷ്കരിക്കുക; 9. രാത്രി മുഴുവൻ കഥയാടുന്ന സമ്പ്രദായം മാററുക; 10. ശ്രുതിക്കു ഹാർമ്മോണിയം ഉപയോഗിക്കു—മുതലായവയാണു് ചിലർ ചൂണ്ടിക്കാണിക്കുന്ന പരിഷ്കാരങ്ങൾ. പ്രഥമദൃഷ്ടിയിൽ ഇതെല്ലാം സ്വീകാര്യമാണെന്നു തോന്നാമെങ്കിലും, മൂന്നുമുതൽ അഞ്ചുവരെയുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുന്നപക്ഷം, കഥകളിയുടെ സ്വത്വം തന്നെ നശിച്ചുപോയി എന്നുവരും. നടന്മാർ മുഖത്തു സ്ഫുരിപ്പിക്കുന്ന ഭാവങ്ങളുംമററും ശരിക്കു കാണണമെങ്കിൽ നിലവിളക്കുതന്നെ വേണം. തിരനോട്ടം മുതലായ ചടങ്ങുകൾക്കു തിരശ്ശീലയായാലേ പററൂ. നടന്മാരുടെ ഇന്നത്തെ വസ്ത്രധാരണരീതി നിലനില്ക്കുന്നിടത്തോളംകാലം, അഭിനയവേദി ഉയർത്തിക്കെട്ടുന്നതു വളരെ സൂക്ഷിച്ചുവേണം. സാരി ധരിച്ചാൽ സ്ത്രീപ്പാർട്ടുകാർക്കു് ആടാൻ സാധിക്കുമോ എന്നു സംശയമാണു്. സീൻസും കഥകളി സമ്പ്രദായത്തെ വികൃതമാക്കിയേക്കും; എങ്കിലും നരസിംഹാവതാരം മുതലായ സന്ദർഭങ്ങളിൽ ആ സമ്പ്രദായം ഏർപ്പെടുത്തുന്നതുകൊണ്ടു തരക്കേടുണ്ടെന്നു തോന്നുന്നില്ല. 6 മുതൽ 10 വരെയുള്ള നിർദ്ദേശങ്ങൾ സ്വീകാര്യങ്ങളാണു്. കലാമണ്ഡലക്കാരും മററും അവയിൽ മിക്കതും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു.

മങ്ങിമയങ്ങി നിര്ജ്ജീവമായിക്കിടന്നിരുന്ന അഭിനയസമ്പ്രദായത്തെ പരിഷ്കരിക്കയും, സാമര്ത്ഥ്യമുള്ള നടന്മാരെ സൃഷ്ടിക്കയും ചെയ്യുന്ന വിഷയത്തിലാണ് കലാമണ്ഡലം കൂടുതല് ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതെന്നു തോന്നുന്നു. കഥകളിയിലെ അഭിനയസമ്പ്രദായം പകര്ത്തി ഭാരതീയനൃത്തകല ലോകമെങ്ങും പ്രദര്ശിപ്പിച്ചുവരുന്ന നടന്മാര് ഇന്നു കേരളത്തില് അനേകമുണ്ട്. കലാമണ്ഡലമാണ് ഇവരുടെ ജന്മഗൃഹം. വേറൊരു കാര്യത്തിലും കലാമണ്ഡലം, അഭിനന്ദനീയമായ ഒരു പാരമ്പര്യം സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. ആട്ടക്കഥകളിലെ ആകര്ഷകങ്ങളായ ഏതെങ്കിലും ചില രംഗങ്ങള് തിരഞ്ഞെടുത്തു് രണ്ടോ മൂന്നോ മണിക്കൂറുകൊണ്ടു് അഭിനയിച്ചുതീര്ക്കുക എന്ന സമ്പ്രദായമാണ് അതു്. നേരം വെളുക്കുന്നതുവരെ ഉറക്കമിളച്ചിരുന്നു് ആട്ടം കാണുക എന്നതു് ഇന്നത്തെ കാലസ്ഥിതിക്കു പല കാരണങ്ങളാലും അസാദ്ധ്യമായിത്തീര്ന്നിട്ടുണ്ടു്. അതുകൊണ്ടു്, കഥകളി ഇഷ്ടപ്പെടുന്ന കൂട്ടര്പോലും അതു കാണാന് പോകാറില്ലായിരുന്നു. കലാമണ്ഡലത്തിന്റെ ഈ പരിഷ്കാരംമൂലം, ഒരു സിനിമയോ നാടകമോ കാണുന്നതിനു വേണ്ട സമയം മാത്രമേ കഥകളി കാണാനും വേണ്ടതുള്ളു എന്നു വന്നതിനു ശേഷം, ആ ദൃശ്യകല പലരേയും പൂര്വ്വാധികം ആകര്ഷിച്ചുതുടങ്ങീട്ടുണ്ടു്.

# കിർമ്മീരവധം

## ഗ്രന്ഥകർത്താവു്

വടക്കൻ കോട്ടയം രാജവംശത്തിൽ കൊല്ലം ഒൻപതാം ശതകത്തിൽ രണ്ടു കവിശ്രേഷ്ഠന്മാർ ജീവിച്ചിരുന്നു. വാല്മീകി രാമായണം കിളിപ്പാട്ടിന്റെ കർത്താവായ കേരളവർമ്മ തമ്പുരാനാണു് അവരിലൊരാൾ. (ആ കൃതിക്കു 'കേരളവർമ്മരാമായണം' എന്ന ഒരപരനാമധേയമുള്ളതു പ്രസിദ്ധമാണല്ലോ.) കഥകളിപ്രസ്ഥാനത്തിന്റെ ജീവാതുവായ വിദ്വാൻ തമ്പുരാനാണു് മറെറ ആൾ. ഇദ്ദേഹത്തിന്റെ കാലത്തേയോ നാമധേയത്തേയോപററി നേരിട്ടു് ഒരറിവും നമുക്കു കിട്ടീട്ടില്ല. കഥകളിക്കാരുടെ ആവശ്യത്തിനായി ഇദ്ദേഹം നിർമ്മിച്ചിട്ടുള്ള 'തോടയ'ത്തിൽനിന്നും കിർമ്മീരവധത്തിൽ കാണുന്ന വന്ദനശ്ലോകങ്ങളിൽനിന്നും 'കവിചരിതവർണ്ണന'ത്തിൽനിന്നും ചിലതൊക്കെ മനസ്സിലാകുന്നുണ്ടു്. തോടയത്തിൽ ഗണപതിയേയും ശ്രീകൃഷ്ണനേയും സ്തുതിച്ചതിനുശേഷം ഭദ്രകാളിയേയും ശിവനേയും മൂകാംബികയേയും വന്ദിക്കുന്നു. വന്ദനശ്ലോകങ്ങളിലാകട്ടേ, മുഴക്കുന്നു മലയിലെ (മൃദംഗശൈലം) പോർക്കലിഭദ്രകാളി, മാവേലിപ്പുഴയുടെ തീരത്തിലുള്ള (വാഞ്ഛ്മയീതീരം) കൊട്ടിയൂർ തൃച്ചേരമനെന്ന ക്ഷേത്രത്തിലെ ശിവൻ, പ്രഥമഗുരുനാഥനായ ഗോവിന്ദാചാര്യർ, വ്യാസപാണിനിഗർഗ്ഗംഭി മഹർഷിമാർ എന്നിവരേയാണു് സ്മരിക്കുന്നതു്. 'മുഴക്കുന്നു്, അഥവാ മിഴാങ്കുന്നു്' പുരളിമലയുടെ ഒരു ഭാഗമാണു്. അവിടെയാണു് പോർക്കലി ഭഗവതിയുടെ ക്ഷേത്രം സ്ഥിതിചെയ്യുന്നതു്. കോട്ടയത്തു രാജാക്കന്മാരുടെ കുലദേവത ശ്രീ പോർക്കലിഭഗവതിയാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. 'കൊല്ലൂരദ്രിനിവാസിനി'യായ മൂകാംബികാദേവിയും അവരുടെ ഇഷ്ടദേവതയായിരുന്നു. വ്യാസപാണിനിഗർഗ്ഗാദികളെ സ്മരിച്ചതിൽനിന്നു് കവിക്കു വ്യാകരണം,

ജ്യൗതിഷം, തക്കം മുതലായ ശാസ്ത്രങ്ങളിൽ നൈപുണ്യമുണ്ടായിരുന്നതായി അനുമാനിക്കാം.

'കവിചരിതവർണ്ണന'ത്തിൽനിന്നു നമുക്കു ചില കൂടുതൽ അറിവുകൾ കിട്ടുന്നുണ്ട്. പ്രസിദ്ധ മീമാംസകനായ ഹരിശ്ചന്ദ്രപ്പെരുമാൾ കോട്ടയത്തു രാജാക്കന്മാരുടെ ഒരു പൂർവ്വപുരുഷനായിരുന്നു. പുറളിയാണ് ആ രാജാക്കന്മാരുടെ രാജധാനി. ആ വംശത്തിൽ പരാക്രമശാലിയും ദാനശീലനുമായ ഒരു കേരളവർമ്മ രാജാവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ 'അനന്തരജ'നാണ് കഥകളിയുണ്ടാക്കിയതു്. ഇത്രയും വിവരങ്ങളാണ് നമുക്കതിൽനിന്നു കിട്ടുന്നതു്.

ആരാണ് ഈ കേരളവർമ്മരാജാവു്? ബ്രിട്ടീഷുകാരോട് വളരെക്കാലം എതിർത്തുനിന്ന പഴശ്ശിരാജാവാണ് അതെന്നു ചിലർ പറയുന്നു. ഇതു ചരിത്രവസ്തുതകളുമായി യോജിക്കുന്നില്ല. "രാമപാണിവാദൻേറതെന്നു സ്പഷ്ടവും, ആ മഹാകവി ചെമ്പകശ്ശേരി രാജാവിൻെറ ആശ്രിതനായി അമ്പലപ്പുഴ താമസിക്കുന്ന കാലത്തു് 925-ാമാണ്ടിടയ്ക്കു രചിച്ചതും. ഗീതാരാമം എന്ന പേരിൽ അറിയപ്പെടുന്നതുമായ ഒരാട്ടക്കഥയിൽ, ഓരോ 'പദ' ത്തിനും മട്ടുകൾ കൊടുത്തിട്ടുള്ള കൂട്ടത്തിൽ ഒരു പദത്തിൻെറ ശീഷകമായി 'മാതലേ നിശമയ മാമകവചനം എന്ന നിറം' എന്നെഴുതിട്ടുള്ളതായി കാണുന്നു. 'മാതലേ നിശമയ' എന്നു തുടങ്ങുന്ന പദം കോട്ടയത്തു തമ്പുരാൻെറ കാലകേയവധത്തിലുള്ളതാണ്. ഗീതാരാമത്തിൻെറ നിർമ്മിതിക്കു മുൻപുതന്നെ കോട്ടയം കൃതികൾ അമ്പലപ്പുഴയിൽ പ്രചരിച്ചിരുന്നു എന്ന് ഇതിൽനിന്നു തെളിയുന്നുണ്ടല്ലോ." * പഴശ്ശി രാജാവു് ബ്രിട്ടീഷുകാരോട് എതിരിട്ടുനിന്ന കാലഘട്ടം 970 മുതൽ 981 വരെയുള്ള കൊല്ലങ്ങളാണ്. രണാങ്കണത്തിൽവെച്ചു തന്നെ അദ്ദേഹം ചരമം പ്രാപിക്കയുംചെയ്തു. ഇതു് നളചരിതകർത്താവായ ഉണ്ണായിവാരിയരുടെ കാലത്തിനുശേഷമാണ നടന്നതു്. കോട്ടയം

* ഉള്ളൂർ—കേരളസാഹിത്യചരിത്ര ഭാഗം III

കഥകളുടെ ആവിർഭാവം നളചരിതത്തിനു മുൻപാണെന്നുള്ളതു നിസ്സംശയമത്രെ. ഈവക കാരണങ്ങളാംവെച്ചു നോക്കിയാൽ ആട്ടക്കഥാകർത്താവ് അനുസ്മരിക്കുന്ന ജ്യേഷ്ഠൻ പഴശ്ശിരാജാവല്ലെന്നു വ്യക്തമാകും.

ഉമയമ്മറാണിയുടെ അപേക്ഷപ്രകാരം മുകിലനോടെതിക്കുന്നതിനായി തിരുവിതാങ്കൂറിലേക്കു വന്ന കേരളവമ്മ, രാമായണകർത്താവായ കേരളവമ്മയായിരിക്കാം എന്നൂഹിക്കാനും നിവൃത്തിയില്ല. കോട്ടയത്തു രാജ്യഭാരം ചെയ്തിരുന്ന ഒരു കേരളവമ്മയെയാണ് ആട്ടക്കഥാകർത്താവു് അനുസ്മരിക്കുന്നതു്. കിളിപ്പാട്ടുകാരനാകട്ടേ, ദത്തുവഴിക്കു തിരുവിതാംകൂർ ഇളയതമ്പുരാനായിത്തീരുകയും അവിടെവെച്ചു് 871-ൽ ശത്രുക്കളാൽ വധിക്കപ്പെടുകയും ചെയ്ത ആളാണല്ലോ. ഇനി അഥവാ, 'രാജ്യം ഭരിക്കുന്ന കേരളവമ്മയെയാണ് സ്മരിക്കുന്നതെന്നു പറഞ്ഞേതീരൂ എന്നില്ലല്ലോ' എന്ന വാദം, വാദത്തിനുവേണ്ടി സമ്മതിക്കാമെന്നുവെച്ചാൽ തന്നെയും, രാമായണം കിളിപ്പാട്ടു മുതലായകൃതികളുടെ കർത്താവായ ഒരാളെ സ്മരിക്കുമ്പോൾ, പരാക്രമശാലി, ദാനശീലൻ, എന്നും മററുമുള്ള വിശേഷണങ്ങളുടെ കൂട്ടത്തിൽ കവിതാസൂചകമായ എന്തെങ്കിലും ഒരു പദം കൂടി പ്രയോഗിക്കുമായിരുന്നില്ലേ? പ്രയോഗിക്കേണ്ടതായിരുന്നില്ലേ? അങ്ങനെയൊന്നും ചെയ്തുകാണാത്ത സ്ഥിതിക്കു് എന്താണൂഹിക്കേണ്ടതു്? "കഥകളിയുടെ കർത്താവായ കോട്ടയത്തു തമ്പുരാൻ തൻെറ **കാരണവരായി** പറയുന്ന കേരളവമ്മ രാജാവു് 'വഞ്ചിപുരളീശ്വര'നായ് (കേരളവമ്മ രാമായണത്തിലെ ഒരു പ്രയോഗമാണിതു്.) കേരളവമ്മയെക്കാളും പ്രാചീനനായ മറെറാരു കേരളവമ്മയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു' എന്നാണ് ആററൂരും പറയുന്നതു്. അക്കാലത്തു് അന്യശാഖയിൽപ്പെട്ട മറെറാരു കേരളവർമ്മത്തമ്പുരാൻ കോട്ടയത്തു വലിയ രാജാവായിരിക്കാമെന്നും, കഥകളിക്കാരൻ അദ്ദേഹത്തിൻെറ **അനുജ**നായിരുന്നിരിക്കാമെന്നും അനുമാനിക്കു

ന്നതു് അസമീചീനമാകുന്നതല്ല" എന്നും ഉള്ളൂർ അഭിപ്രായ പ്പെടുന്നു.*

പല പൂർവ്വപക്ഷങ്ങളും ഉന്നയിച്ചതിനുശേഷം, കൊല്ലം ഒൻപതാം ശതകത്തിൻെറ ഉത്തരാർദ്ധത്തിലാണു് ആട്ടക്കഥാ കർത്താവു ജീവിച്ചിരുന്നതെന്നും ആ സാഹിത്യചരിത്രകർത്താവു് അനുമാനിക്കുന്നു. ശിരോമണി പി. കൃഷ്ണൻനായർ നിർദ്ദേശി ച്ചിട്ടുള്ളതും ഇതേ കാലഘട്ടമാണു്.

ആട്ടക്കഥാകർത്താവിനെ സംബന്ധിച്ച മററു കാര്യങ്ങളെ ല്ലാം അജ്ഞാതമായിട്ടാണിരിക്കുന്നതു്. പേരുപോലും അറി യാൻ കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ, മററു സംഗതികളുടെ കഥ പറയാനില്ലല്ലൊ.

## രണ്ടു് ഐതിഹ്യങ്ങൾ

എന്നാൽ, അദ്ദേഹത്തിൻെറ ബാല്യചരിത്രത്തോടനുബ ന്ധിച്ചു് ഒന്നുരണ്ടൈതിഹ്യങ്ങൾ പ്രചാരത്തിലുണ്ടു്. അവയിൽ സത്യാംശം എത്രയുണ്ടെന്നറിഞ്ഞുകൂടാ. ഒരൈതിഹ്യം ഉള്ളൂർ രേഖപ്പെടുത്തീട്ടുള്ളതു് ഇങ്ങിനെയാണു്:— "തമ്പുരാൻ ബാല്യ ത്തിൽ അത്യന്തം മന്ദബുദ്ധിയായിരുന്നു. അങ്ങനെയിരിക്കേ, അന്നത്തെ കോഴിക്കോട്ടു സാമൂതിരിപ്പാടു തീപ്പെട്ടു. ആ ദുഃഖം അന്വേഷിക്കുന്നതിനു തൽക്കാലം വേറേ ആരും പോകാനില്ലാ തിരുന്നതിനാൽ, അമ്മതമ്പുരാട്ടി ആ ബാലനെ വിളിച്ചു കോ ഴിക്കോട്ടുവരെ പോയിവരണമെന്നും, പുതിയ സാമൂതിരിയോ ടു് 'മയാ കിം കർത്തവ്യം' എന്നു ചോദിക്കുകയും അതിനുത്തരം കേട്ടാൽ ഒന്നും മിണ്ടാതെ മടങ്ങിപ്പോരികയും വേണമെന്നുമുള്ള ഉപദേശത്തോടുകൂടി അങ്ങോട്ടു പറഞ്ഞയച്ചു. കുമാരൻ കോ

---

* 'തദനന്തരജേന നിർമ്മിതം' എന്നതിലെ 'അനന്തര ജ' ശബ്ദത്തിനു് 'അനന്തരവൻ' എന്ന അർത്ഥമാണു് ആററൂർ സ്വീകരിക്കുന്നതു്. അതിനെപ്പററിയുള്ള പരാമർശം, 'കവിച രിതവർണ്ണന'ശ്ലോകങ്ങളുടെ വ്യാഖ്യാനത്തിൽ കാണാം.

ഴിക്കോട്ടുചെന്നു 'മയ കിം കൎത്തവ്യം' എന്നു സാമൂതിരിയോ ട്ട് അബദ്ധമായി ചോദിക്കുകയും, 'ദീൎഘോച്ചാരണം കൎത്തവ്യം' എന്ന അദ്ദേഹത്തിൻെറ ഹാസ്യരസദ്യോതകമായ പ്രത്യുക്തി വാങ്ങിക്കൊണ്ടു തിരികെ പോരികയും ചെയ്തു. അതറിഞ്ഞ പ്പോഠം മാതാവ് വളരെ വ്യസനിക്കയും രാജധാനിക്കടുത്തുള്ള 'കുമാരധാര' എന്ന അരുവിയിൽ ആ ബാലനെ പിടിച്ചുകെ ട്ടി നേരത്തോടുനേരം ഇടുവാൻ അനുചരന്മാരോട്ട് ആജ്ഞാപി ക്കയും ചെയ്തു. അങ്ങിനെയിട്ടാൽ ആ ശിക്ഷയ്ക്കു വിധേയരാകു ന്നവർ സാധാരണമായി മരിക്കുമെന്നും, ദേവിയുടെ അനുഗ്ര ഹംകൊണ്ടു വല്ല വിധത്തിലും അതിനുമേലും പ്രാണധാരണം ചെയ്യുന്നുവെങ്കിൽ പണ്ഡിതന്മാരായിത്തീരുമെന്നുമായിരുന്നു അ ക്കാലത്തെ വിശ്വാസം. ബാലൻ ആ പരീക്ഷയിൽ ജയിച്ചു. മൃത്യുവക്ത്ര്റത്തിൽനിന്നു വിമുക്തനായി സരസ്വതിയുടെ അ നുഗ്രഹം സമഗ്രമായി സമ്പാദിച്ചു. 'കുമാരധാര' മുഴക്കുന്നി ലെ ഒരു അരുവിയായിരുന്നു. അതു് ഇപ്പോഴില്ല. പിന്നീടാ ണ് പരദേശത്തുനിന്നു ഗോവിന്ദശാസ്ത്രികളെ വരുത്തി അമ്മ അദ്ദേഹത്തെ സംസ്കൃതം അഭ്യസിപ്പിച്ചതു്. വേറെയും ഗുരു ക്കന്മാരാൽ യഥാവിധി ശിക്ഷിതനായി. മൂകാംബിയിൽപോ യി ദേവിയെ ഭജിച്ച് ഏതാനും വൎഷങ്ങഠക്കുള്ളിൽ തമ്പുരാൻ ഒരു പ്രകൃഷ്ടപണ്ഡിതനും പ്രശസ്തകവിയുമായിത്തീൎന്നു."

ആറന്മർ കേട്ടു പകൎത്തിട്ടുള്ള ഐതിഹ്യം ഇതിൽനിന്നു് വളരെ ഭിന്നമാണ്. അതിൻെറ സംഗ്രഹവും ഇവിടെ പക ൎത്താം:— "കഥകളിഗ്രന്ഥകൎത്താവായ തമ്പുരാൻെറ മാതാവായ രാജ്ഞി മഹാവിദുഷിയും വിദ്വജ്ജനബഹുമതയുമായിരുന്നു. എന്നാൽ പുത്രനായ തമ്പുരാൻ ജനനം മുതൽക്കുതന്നെ മൂകനും മഹാമൂഢനുമായിട്ടാണ് വളൎന്നുവന്നതു്. ഉചിതപ്രായമായ പ്പോഠം കായികാഭ്യാസവും ആയുധവിദ്യയും കുതിരസ്സവാരിയും അദ്ദേഹത്തെ പഠിപ്പിക്കാൻ അന്നത്തെ വലിയതമ്പുരാനും അ മ്മരാജ്ഞിയും ശ്രമിച്ചുവന്നു. രാജകുമാരനു് ഏകദേശം പതി

നെട്ട വയസ്സോളം പ്രായമായ കാലത്തു് ഒരു ദിവസം രാവിലെ കുതിരസ്സവാരി കഴിഞ്ഞു് മടങ്ങിവരുന്ന തമ്പുരാൻ കുലപരദേവതയായ ശ്രീ പോൎക്കലിഭഗവതിയുടെ നടയിലെത്തി. ആ സമയത്തു് കോവിലകത്തിനടുത്തുള്ള ഒരു മാന്യകുടുംബത്തിലെ ഒരു യുവതി കുളിച്ചുതൊഴുതു മടങ്ങുകയായിരുന്നു. കയ്യിൽ വാളുമായി കുതിരയെ ഓടിച്ചുവന്ന തമ്പുരാൻ ആ യുവതിയുടെ നെററിമേൽ വാൾത്തലകൊണ്ടു് ഒന്നു കോറിക്കൊണ്ടാണു് കുതിരയെ ഓടിച്ചുകൊണ്ടുപോയതു്. രാജകുമാരൻെറ ഈ സാഹസം യുവതിയേയും അവളുടെ വീട്ടുകാരേയും വല്ലാതെ ക്ഷോഭിപ്പിച്ചു. അവർ കോലോത്തുചെന്നു സങ്കടമുണൎത്തി. ഉൗമത്തമ്പുരാൻ രാത്രിയിൽ കിടന്നുറങ്ങുന്ന സമയം ഭൃത്യന്മാരെക്കൊണ്ടു തമ്പുരാൻെറ കൈയും കാലും കെട്ടിയെടുപ്പിച്ചു് 'കുമാരധാര'യിൽ കൊണ്ടുപോയി ഇട്ടുവിക്കുവാൻ വ്യസനംകൊണ്ടു മതിമറന്ന തമ്പുരാട്ടി തീൎച്ചപ്പെടുത്തി.* ഭൃത്യന്മാർ കല്പന അനുസരിക്കയും ചെയ്തു. രാജ്ഞി പ്രത്യേകം ഏൎപ്പാടു ചെയ്തിരുന്നതനുസരിച്ചു് ഭൃത്യന്മാർ നേരം പുലരുന്നതുവരെ അവിടെ കാത്തുനിന്നിരുന്നു. നേരം പുലൎന്നപ്പോൾ രാജകുമാരൻ സംഗീതസമ്മിശ്രമായി എന്തോ ചില സ്തോത്രങ്ങൾ ഉറക്കെച്ചൊല്ലുന്നതു് അവർ കേട്ടു. ഉടനെ ഭൃത്യന്മാർ കൊച്ചുതമ്പുരാൻെറ കെട്ടുകളഴിച്ചു. രാജകുമാരനാകട്ടേ, ഭൃത്യവൎഗ്ഗത്തിൻെറ തടസ്സത്തെ വകവെക്കാതെ, തൃച്ചിരക്കുന്നു എന്നു പറയാറുള്ളതും കൊട്ടിയൂർ

---

* മിഴാക്കുന്നിൻെറ ഒരു പള്ളയിൽനിന്നു് ഒഴുകിയിരുന്ന വെള്ളച്ചാട്ടമാണു് കുമാരധാരയെന്നും, ആ വെള്ളച്ചാട്ടത്തിൽ രണ്ടുയാമം ഒരാളെക്കൊണ്ടു കിടത്തിയാൽ ഒന്നുകിൽ ഏതു രോഗവും മാറി സുഖപ്പെടുകയോ അല്ലെങ്കിൽ ആൾ മരിച്ചുപോവുകയോ ചെയ്യുമെന്നും അക്കാലത്തു പരമ്പരാഗതമായ ഒരു വിശ്വാസം നിലനിന്നിരുന്നുവെന്നും, ആ വെള്ളച്ചാട്ടം രാജകുമാരനെസംബന്ധിച്ചുണ്ടായ സംഭവത്തിനുശേഷം അധികം കഴിയുന്നതിനുമുൻപു തന്നത്താൻ നിന്നുപോവുകയാണുണ്ടായതെന്നും ആറാമൂർ പ്രത്യേകം എടുത്തുപറയുന്നുണ്ടു്.

പെരുമാളുടെ ശ്രീമൂലസ്ഥാനവുമായ മലയിലേക്കു നടന്നുപോവുകയാണുണ്ടായതു്. ആ മലയിൽനിന്നു കിട്ടുന്ന കായ്യും കിഴങ്ങും ഭക്ഷിച്ചും ചോലവെള്ളം കുടിച്ചും ഇരുപത്തൊന്നുദിവസത്തോളം അവിടെ ഭജിച്ചു കഴിച്ചുകൂട്ടി. അതിനിടയ്ക്കു് അവിടെ എത്തിച്ചേർന്ന ഒരു സന്യാസിശ്രേഷ്ഠനിൽനിന്നു് ഒരു ദിവ്യമന്ത്രോപദേശം സിദ്ധിക്കാനുള്ള ഭാഗ്യവും രാജകുമാരനുണ്ടായി. അങ്ങിനെ അതിവിദ്വാനായിത്തീർന്ന അദ്ദേഹം മടങ്ങി കോവിലകത്തെത്തി മാതാവിനേയും മാതുലനേയും നമസ്കരിച്ചു. ഹർഷാശ്രുപുളകിതഗാത്രരായ അവർ കുമാരനെ ആലിംഗനംചെയ്തനുഗ്രഹിച്ചു. അങ്ങിനെ ദിവ്യാനുഗ്രഹം സിദ്ധിച്ച ആളാണു് കോട്ടയംകൃതികളെന്നു പറയപ്പെടുന്ന ബകവധം മുതലായ കഥകളിഗ്രന്ഥങ്ങളുടെ കർത്താവു്."

ഈ ഐതിഹ്യങ്ങളിലെ പരസ്പരവൈരുദ്ധ്യം സ്പഷ്ടമാണു്. മൂകനായ ഒരാൾ കോഴിക്കോട്ടു കോവിലകത്തുചെന്നു് 'മയ കിം കർത്തവ്യം' എന്നു ചോദിച്ചിരിക്കാനിടയില്ലല്ലൊ. സംസാരിച്ചുതുടങ്ങിയതിനുശേഷമാണെങ്കിൽ, വിദ്വാനായിക്കഴിഞ്ഞിരുന്ന അദ്ദേഹം അങ്ങനെ ചോദിക്കയുമില്ല. 'കുമാരധാര' എന്ന വെള്ളച്ചാട്ടത്തെ കേന്ദ്രമാക്കി ആരോ കെട്ടിച്ചമച്ച ഐതിഹ്യങ്ങളായിരിക്കണം ഇതെല്ലാം.* 'ഗോവിന്ദാ'ഖ്യനായ **പ്രഥമഗുരു**വിനെ കവി സ്മരിച്ചുകാണുന്നതിൽനിന്നു് (ഗോവിന്ദമാദ്യം ഗുരും) ഒന്നിലധികം ഗുരുക്കന്മാരുടെ അടുക്കൽ അദ്ദേഹം വിദ്യ അഭ്യസിച്ചിരുന്നുവെന്നു നമുക്കു ന്യായമായി ഊഹിക്കാം. ഇന്നും പലരും ചെയ്യാറുള്ളതുപോലെ ആ രാജകുമാരനും ഒരുപക്ഷേ മൂകാംബിയിൽപോയി ഭജനമിരുന്നിരുന്നു എന്നും വരാം. അതൊക്കെ എങ്ങിനെയായാലും, ആട്ടക്കഥകളെ

---

* കേരളീയരുടെ ഐതിഹ്യപ്രിയത്വം പ്രസിദ്ധമാണല്ലൊ. എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നു തുടങ്ങിയ പേരുകേട്ട സാഹിത്യകാരന്മാരിൽ ഒരാളെയും അവർ ഐതിഹ്യങ്ങളിൽനിന്നു വിമുക്തരാക്കീട്ടില്ല.

ഴുതിയ തമ്പുരാൻ സംസ്കൃതവ്യാകരണത്തിൽ നല്ല പാണ്ഡിത്യം സമ്പാദിച്ചിരുന്നു എന്നുള്ളതു നിസ്സംശയമാണ്. കിമ്മീരവധത്തിലെ 'നഖംപച'–'ലലാടംതപ'–'മുഷ്ടിഘാതം ഘ്നന്തൗ' –'ബാഹാബാഹവി'–'ആഹപാസ്ത' മുതലായ അസാധാരണപ്രയോഗങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നു. 'പുരോഹിതം നിജമുപവിഷ്ടമാസനേ' എന്നും 'സഭാജനൈർവ്വിരചിതസൽസഭാജനഃ' എന്നും മററുമുള്ള കിമ്മീരവധത്തിലെയും, 'സുലളിതപദവിന്യാസാ' എന്നും 'കല്പദ്രുകല്പദ്രുപദേന്ദ്രപുത്രി' എന്നും മററുമുള്ള കാലകേയവധത്തിലേയും ശ്ലോകങ്ങൾ ആട്ടക്കഥാകൎത്താവിനു് സാഹിത്യാലങ്കാരാദിവിഷയങ്ങളിൽ സിദ്ധിച്ചിരുന്ന വൈദഗ്ദ്ധ്യത്തേയും പ്രഖ്യാപനം ചെയ്യുന്നുണ്ടു്. വന്ദനശ്ലോകങ്ങളിലൊന്നിൽ കവി 'പാണിനിഗൎഗ്ഗനാരദകണാദാദികൾ'ളെ ഭക്തിപൂൎവ്വം സ്മരിച്ചിട്ടുള്ളതു് വെറും ഔപചാരികമായിട്ടുമാത്രമല്ലെന്നു് ഇതിൽനിന്നു തെളിയുന്നുണ്ടല്ലോ.

## കൃതികൾ

മഹാഭാരതത്തെ ആസ്പദമാക്കി കോട്ടയത്തു തമ്പുരാൻ കിമ്മീരവധം, ബകവധം, കല്യാണസൗഗന്ധികം, കാലകേയവധം എന്നിങ്ങനെ നാലു് ആട്ടക്കഥകളുണ്ടാക്കീട്ടുണ്ടു്. അവയുടെ പൗൎവ്വാപൎയ്യത്തെപ്പററി ഒരു നിരൂപകൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

"തമ്പുരാൻ ആദ്യം കിമ്മീരവധമുണ്ടാക്കി ഗുരുനാഥനെ കാണിച്ചപ്പോൾ 'ഇതിനു് ഒരു വ്യാഖ്യാനംകൂടി വേണം, എന്നാൽ വിദ്യാൎത്ഥികളെ പഠിപ്പിക്കാൻ നന്നു്" എന്നും; പിന്നീടു് ബകവധമുണ്ടാക്കിക്കാണിച്ചസമയം 'ഇതു സ്ത്രീകൾക്കു കൈകൊട്ടിക്കളിക്കാൻ വേണ്ടില്ല' എന്നും; അതിനുശേഷം കല്യാണസൗഗന്ധികം ഉണ്ടാക്കിക്കാണിച്ചപ്പോൾ 'ഇതു കണ്ടാൽ കവി ഒരു സ്ത്രീജിതനാണെന്നു തോന്നും' എന്നും; ഒടുവിൽ കാലകേയവധം ഉണ്ടാക്കിക്കാണിച്ചതിനു് 'ഇതു് ആടാൻ കൊള്ളാം'

മെന്നും അഭിപ്രായപ്പെട്ടതായി ഒരു ഐതിഹ്യമുണ്ടു്. ഈ ഐതിഹ്യത്തിൽനിന്നു കിട്ടുന്ന ക്രമികത്വം യുക്തിബാഹ്യമായി തോന്നുന്നില്ല. വ്യാകരണശാസ്ത്രത്തിലെ ഉപരിഗ്രന്ഥങ്ങൾ പഠിച്ചിട്ടുള്ളവരോ പഠിച്ചുകൊണ്ടിരിക്കുന്നവരോ ആദ്യമായെഴുതുന്ന ശൈലി ഒന്നു വേറെതന്നെയായിരിക്കുമെന്നുള്ളതു് അനുഭവസിദ്ധമാണു്. അവരുടെ ഹൃദയത്തിൽ ദൃഢലഗ്നമായ താദൃശശാസ്ത്രസംസ്കാരം ഓരോ വിധിവിശേഷങ്ങളെ അഭിനിവേശത്തോടുകൂടി ആദരിക്കുന്നതിനു് അവരെ നിർബ്ബന്ധിക്കാതിരിക്കയില്ല. കിമ്മീരവധത്തിലാകട്ടെ, നഖംപച, ലലാടംതപ, ചരിഷ്ണുഃ, ആചാരിഷ്ണുഃ, ശരശതകസുമൈരുൽകിരൻ, ആവിലാപം, പതതിപുരാ, മുഷ്ടിഘാതം ഘ്നന്തൗ, ബാഹാബാഹവി, ആഹവാസ്ത മുതലായ പ്രയോഗങ്ങൾ നോക്കുമ്പോൾ, ഇദ്ദേഹം തന്റെ വ്യാകരണപാണ്ഡിത്യപ്രൗഢിയെ കാണിക്കാനുദ്ദേശിച്ചിട്ടുണ്ടോ എന്നുകൂടി തോന്നിപ്പോവാം. ഇങ്ങിനെ നോക്കിയാൽ, തമ്പുരാൻ വ്യാകരണം പഠിച്ചുകൊണ്ടിരിക്കുമ്പോഴോ പഠിച്ചുകഴിഞ്ഞ ഉടനേയോ ആദ്യമായുണ്ടാക്കിയ ആട്ടക്കഥ കിമ്മീരവധമായിരിക്കുമെന്നു വിചാരിക്കുന്നതിൽ യുക്തിക്കുചേരാത്തതായി ഒന്നുമില്ലെന്നു വ്യക്തമാകും. കിമ്മീരവധത്തിലെ കഥാബന്ധശൈഥില്യവും ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നുണ്ടു്. പിന്നീടുണ്ടാക്കിയ ബകവധത്തിനും പ്രകൃതഗ്രന്ഥത്തിനും ഭാഷാശൈലിയെസംബന്ധിച്ചിടത്തോളം അത്ര അധികം അന്തരമുണ്ടാകാനുള്ള കാരണം ഗുരുകൃതമായ ആക്ഷേപത്തിന്റെ ശക്തിതന്നെയായിരിക്കണം. അതിൽ ശബ്ദവൈശിഷ്ട്യം നന്നേ കുറഞ്ഞുപോയെന്നു കണ്ടപ്പോഴാണു് രണ്ടിനും മദ്ധ്യത്തിലായി കല്യാണസൗഗന്ധികം ചമച്ചതു്. പക്ഷേ, ആചാര്യൻ ആ കൃതിയിൽ നായകനുള്ള സ്ത്രീജിതത്വം കവിയിലാരോപിച്ചപ്പോൾ, നേരേമറിച്ചു് ഉർവ്വശിയുടെ ചാപല്യങ്ങൾക്കു് അധീനനാകാത്ത ധർമ്മിഷ്ഠനായ അർജ്ജുനനെ കഥാനായകനാക്കിക്കൊണ്ടു കവി കാലകേയവധമുണ്ടാക്കിയതു്. അപ്പോഴേക്കും,

ഗുരുവരൻെറ അധിക്ഷേപമാകുന്ന ചണ്ഡാതപത്താൽ ശോഷിച്ചു നഷ്ടപ്രായയായിത്തീന്നിരുന്ന ശബ്ദാഭിനിവേശലത സംസ്കാരബീജത്തിൻെറ ശക്തിയാൽ വീണ്ടും തളിത്തുതുടങ്ങിയതായി കാണുന്നുണ്ട്."

ഈ കേട്ടുകേൾവിയിലെ വാസ്തവികത്വം എങ്ങിനെയിരുന്നാലും, യുക്തിക്കു ചേരാത്തതായി ഇതിൽ ഒന്നുമില്ലെന്നു സമ്മതിച്ചേ തീരൂ.

## അഭിനയപാടവം

കോട്ടയത്തുതമ്പുരാൻ ഒരൊന്നാന്തരം നടനായിരുന്നു എന്നു പുരാവിത്തുകൾ പറയുന്നു. അദ്ദേഹം നിമ്മിച്ച ആട്ടക്കഥകളുടെ അഭിനയാർഹത പരിഗണിച്ചുനോക്കിയാൽ ഈ അഭിപ്രായം അവിശ്വസിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നാടകവേദിയുമായി പരിചയമുള്ള ആളുകൾ നാടകം നിമ്മിച്ചാൽ അഭിനയവിഷയത്തിൽ അതു പരാജയപ്പെടുക ചുരുക്കമാണല്ലൊ. ആട്ടക്കഥകളുടെ കാൎയ്യവും ഇതിൽനിന്നു വ്യത്യസ്തമല്ല. ആ അനുഭവംവെച്ചുകൊണ്ടായിരിക്കാം, കോട്ടയത്തുതമ്പുരാൻ ഒരു നല്ല നടനായിരുന്നു എന്നു് ആളുകൾ പറയുന്നതു്. കവിക്കു കഥകളിയിലുണ്ടായിരുന്ന അമിതമായ അഭിനിവേശം ഈ ശ്രുതിക്കു് ഉപോൽബലകമായിരിക്കുന്നു. കോട്ടയത്തു് അന്നു സ്ഥിരമായ ഒരു കഥകളിസംഘമുണ്ടായിരുന്നു. ആ സംഘക്കാരാണു് തമ്പുരാൻെറ ഓരോ കഥയും ആദ്യമായി അരങ്ങേറിയിരുന്നതു്. കോട്ടയംരാജധാനിക്കു സമീപം 'അരങ്ങേററുപറമ്പു്' എന്ന പേരിൽ ഒരു പുരയിടം ഇപ്പൊഴുമുണ്ടത്രെ. അതു തമ്പുരാൻെറ ആട്ടക്കഥകൾ ആദ്യമായി അഭിനയിച്ചിരുന്ന സ്ഥലമാണെന്നാണു് പറയപ്പെടുന്നതു്.

ആട്ടക്കഥകളുടെ കത്താവായ കോട്ടയത്തുതമ്പുരാൻ ഒരു നല്ല നടനായിരുന്നു എന്നു തെളിയിക്കുന്ന പല ഐതിഹ്യങ്ങ

ളും പ്രചാരത്തിലുണ്ടു്. ആററൂർ കൃഷ്ണപിഷാരടി അതിനെപ്പററി ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു:—

"കോട്ടയം കോവിലകത്തും ബന്ധുഗൃഹമായ ചിറയ്ക്കൽ കോവിലകത്തും മാത്രമേ ആദ്യകാലത്തു കഥകളി കളിച്ചുവന്നിരുന്നുള്ളു. അതിനെസ്സംബന്ധിച്ചു് ഒരു കഥയുണ്ടു്: ഓരോ കഥയും ഉണ്ടാക്കി അഭ്യസിപ്പിച്ചുകഴിഞ്ഞാൽ കോട്ടയത്തു കളിപ്പിച്ചതിനുശേഷം ആ കഥകളിസംഘത്തെ ചിറയ്ക്കലേയ്ക്കയയ്ക്കും. അക്കാലത്തെ ചിറയ്ക്കൽ വലിയതമ്പുരാൻ നാട്യകലയിൽ വലിയ നിപുണനായിരുന്നുവത്രെ. അദ്ദേഹത്തിൻെറ സമ്മതി ലഭിച്ചാലേ ഗ്രന്ഥകർത്താവായ തമ്പുരാന്നു് തൃപ്തിവരികയുള്ളു. അങ്ങിനെയിരിക്കെ കാലകേയവധം കഥകളിയുണ്ടാക്കി അഭ്യസിപ്പിച്ചു് അതിൻെറ ഗുണദോഷപരീക്ഷണത്തിനായി കളിക്കാരെ ചിറയ്ക്കലേക്കയച്ചു. കളി കണ്ടുകൊണ്ടിരുന്ന ചിറയ്ക്കൽ വലിയതമ്പുരാൻ ആ കഥയിലെ ഉർവ്വശിയുടെ പുറപ്പാടു കണ്ടപ്പോഠം തൃപ്തിയാകാതെ രംഗത്തിൽനിന്നു് എഴുന്നേററു പോയികിടന്നു. പിറേറദിവസം കഥകളിസംഘത്തലവൻ തമ്പുരാനെ കണ്ടു മടങ്ങിപ്പോകാൻ അനുവാദംചോദിച്ചപ്പോഠം 'ഇന്നും കളിവേണം, കാലകേയവധംതന്നെ' എന്നാണു് കല്പിച്ചതു്. അങ്ങിനെ ഏഴെട്ടുദിവസം കാലകേയവധംതന്നെ കളിപ്പിച്ചു. ഉർവ്വശിയുടെ പുറപ്പാടുകണ്ടാൽ, തമ്പുരാൻ രംഗത്തിൽ നിന്നെഴുന്നേററു പോകയും പതിവായി. ഈ വർത്തമാനം ഒരു ദൂതൻ മുഖാന്തിരം ഗ്രന്ഥകാരനായ കോട്ടയത്തുതമ്പുരാനെ കഥകളിസംഘത്തലവൻ സ്വകാര്യമായി അറിയിച്ചു. അതുകേട്ട തമ്പുരാനാകട്ടേ, 'ഇന്നു് ഉർവ്വശിയുടെ വേഷം കെട്ടാനുള്ള ഉപകരണങ്ങളെല്ലാം പ്രത്യേകം ഒരു സ്ഥലത്തു് ഒരുക്കിയിരിക്കണം. ഞാൻ അവിടെ വരും. ഇക്കാര്യം മററാരേയും അറിയിക്കരുതു്'' എന്നു കല്പിച്ചു. അതുപ്രകാരം രാത്രിയിൽ പത്തുനാഴിക ആകുമ്പോഴേക്കും ചിറയ്ക്കലെത്തത്തക്കവിധം തമ്പുരാൻ കുതിരപ്പുറത്തു പുറപ്പെട്ടു്, സ്വകാര്യമായി അവിടെ എത്തി. കഥ

കളിസംഘത്തലവനോട് 'ഉർവ്വശിയുടെ വേഷം ഇന്നു ഞാനാണ് കെട്ടുന്നതു്' എന്നു കല്പിച്ചു് അതിന്നൊരുങ്ങുകയുംചെയ്തു. അതുപ്രകാരം വേഷം ധരിച്ചു്,

'സർവ്വധൂർജ്ജനമണിഞ്ഞിടുന്ന മണി-
മൗലിയിൽ ഖചിതരത്നമാ-
മുർവ്വശീ തദനു മന്മഥേന ഹി വശീ
കൃതാപി വിവശീകൃതാ
ശർവ്വരീശകുലഭൂഷണം യുവതിമോഹനം
ധവളവാഹനം
പാർവ്വണേന്ദുമുഖി പാണ്ഡുസൂനുമഭി-
വീക്ഷ്യ ചൈവമവദൽ സഖീം'

എന്ന ശ്ലോകം ചൊല്ലിക്കഴിഞ്ഞപ്പോറം ആ അഭിവീക്ഷണവശീകരണവിവശീകരണങ്ങറം ഇടകലൻ് സഹൃദയഹൃദയാവർജ്ജകമായവിധത്തിൽ അഭിനയിച്ചുകൊണ്ടു് ഉർവ്വശി അരങ്ങത്തു പ്രത്യക്ഷമായി. ചിറയ്ക്കൽ തമ്പുരാൻേറയും സദസ്യരുടേയും കണ്ണും കരളും കുളുത്തു. ചിറയ്ക്കൽ തമ്പുരാൻ കുറച്ചുനേരം ഉർവ്വശിയുടെ ഭാവഭേദവും ആട്ടവും നോക്കിക്കണ്ടതിനുശേഷം, മന്ത്രിയെ വിളിച്ചു് ഒരു സിംഹാസനംകൂടി അടുത്തു കൊണ്ടുവന്നു വെപ്പാനും വിലപിടിച്ച അനേകം രത്നാഭരണങ്ങളും മററും കൊണ്ടുവരുവാനും കല്പിച്ചു. ഉർവ്വശിയുടെ അവസാനപ്പദമായ 'വല്ലതെന്നാലുമിതു്' എന്നു തുടങ്ങുന്ന ഭാഗം ചൊല്ലിയാടിക്കഴിഞ്ഞു് ശാപവും അഭിനയിച്ചു് ഉർവ്വശി അരങ്ങത്തുനിന്നു തിരിഞ്ഞപ്പോറം, ചിറയ്ക്കൽ തമ്പുരാൻ ആളെ അയച്ചു് ഉർവ്വശീവേഷക്കാരനെ അടുത്തു വിളിപ്പിച്ചു് ഉർവ്വശിയെ തൊഴുതു് സമ്മാനങ്ങളെല്ലാം കൊടുത്തതിനുശേഷം, 'വേഷം അഴിച്ചു് ഇങ്ങോട്ടുതന്നെ എഴുന്നള്ളണം' എന്നു കല്പിച്ചു. അതുപ്രകാരം പിന്നെ രണ്ടുപേരും ഒരുമിച്ചിരുന്നു കളി മുഴുവൻ കണ്ടു. പിറെറ ദിവസം കഥകളിസംഘത്തിനു് കോട്ടയത്തേക്കു പോകാൻ അനുവാദവും കൊടുത്തു—ഇതാണു് ആ കഥ. സഹൃദയന്മാരായാൽ അങ്ങിനെയിരിക്കും."

ഈ ആശയംതന്നെ മറെറാരൈതിഹ്യത്തിൻെറ രൂപത്തിൽ ഉള്ളൂരും രേഖപ്പെടുത്തീട്ടുണ്ട്. അതിൽ ചിറയ്ക്കൽ തമ്പുരാന്നു പകരം സ്ഥാനം പിടിച്ചിട്ടുള്ളതു കോഴിക്കോട്ടു സാമൂതിരിപ്പാടാണെന്നു മാത്രമേ വ്യത്യാസമുള്ളു. അതിനെപ്പററി ഉള്ളൂർ പറഞ്ഞിട്ടുള്ളതു് ഇങ്ങിനെയാണ്:—"അഭിനയത്തിൻെറ അവസാനത്തിൽ അന്നത്തെ ഉർവ്വശീവേഷക്കാരനെ തൻെറ മുമ്പിൽ ആനയിക്കുവാൻ സാമൂതിരിപ്പാട്ട് ആജ്ഞാപിക്കയും, വന്നപ്പോൾ അതു കവിതന്നെയാണെന്നു മനസ്സിലാക്കി 'ഉർവ്വശിയുടെ പദം അവിടുന്നുതന്നെ ആടിക്കാണണമെന്നുള്ള എൻെറ മോഹം ഇന്നു സഫലമായി; ഞാൻ കൃതാർത്ഥനായി' എന്നു രോമാഞ്ചകഞ്ചുകിതനായി അരുളിച്ചെയ്കയും ചെയ്തുവത്രെ." കോട്ടയത്തു തമ്പുരാൻെറ അഭിനയപാടവത്തെ രണ്ടുപേരും ഒരുപോലെ പ്രശംസിക്കുന്നുണ്ടല്ലോ. നമുക്ക് ആ ഭാഗംമാത്രം ശ്രദ്ധിച്ചാൽ മതി.

## മൂലകഥയും വ്യതിയാനവും

നാടകം, ആട്ടക്കഥ മുതലായ കൃതികളെപ്പററി പരാമർശിക്കുമ്പോൾ, അവയിലെ ഇതിവൃത്തം എവിടെനിന്നാണു സ്വീകരിച്ചതെന്നു പരിശോധിക്കുന്ന ഒരു സമ്പ്രദായം സാധാരണമായിത്തീർന്നിട്ടുണ്ട്. മൂലകഥയിൽ കവി വല്ല മാററവും വരുത്തീട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻെറ ഔചിത്യമെന്തു്, എന്നു തുടങ്ങിയ കാര്യങ്ങളെപ്പററി ചിന്തിക്കാനാണ് ആ പരിശോധന നടത്താറുള്ളതു്. പരിശോധകൻെറ ഗ്രന്ഥപരിചയത്തിലുള്ള ഏററക്കുറവനുസരിച്ചു് ഈ താരതമ്യനിരൂപണത്തിൽ വൈവിദ്ധ്യം വരാറുണ്ട്. കിമ്മീരവധം ആട്ടക്കഥതന്നെ ഒരുദാഹരണമായി സ്വീകരിക്കാം. അതിലെ മൂലകഥയിൽ കോട്ടയത്തുതമ്പുരാൻ വരുത്തീട്ടുള്ള മാററങ്ങളെപ്പററി പറയുന്ന കൂട്ടത്തിൽ ഒരു വ്യാഖ്യാതാവു് ഇങ്ങിനെ പറഞ്ഞിരിക്കുന്നു:-

"കഥകളിയിലെ ഏററവും ആകർഷകങ്ങളായ രംഗങ്ങൾ നിർവ്വഹിക്കുന്ന കിമ്മീരസഹോദരിയായ ഒരു സിംഹികയും

ആ സിംഹികയുടെ ഭർത്താവായ ഒരു ശാർദ്ദൂലനും സിംഹികയുടെ ലളിതാവേഷവും പാഞ്ചാലിയെ പിടിച്ചുകൊണ്ടുപോകലും സഹദേവൻ നടത്തുന്ന കർണ്ണനാസാച്ഛേദവും എല്ലാം കലാചതുരനായ കവി കല്പിച്ചുചേർത്തിട്ടുള്ളതാണ്. അതുപോലെ ദുർവ്വാസാവുമഹർഷിയുടെ വരവും അതു നിമിത്തം ഉണ്ടായ പാഞ്ചാലിയുടേയും ശ്രീകൃഷ്ണന്റേയും ഹൃദയാവർജ്ജകമായ വിധത്തിലുള്ള രംഗങ്ങളുടെ സംവിധാനവും കവി ഘടിപ്പിച്ചിട്ടുള്ളതാണ്. **ആ കഥയും ഭാരതത്തിലില്ല.** ഭാഗവതത്തിലും അങ്ങനെ ദുര്യോധനൻ ദുർവാസാവിനെ നല്ല വാക്കു പറഞ്ഞയച്ചു കബളിപ്പിച്ചതായോ ശ്രീകൃഷ്ണന്റെ പ്രസാദം കൊണ്ട് അതു ഫലിക്കാതായിത്തീന്നതായോ ഒരു പ്രസ്താവം കാണുന്നില്ല. എന്നാൽ, മേല്പുത്തൂർ ഭട്ടതിരിപ്പാട്ടിലെ നാരായണീയത്തിൽ,

> അന്നാന്തപ്രാപ്തശർവ്വാംശജമുനിചകിത-
> ദ്രൗപദീചിന്തിതോഥ
> പ്രാപ്തഃ ശാകാന്നമശ്നൻ മുനിഗണമകൃഥാ-
> സ്തൃപ്തിമന്തം വനാന്തേ

എന്നിങ്ങനെ ആ കഥയുടെ സൂചനം കാണുന്നുണ്ട്. അതുകൊണ്ട്, ഭാരതത്തിന്റേയോ ഭാഗവതത്തിന്റേയോ കേരളീയ പാഠഭേദത്തിൽ ആ കഥയും പക്ഷേ ഉണ്ടായിരിക്കാം; അല്ലെങ്കിൽ മററ വല്ല പുരാണങ്ങളിൽനിന്നും എടുത്തു കൂട്ടിച്ചേർത്തതായിരിക്കാം."

ഇതിൽ സിംഹികയേയും ശാർദ്ദൂലനേയും പററി പറയുന്ന ഭാഗം ശരിയാണെങ്കിലും, ദുർവ്വാസാവിന്റെ കഥ അങ്ങിനെയല്ല. ചെറിയ ഒരു അനവധാനതനിമിത്തം ആ വ്യാഖ്യാതാവു് അങ്ങിനെ പറഞ്ഞുപോയതായിരിക്കാനാണ് എളുപ്പം. എന്തുകൊണ്ടെന്നാൽ, ദുർവ്വാസാവിനെ സംബന്ധിച്ച ആ ഉപാഖ്യാനം മഹാഭാരതത്തിലുണ്ട്. ആട്ടക്കഥാകർത്താവു് അക്ഷരം പ്രതി അതിനെ അനുകരിക്കുകയാണ് ചെയ്തിട്ടുള്ളതു്. കിമ്മീ

രവധവൃത്താന്തം ആരണ്യപർവ്വത്തിലെ ആദ്യത്തെ പതിമൂന്നു അദ്ധ്യായങ്ങളിലായി പ്രതിപാദിച്ചിരിക്കേ, ദുർവ്വാസാവിൻെറ കഥ വിവരിച്ചിട്ടുള്ളതു്, വളരെക്കഴിഞ്ഞു് പർവ്വാവസാനത്തോടടുത്ത 262, 263, എന്നീ അദ്ധ്യായങ്ങളിലായിട്ടാണെന്നേയുള്ളു.

## മൂലകഥ

ഭാരതം ആരണ്യപർവ്വത്തിലെ ആദ്യത്തെ 13 അദ്ധ്യായങ്ങളിലായിട്ടാണു് കിമ്മീരവധകഥ വിവരിച്ചിട്ടുള്ളതെന്നു സൂചിപ്പിച്ചുവല്ലൊ. ഒന്നുകൂടി നിഷ്കൃഷ്ടമായി നോക്കിയാൽ 1, 2, 3, 11, 12, 13 എന്നീ ആറദ്ധ്യായങ്ങളിലേയും, പിന്നെ 262, 263 എന്നീ രണ്ടദ്ധ്യായങ്ങളിലേയും കഥയാണു് തൻെറ കൃതിക്കു് അവലംബമായി കോട്ടയത്തുതമ്പുരാൻ സ്വീകരിച്ചതെന്നു കാണാൻ കഴിയും. ആ കഥ ചുരുക്കി താഴെ വിവരിക്കാം.

ചൂതിൽ തോററു് സർവ്വസ്വവും നഷ്ടപ്പെട്ട പാണ്ഡവന്മാർ പിറേറദിവസം പ്രഭാതത്തിൽത്തന്നെ പാഞ്ചാലിയോടുകൂടി കാട്ടിലേക്കു പുറപ്പെട്ടു. ബ്രാഹ്മണരുമുൾപ്പെടെ അനവധി പൗരന്മാർ അവരെ പിൻതുടർന്നു. ധർമ്മപുത്രർ പലതും പറഞ്ഞു സമാധാനിപ്പിച്ചു് പൗരന്മാരെ തിരികെ നാട്ടിലേക്കയച്ചു.

പൗരന്മാർ പോയതിൽ പിന്നെത്തേരിലേറീട്ടു പാണ്ഡവർ
.... .... .... .... .... ....
ആ രാത്രി പാർത്തു വീരന്മാർ ശുദ്ധാംബുസ്പർശമേററവർ
വെള്ളം കുടിച്ചിട്ടാ രാവു കഴിച്ചാരഴലാർന്നവർ.

അപ്പോഴേക്കും പാണ്ഡവന്മാരുടെ നേരെ കൃതജ്ഞരായ ചില ബ്രാഹ്മണർ അവരെ അന്വേഷിച്ചു് അവിടെയെത്തി. അവർ പലതും പറഞ്ഞു് ധർമ്മപുത്രാദികളെ ആശ്വസിപ്പിച്ചു. അങ്ങിനെ വനവാസത്തിലെ ഒന്നാമത്തെദിവസം കഴിഞ്ഞുകൂടി. (ഇത്രയുമാണു് ഒന്നാമദ്ധ്യായത്തിലെ കഥ.)

പിറേറ ദിവസം രാവിലെ പാണ്ഡവന്മാർ യാത്രയ്ക്കൊരുങ്ങിയപ്പോഴും ബ്രാഹ്മണരും അവരെ പിൻതുടരാൻ ഭാവിച്ചു. അപ്പോഴും,

അവരോടോതിയരചൻ കുന്തീപുത്രൻ യുധിഷ്ഠിരൻ:-
'ഞങ്ങൾ സർവ്വസ്വവും നാടും ശ്രീയും പോയിട്ടിവണ്ണമേ
ഫലമൂലാമിഷാഹാരർ കാടുകേറുന്നു മാലൊടും
കാടോ ദോഷം പെരുത്തൊത്തു പാമ്പും പുലിയുമുള്ളതാം.'

പക്ഷേ, ഈവക യുക്തിവാദങ്ങളൊന്നും പാണ്ഡവപക്ഷപാതികളായ ആ ബ്രാഹ്മണരുടെ അടുക്കൽ ചെലവായില്ല.

ഞങ്ങളെപ്പോററുവാൻ ചിന്ത തേടായ്കുള്ളിലിളാപതേ!
ഭോജ്യം തനിച്ചാഹരിച്ചു ഞങ്ങൾ നിൻ തുണയായ്വരാം.

എന്നായിരുന്നു അവരുടെ മറുപടി. ധർമ്മപുത്രർക്കു പിന്നീടു് ഒന്നും പറയാനുണ്ടായിരുന്നില്ല. അദ്ദേഹത്തിനു വ്യസനിച്ചു തലകുനിച്ചിരിക്കാനേ കഴിഞ്ഞുള്ളു. ആ അവസരത്തിൽ യാദൃച്ഛികമായി ശൗനകൻ അവിടെയെത്തി. ജീവിതം സുഖദുഃഖസമ്മിശ്രമായിരിക്കുമെന്നും അതുകൊണ്ടു് വനവാസക്ലേശമോർത്തു് ഒട്ടും വ്യസനിക്കരുതെന്നും ധനത്തിൽ തീരെ കൊതി പാടില്ലെന്നും മററും പറഞ്ഞു ശൗനകൻ ധർമ്മപുത്രരെ സാന്ത്വനപ്പെടുത്തി. തനിക്കു ധനത്തിൽ തീരെ ആശയില്ലെന്നും എന്നാൽ, തന്നെ പിൻതുടരുന്ന ബ്രാഹ്മണരെ പോററാൻ സാധിക്കാത്തതിൽ സങ്കടമുണ്ടെന്നും പാണ്ഡവജ്യേഷ്ഠൻ അറിയിച്ചതിനു് "തപസ്സുചെയ്തു കാര്യം നേടൂ" എന്നായിരുന്നു ശൗനകനിൽനിന്നുണ്ടായ മറുപടി. (രണ്ടാമദ്ധ്യായം.)

ധർമ്മപുത്രർ ധൗമ്യനെ സമീപിച്ചു്, വിവരമറിയിക്കയും, ഒരു പോംവഴി നിർദ്ദേശിച്ചുതരണമെന്നപേക്ഷിക്കയും ചെയ്തു.

"എൻെറക്കൂടെപ്പോന്നിടുന്നു വേദവേദികളാം ദ്വിജർ
പോററുവാൻ ശക്തിയില്ലൊട്ടുമേററം സങ്കടമുണ്ടു മേ.
കൈവിടാനും വയ്യെനിക്കു കൊടുപ്പാനില്ല ശക്തിയും
ഇതിലെന്തൊന്നു ഞാൻ ചെയ്‌വൂ ഭഗവാനരുൾചെയ്യണം."

"തപം ചെയ്തിട്ടു ധർമ്മത്താൽ വിപ്രരെപ്പോററുക ഭാരത!"
എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. വീണ്ടും ചോദിച്ചപ്പോൾ സൂര്യനെ തപസ്സുചെയ്താൽ മതി എന്നുപദേശിച്ചു. അ

തനുസരിച്ചു് ധൎമ്മപുത്രർ ആദിത്യഭഗവാനെ സേവിക്കയും കൎമ്മസാക്ഷിയായ ആ ദേവനിൽനിന്നു് അക്ഷയപാത്രം സമ്പാദിക്കയും ചെയ്തു.

ഇച്ചെമ്പുപാത്രം കൈക്കൊൾക ഞാൻ തന്നതു നരാധിപ
പാഞ്ചാലിയിതിലെച്ചോറുണ്ണുംവരെയ്ക്കും ദൃഢവ്രത!
ഫലമൂലം ശാകമാംസം മടപ്പിള്ളിയാൽ വെച്ചവ
ചതുൎവ്വിധാന്നങ്ങളുമങ്ങൊടുങ്ങാതെത്തി വന്നിടും.

എന്നു പറഞ്ഞുകൊണ്ടാണു് സൂൎയ്യൻ ആ പാത്രം ധൎമ്മപുത്രൎക്കു നല്കിയതു്. പാണ്ഡവരും ബ്രാഹ്മണരും ഒരുപോലെ സന്തോഷിച്ചു.

പിന്നെ സ്വസ്ത്യയനംചെയ്തു ധൗമ്യനോടൊത്തു പാണ്ഡവർ
ദ്വിജസംഘത്തോടും ചേൎന്നു കാമ്യകക്കാടു കേറിനാർ*
.... .... .... .... .... .... ....
ചൂതിൽ തോററിവിടംവിട്ടുപോയ പാണ്ഡവർ മന്നവ!
മൂന്നു രാപ്പകൽ കൊണ്ടെത്തി കാമ്യകാരണ്യഭൂമിയിൽ
അവർ കേറുമ്പൊഴവിടേ വഴിമുട്ടിച്ചു ഭാരത!
ജ്വലിക്കും കണ്ണുമായു് കൊള്ളിയേന്തിക്കാണായി രാക്ഷസൻ
കൈകൾ നീട്ടിപ്പുറത്തിട്ടു വാ തുറന്നതിഭീഷണം
നില്പായു് പാണ്ഡവർ പോകുന്ന വഴിമൂടിയടച്ചഹോ!

---

* മൂന്നാമദ്ധ്യായത്തിലെ അവസാനശ്ലോകമാണിതു്. ധൃതരാഷ്ട്രരും വിദുരരും തമ്മിലുള്ള സംഭാഷണം, വിദുരബഹിഷ്കരണം, വിദുരപാണ്ഡവസന്ദൎശനം, വേദവ്യാസോപദേശം, സുരഭ്യുപാഖ്യാനം മുതലായ കഥകളാണു് നാലു മുതൽ പത്തുവരെയുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുള്ളതു്. ഇതിനിടയ്ക്കു് പാണ്ഡവന്മാരുമായി രമ്യതയിൽ കഴിയുന്നതാണു നല്ലതെന്നും, ബന്ധുബലംകൊണ്ടും മററും പാണ്ഡവന്മാർ അജയ്യരായിത്തീൎന്നിട്ടുണ്ടെന്നും, ഈയിടെ കാട്ടിൽവെച്ചു് ഭീമസേനൻ കിമ്മീരനെ നിഷ്പ്രയാസം വധിച്ചതായികേട്ടുവെന്നും മററും വ്യാസൻ ധൃതരാഷ്ട്രരോടു പറയുന്നുണ്ടു്. കിമ്മീരവധവൃത്താന്തം ഒന്നു വിസ്തരിച്ചു കേട്ടാൽകൊള്ളാമെന്നു ധൃതരാഷ്ട്രർ ആവശ്യപ്പെട്ടതനുസരിച്ചാണു് 11-ാമദ്ധ്യായത്തിൽ വിദുരൻ ആ കഥ വിവരിക്കുന്നതു്.

കിമ്മീരനായിരുന്നു ആ രാക്ഷസൻ. അവൻ മായകൊണ്ടു പല കുഴപ്പങ്ങളും ഉണ്ടാക്കി. പാഞ്ചാലി അവനെക്കണ്ടു പേടിച്ചുവിറച്ചു മോഹാലസ്യപ്പെട്ടു. ധൗമ്യമഹർഷിയാണു് മന്ത്രശക്തികൊണ്ടു് ആ രാക്ഷസന്റെ മായയെ നശിപ്പിച്ചതു്. അതു കഴിഞ്ഞപ്പോൾ 'നീ എന്തിനാണു് ഇങ്ങിനെ വഴി തടുത്തു നില്ക്കുന്നതു്? നിനക്കെന്താണു് വേണ്ടതു്?' എന്നു ധർമ്മപുത്രൻ കിമ്മീരനോടു ചോദിച്ചു. ബകന്റെ സഹോദരനായ കിമ്മീരനാണു് താനെന്നും, ഇവിടെ വന്നുചേരുന്ന മനുഷ്യരെ കൊന്നതിന്നാണു് താൻ ജീവിക്കുന്നതെന്നും, ഇന്നു തന്റെ മുമ്പിൽ വന്നുപെട്ട ആളുകളെ കൊന്നു ഭക്ഷിക്കാനാണു് താൻ നിശ്ചയിച്ചിട്ടുള്ളതെന്നും ആയിരുന്നു രാക്ഷസന്റെ മറുപടി. ഇത്രത്തോളമായപ്പോൾ, തങ്ങൾ പാണ്ഡവന്മാരാണെന്നും വനവാസത്തിനായി വന്നിരിക്കയാണെന്നും, കൂട്ടത്തിൽ ഭീമനുമുണ്ടെന്നും മററുമുള്ള കഥ ധർമ്മപുത്രർ വിവരിച്ചുകേൾപ്പിച്ചു. ഇതു കേട്ടതോടുകൂടി ആ രാക്ഷസന്റെ മട്ടുമാറി. അവൻ ഇങ്ങിനെ അലറി:—

ഭീമസേനവധത്തിന്നായ്‌ നിത്യമായുധമേന്തി ഞാൻ
ഭൂമിയൊക്കെ നടന്നിട്ടുമവനെക്കിട്ടിയില്ല മേ
ചിരകാംക്ഷിതനീ ഭ്രാതൃഘാതകൻ കയ്യിൽ വന്നു മേ
എന്നിഷ്ടജ്യേഷ്ഠബകനെക്കൊലചെയ്തവനാണവൻ.

ഇതിനെത്തുടൎന്നുണ്ടായ വാഗ്വാദം യുദ്ധത്തിൽ കലാശിക്കയും കിമ്മീരൻ വധിക്കപ്പെടുകയും ചെയ്തു. (ഇതോടുകൂടി പതിനൊന്നാമദ്ധ്യായം അവസാനിക്കുന്നു.)

പാണ്ഡവന്മാർ ചൂതിൽ തോററു കാട്ടിലേക്കുപോയ കഥ കേട്ടു് ശ്രീകൃഷ്ണൻ 'ഭോജവൃഷ്ണ്യന്ധകാദി'കളോടുകൂടി വനത്തിൽ ചെല്ലുകയും അച്ഛൻപെങ്ങളുടെ മക്കളായ ധർമ്മപുത്രാദികളുടെ ദയനീയസ്ഥിതി കണ്ടു ക്രുദ്ധനായിത്തീരുകയും ചെയ്യുന്നു. അൎജ്ജുനന്റെ പല തരത്തിലുള്ള സ്തുതികളെക്കൊണ്ടും സാന്ത്വനവാക്കുകളെക്കൊണ്ടും ആ പാണ്ഡവബന്ധു പൂൎവ്വവൽ ശാന്തതയെ പ്രാപിക്കുന്നു. പലതും പറഞ്ഞു കരയുന്ന പാഞ്ചാലിയെ

കൃഷ്ണൻ ആശ്വസിപ്പിക്കുന്നു. (12-ാം അദ്ധ്യായം) താൻ ദ്വാരകയിലുണ്ടായിരുന്നുവെങ്കിൽ, ഇതിനൊന്നും ഇടവരികയില്ലായിരുന്നു എന്നും മററും പറഞ്ഞു് ശ്രീകൃഷ്ണൻ പാണ്ഡവന്മാരെ സമാശ്വസിപ്പിക്കുന്നതാണു് പതിമൂന്നാമദ്ധ്യായം.

ഇങ്ങിനെ സംഭവബഹുലമായ വനവാസത്തിലെ പതിനൊന്നു കൊല്ലങ്ങൾ കഴിഞ്ഞുകൂടി. അപ്പോഴാണു് ദുര്യോധനന്റെ അസൂയ വീണ്ടും പതുക്കെ തലപൊക്കിയതു്. പാണ്ഡവന്മാർ പട്ടണത്തിലെന്നപോലെ സുഖമായിട്ടാണു് കാട്ടിലും കഴിഞ്ഞുകൂടുന്നതെന്ന വർത്തമാനം എങ്ങിനെയോ കേൾക്കാനിടയായ ആ കൗരവജ്യേഷ്ഠന്നു മനസ്സമാധാനമില്ലാതായി.

അവർക്കു പട്ടണം വാഴുംമട്ടൊക്കും വൃത്തികേട്ടുടൻ
അവരിൽ ദോഷമാശിച്ചു ഭൂപശ്രേഷ്ഠ! സുയോധനൻ.

ആ സമയത്താണു് 'കാകതാലീയന്യായേന' ദുർവ്വാസാവു് കൗരവരാജധാനിയിലെത്തിയതു്. കൗരവന്മാരുടെ ശുശ്രൂഷകൊണ്ടു തൃപ്തനായ മഹർഷി എന്തു വരമാണു് വേണ്ടതെന്നു ദുര്യോധനനോടു ചോദിച്ചു. തന്റെ ധർമ്മിഷ്ഠനായ ജ്യേഷ്ഠൻ സഹോദരന്മാരോടും ഭാര്യയോടുംകൂടി കാട്ടിൽ താമസിക്കുന്നുണ്ടെന്നും അവിടെച്ചെന്നു് അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചു് ക്ഷേമവൃത്താന്തം അറിഞ്ഞുവന്നാൽ കൊള്ളാമെന്നും വേറെ പ്രത്യേകമായ യാതൊരു വരവും തനിക്കാവശ്യമില്ലെന്നും ദുര്യോധനൻ പറഞ്ഞു. ഒരു കാര്യം മാത്രം പ്രത്യേകം ഓർത്തിരിക്കണമെന്നു എടുത്തുപറയുകയും ചെയ്തു. അതിഥിസൽക്കാരപ്രിയയായ പാഞ്ചാലി,

എല്ലാ ദ്വിജർക്കും ഭർത്താക്കന്മാർക്കുമഷ്ടി കൊടുത്തുടൻ
ക്ഷീണം തീർന്നിട്ടു താനുണ്ടു സുഖമായ്പാഴ്വതെപ്പൊഴോ
അപ്പോൾ ഭവാനങ്ങു ചെല്ലു........

ഇതായിരുന്നു ആ പ്രത്യേക നിർദ്ദേശം. ദുർവ്വാസാവു് അതുപോലെ പ്രവർത്തിച്ചു. പതിനായിരം ശിഷ്യന്മാരോടുകൂടിയായിരുന്നു മഹർഷിയുടെ യാത്ര. കണ്ട ഉടനേ ധർമ്മപുത്രർ അതി

ഥികളെ ഊണിനു ക്ഷണിച്ചു. മഹർഷിയും ശിഷ്യന്മാരും സ്നാനത്തിനു യാത്രയായി. പാഞ്ചാലിക്കു സങ്കടമായി. ആ ഗൃഹനായിക ഭക്തവത്സലനായ ശ്രീകൃഷ്ണനെ വിളിച്ചു വിലപിച്ചു തുടങ്ങി.

ദുശ്ശാസനനങ്കന്നു മുന്നം സഭയിൽ കാത്തവണ്ണമേ
ഈ ദുഃഖത്തിങ്കൽ നിന്നിന്നുമെന്നെക്കേററീടവേണമേ!

ദയാനിധിയായ ആ ലോകനാഥൻ പാഞ്ചാലിയുടെ മുൻപിൽ പ്രത്യക്ഷനായി.

കൃഷ്ണനായവളോടോതി: "വിശന്നു വലയുന്നു ഞാൻ
എന്നെയൂട്ടുകുടൻ കൃഷ്ണേ! പിന്നെ നീ ചെയ്യുമൊക്കയും."

പാഞ്ചാലിക്ക് ഇതു കേട്ടപ്പോഠം നാണമാണുണ്ടായതു്. അക്ഷയപാത്രത്തിൻെറ ശക്തിയെപ്പററി അവഠം ശ്രീകൃഷ്ണനോടു പറഞ്ഞു. അന്നത്തെ തൻെറ ഊണു കഴിഞ്ഞുവെന്നും അവഠം അറിയിച്ചു.

ഉടൻ പാഞ്ചാലിയോടോതീ ഭഗവാൻ പങ്കജേക്ഷണൻ
'വേഗം പോയിക്കൊണ്ടു വന്നാത്താലം കാണിക്കകെന്നെ നീ'
എന്നു നിർബ്ബന്ധിച്ചു താലം വരുത്തീട്ടാ യദൂദ്വഹൻ
താലത്തിൻ വക്കിലായ് കണ്ട ചീരക്കണ്ണമശിച്ചുതേ.

കുളിക്കാൻപോയ മഹർഷിയും ശിഷ്യന്മാരും നദിയിൽ മുങ്ങിപ്പൊങ്ങിയതോടുകൂടി മുക്കററം ഊണുകഴിച്ചവരെപ്പോലെ ഏമ്പക്കമിട്ടുതുടങ്ങി.

പാഴായ് വെപ്പിച്ചു രാജർഷിക്കേററവും തെററു ചെയ്തു നാം
ക്രൂരനോട്ടംകൊണ്ടു നമ്മെ നോക്കിപ്പാണ്ഡവർ ചുട്ടിടും
രാജർഷിയംബരീഷൻെറയനുഭാവത്തെയോർപ്പു ഞാൻ
.... .... .... .... .... .... ....
കോപിച്ചാലവർ ചുട്ടിടും പഞ്ഞിയെത്തീ കണക്കിനെ
എന്നാലവരൊടോതാതെ ശിഷ്യരേ! പാഞ്ഞുപോകുവിൻ.
ഗുരുവാം മുനിയീവണ്ണം ചൊന്നപ്പോഠം വിപ്രരേവരും
പാണ്ഡുനന്ദനരെപ്പേടിച്ചോടിപ്പോയ് പത്തു ദിക്കിലും.

ധർമ്മപുത്രരുടെ നിർദ്ദേശമനുസരിച്ച് അതിഥികളായ മഹ ർഷിമാരെ കൂട്ടിക്കൊണ്ടുവരാൻ നദീതീരത്തിലെത്തിയ സഹദേ വൻ അവിടെ ആരെയും കാണായ്കയാൽ തിരിയെ ആശ്രമത്തിൽ ചെന്നു വിവരം ജ്യേഷ്ഠനെ അറിയിച്ചു. ധർമ്മപുത്രാദികൾക്കു വിചാരമായി. ദുർവ്വാസാവ് പാതിരാത്രിക്കോ മറ്റോ പെട്ടെന്നു കടന്നുവന്ന് ഭക്ഷണമാവശ്യപ്പെട്ടുമോ എന്നായിരുന്നു അവരുടെ ഭയം. അവർ അങ്ങിനെ വിഷാദിച്ചിരിക്കേ, ശ്രീകൃഷ്ണൻ അവി ടെ ചെന്നുകയറി, നടന്നതെല്ലാം വിവരിച്ചു കേൾപ്പിച്ചു.

നിങ്ങൾക്കാക്കോപനമുനിമൂലമാപത്തു കണ്ടു ഞാൻ
പാഞ്ചാലിയോക്കയാൽ പാണ്ഡുപുത്രരേ! വേഗമെത്തിനേൻ
ആ ദുർവ്വാസോമുനിയിൽ നിന്നൊട്ടുമുണ്ടായ്വരാ ഭയം
നിങ്ങൾക്കുള്ളൊരു തേജസ്സു പേടിച്ചങ്ങോടിനാനവൻ
നിത്യം ധർമ്മിയന്നുള്ളോർ കുഴങ്ങീടില്ലൊരിക്കലും
യാത്രചോദിക്കുന്നു പോട്ടേ നിങ്ങൾക്കെന്നും ഗുണംവരും.

ഈ അനുഗ്രഹം കഴിഞ്ഞു് ശ്രീകൃഷ്ണൻ മറയുന്നതോടുകൂടി 263-ാമദ്ധ്യായവും ദുർവ്വാസാവിനെസ്സംബന്ധിച്ച ഉപാഖ്യാന വും അവസാനിക്കുന്നു.

ഇതാണ് ഭാരതത്തിലെ കഥ. ആട്ടക്കഥയിലെ ഇതിവൃത്ത സ്വരൂപം സ്വയം വ്യക്തമാകയാൽ ഇവിടെ വിവരിക്കണമെ ന്നുദ്ദേശിക്കുന്നില്ല. ശ്രീകൃഷ്ണൻ പാഞ്ചാലിയുടെ കൈയിൽനി ന്നു 'ചീരക്കറി' വാങ്ങി ഭക്ഷിച്ചതായി ഭാരതത്തിലും ആട്ടക്കഥ യിലും ഒരുപോലെ പറഞ്ഞിട്ടുള്ളതിൽനിന്നു് കോട്ടയത്തുതമ്പു രാൻ ഭാരതത്തിലെ ആ കഥാഭാഗം വായിച്ചിരുന്നു എന്നു് സ്പ ഷ്ടമാകുന്നുണ്ട്.

## വ്യതിയാനവും ഔചിത്യവും

കോട്ടയത്തു തമ്പുരാൻ, മേൽക്കാണിച്ച ഭാരതകഥയിൽ പല ആവാപോദ്വാപങ്ങളും വരുത്തിയിട്ടാണ് ആട്ടക്കഥയി

ലെ ഇതിവൃത്തത്തിനു രൂപം നൽകിട്ടുള്ളതു്. പ്രധാനമായ ചില വ്യതിയാനങ്ങൾമാത്രം എടുത്തു കാണിക്കാം.

1. തങ്ങളെ അനുഗമിക്കുന്ന ബ്രാഹ്മണരെ ഊട്ടുന്നതിനു നിവൃത്തിയില്ലാതെ സങ്കടപ്പെട്ട ധർമ്മപുത്രർ, അതിനെപ്പററി പുരോഹിതനായ ധൗമ്യനോടു സ്വയം ആവലാതിപ്പെടുകയും അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു് ആദിത്യഭഗവാനെ പ്രീണിപ്പിക്കയും ചെയ്തതായി ഭാരതത്തിൽ വർണ്ണിച്ചിരിക്കുന്നു. ആട്ടക്കഥയിലാകട്ടേ, ഉത്തമഗൃഹനായികയായ പാഞ്ചാലിയുടെ സങ്കടം കേട്ടതിന്റെ ഫലമായിട്ടാണു് ധർമ്മപുത്രർ ധൗമ്യനോടു് അക്കാര്യത്തെപ്പററി പറയുന്നതു്.

2. പാണ്ഡവന്മാർ, വനവാസത്തിനായി പുറപ്പെടുന്നതിന്റെ പിറേറദിവസംതന്നെ ഗംഗാതീരത്തിൽവെച്ചു് സൂര്യഭഗവാനിൽനിന്നു് അക്ഷയപാത്രം സമ്പാദിച്ചതായി ഭാരതത്തിൽ പറയുന്നു. അതിനുശേഷമാണു് അവർ കാമ്യകവനത്തിൽ പ്രവേശിക്കുന്നതു്. ആട്ടക്കഥ ആരംഭിക്കുന്നതുതന്നെ പാണ്ഡവന്മാരുടെ കാമ്യകവനപ്രവേശത്തോടുകൂടിയാണു്. അതിനുശേഷമേ അക്ഷയപാത്ര ലബ്ധി നടക്കുന്നുള്ളു.

3. വനവാസം ആരംഭിച്ചതിന്റെ മൂന്നാംദിവസം, കാമ്യകവനത്തിൽ പ്രവേശിക്കുന്ന അവസരത്തിൽതന്നെ, പാണ്ഡവന്മാർ കിർമ്മീരനെ കണ്ടുമുട്ടുന്നതായിട്ടാണു് ഭാരതത്തിൽ പറയുന്നതു്. ആട്ടക്കഥയിൽ കിമ്മീരവധം നടക്കുന്നതു് ധർമ്മപുത്രാദികൾ കാമ്യകവനത്തിൽ പ്രവേശിച്ചു വളരെ കഴിഞ്ഞിട്ടാണു്.

4. സഹോദരനായ ബകനെ കൊന്നതും സ്നേഹിതനായ ഹിഡിംബനെ വധിച്ചു് അവന്റെ സഹോദരിയെ പരിഗ്രഹിച്ചതുമാണു് കിമ്മീരനു ഭീമന്റെ നേരെ വിരോധം തോന്നാനുള്ള കാരണങ്ങളെന്നു വ്യാസൻ പറയുന്നു. തന്റെ സഹോദരിയായ സിംഹികയെ സഹദേവൻ വികലാംഗയാക്കിത്തീ

ത്തും, അവളുടെ ഭർത്താവായ ശാർദ്ദൂലനെ ഭീമസേനൻ വധിച്ചതുമാണ് ആട്ടക്കഥയിലെ കിമ്മീരനെ ക്രുദ്ധനാക്കുന്നതു്.

5. ബകന്റെ ഒരു സഹോദരനാണ് കിമ്മീരനെന്നു മാത്രമേ ഭാരതത്തിൽ പറയുന്നുള്ളു. ഭീമനുമായി അവൻ യുദ്ധം ചെയ്യുന്നതു് ഒററയ്ക്കാണുതാനും. ആട്ടക്കഥയിലാകട്ടേ, 'കലശോദധിതുല്യ'മായ ഒരു സൈന്യത്തിന്റെ അധിപതിയായിട്ടാണ് അവനെ വർണ്ണിച്ചിട്ടുള്ളതു്. അവന്റെ പോരിനുള്ള പുറപ്പാടു് 'കടലൊടടൽ പൊരുതീടിനപട'യോടുകൂടിയുമാണ്.

6. കിമ്മീരവധവും മററും കഴിഞ്ഞതിനുശേഷമാണ് ശ്രീകൃഷ്ണൻ പാണ്ഡവന്മാരെ ചെന്നു കണ്ടതെന്നു വ്യാസൻ; അതിനു വളരെ മുൻപാണ് ആ കൂടിക്കാഴ്ച നടന്നതെന്നു കോട്ടയത്തു തമ്പുരാൻ.

7. ധർമ്മപുത്രാദികളുടെ ദയനീയാവസ്ഥ കണ്ടു് ശ്രീകൃഷ്ണൻ ക്രുദ്ധനായിത്തീരുന്ന സംഭവം വ്യാസനും വർണ്ണിക്കുന്നുണ്ടു്. അർജ്ജുനന്റെ സാന്ത്വനവാക്കു കേട്ടാണ് ആ പാണ്ഡവബന്ധു ശാന്തനായിത്തീരുന്നതു്. ആട്ടക്കഥയിൽ പറയുന്ന സുദർശനകഥയും മററും ഭാരതത്തിലില്ല. ശ്രീകൃഷ്ണനെ പറഞ്ഞു സമാധാനിപ്പിക്കുന്നതു് അർജ്ജുനനല്ല, ധർമ്മപുത്രരാണുതാനും.

8. ഭാരതത്തിൽ, കിമ്മീരവധം കഴിഞ്ഞു പതിനൊന്നു കൊല്ലങ്ങൾക്കുശേഷമാണ് 'ദുര്യോധനചോദിത'നായ ദുർവ്വാസാവു് പാണ്ഡവന്മാരുടെ അടുക്കലെത്തുന്നതു്. ആട്ടക്കഥയിലാകട്ടേ, കിമ്മീരവധത്തിനു മുൻപുതന്നെ ദുർവ്വാസാവിന്റെ വരവും പോക്കുമൊക്കെ കഴിയുന്നു.

9. പാണ്ഡവന്മാരുടെ കോപത്തെ ഭയന്നു് ദുർവ്വാസാവു് നദീതീരത്തിൽനിന്നു് ശിഷ്യസമേതം ഒളിച്ചോടിപ്പോകുന്നതായി വ്യാസൻ; നദിയിൽ മുങ്ങിപ്പൊങ്ങിയപ്പോൾ വയറു നിറഞ്ഞിരിക്കുന്നതായിക്കണ്ട ആ മഹർഷി ദിവ്യദൃഷ്ടികൊണ്ടു കാര്യം മനസ്സിലാക്കി, ധർമ്മപുത്രന്റെ അടുത്തുചെന്നു് അദ്ദേഹത്തെ അനുഗ്രഹിച്ചു് 'ധൂർത്തൻ ശഠൻ കുമതി ദുര്യോധനൻ

തൻെറ ഉന്മാദമടക്കുന്നതിനു് അവിടം വിട്ടുപോകുന്നതായി ആട്ടക്കഥാകർത്താവു്.

10. സിംഹിക, ശാർദ്ദൂലൻ എന്നീ കഥാപാത്രങ്ങൾ ഭാരതത്തിലില്ല.

ഈ വ്യതിയാനങ്ങളിൽ മിക്കതും ഔചിത്യപൂർണ്ണങ്ങളാണെന്നു സാമാന്യമായി പറയാം. കാരണങ്ങൾ പലതായിരിക്കുമെന്നുമാത്രം. ക്രുദ്ധനായിത്തീർന്ന ശ്രീകൃഷ്ണനെ സമാധാനിപ്പിക്കാൻ അർജ്ജുനനു പകരം ധീരശാന്തനും ശമപ്രധാനനുമായ ധർമ്മപുത്രരെ നിയോഗിച്ചതു്, നായകഗുണപൗഷ്കല്യത്തിനു വേണ്ടിയാണു്. ഉത്തമനായികയുടെ ഗുണങ്ങൾക്കു് അനുഗുണമായിട്ടുണ്ടു്, ബ്രാഹ്മണരെ ഊട്ടാൻ നിവൃത്തിയില്ലാതെ സങ്കടപ്പെടുന്ന പാഞ്ചാലിയുടെ നിവേദനം. സേനാപരിവൃതനായ കിർമ്മീരൻെറ 'ആസ്ഥാനമണ്ഡപപ്രവേശ'വും മററും പ്രതിനായകോൽകർഷത്തിനു് അനുകൂലമായിരിക്കുന്നു. സുദർശനം, സിംഹിക, ശാർദ്ദൂലൻ എന്നീ കഥാപാത്രങ്ങളുടെ സൃഷ്ടി വേഷവൈവിദ്ധ്യംകൊണ്ടു് അരങ്ങു കൊഴുപ്പിക്കാൻവേണ്ടിയുള്ളതാണു്. ചില കഥാഭാഗങ്ങളുടെ പൗർവ്വാപര്യക്രമം തെററിച്ചതു് കഥയെ സംഭവബഹുലമാക്കാൻവേണ്ടിയാണെന്നു തോന്നുന്നു. ഇങ്ങിനെ നോക്കിയാൽ, തക്കതായ ഉദ്ദേശത്തോടുകൂടിയാണു് കോട്ടയത്തുതമ്പുരാൻ മിക്ക സ്ഥലങ്ങളിലും മൂലകഥയിൽനിന്നു വ്യതിചലിച്ചിട്ടുള്ളതെന്നു കാണാൻ കഴിയും.

## ചില അനൗചിത്യങ്ങൾ

എന്നാൽ ശാർദ്ദൂലൻേറയും സിംഹികയുടേയും സൃഷ്ടികൊണ്ടു് വേഷവൈവിദ്ധ്യമല്ലാതെ പറയത്തക്ക മെച്ചമൊന്നും ആട്ടക്കഥയ്ക്കുണ്ടായിട്ടില്ല; എന്നു മാത്രമല്ല, അല്പം ഔചിത്യഭംഗം സംഭവിച്ചിട്ടുമുണ്ടു്. മൂലകഥയിൽ കിർമ്മീരൻ ഭീമനോടു യുദ്ധത്തിനു പുറപ്പെടാനുള്ള കാരണമായി പറഞ്ഞിട്ടുള്ളതു്, സഹോദരനായ ബകനെ കൊന്നതും സുഹൃത്തായ ഹിഡിംബനെ കൊന്നു് അവൻെറ സഹോദരിയായ ഹിഡിംബിയെ പരിഗ്ര

ഹിച്ചതുമാണ്. ആ കഥാഭാഗങ്ങളോ അതിനെപ്പററിയുള്ള സൂചനപോലുമോ ആട്ടക്കഥയിലില്ല. സിംഹികയുടെ വൈധവ്യവും വികലാംഗത്വവും കണ്ടു് ആ രാക്ഷസാധിപതി ചാടിപ്പുറപ്പെടുകയും, ചെന്ന വഴിയെ ഭീമനെ പോരിനു വിളിക്കയും ചെയ്തതായിട്ടാണ് ആട്ടക്കഥയിൽ പറയുന്നതു്.* സിംഹികയെ വിധവയാക്കിയതു് ഭീമനല്ല, അർജ്ജുനനാണ്; വികലാംഗയാക്കിയതാകട്ടേ, സഹദേവനുമാണ്. ആ സ്ഥിതിക്ക് യുദ്ധത്തിനു വിളിക്കേണ്ടിയിരുന്നതു് അവരെയല്ലേ? 'മടവാരൊടു കടുതായ്തു ശം തേ കരപടുതാ' എന്നിങ്ങിനെ കിമ്മീരൻ ഭീമനോടു പറയുന്നതിനെ † സാധൂകരിക്കത്തക്കയാതൊരു സംഭവവും ആട്ടക്കഥയിൽ കാണുന്നില്ലെന്നുള്ളതും എടുത്തു പറയാവുന്ന ഒരു ന്യൂനതയാണ്.

## സാഹിത്യാംശം

കവി അർത്ഥാലങ്കാരത്തേക്കാൾ ശബ്ദാലങ്കാരങ്ങളുടെ കാര്യത്തിലാണ് കൂടുതൽ ശ്രദ്ധിച്ചിട്ടുള്ളതു്. നായകനാരാണെന്നോ അംഗിയായ രസം ഇന്നതാണെന്നോ നിർണ്ണയിക്കാൻ നിവൃത്തിയില്ല. ധർമ്മപുത്രർ ആദ്യം ഒന്നുരണ്ടു രംഗങ്ങളിൽ മാത്രമേ പ്രവേശിക്കുന്നുള്ളു. നിർവ്വഹണഘട്ടത്തിലുംകൂടി പ്രവേശിപ്പിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തെ നായകനാക്കാമായിരുന്നു. കഥാവസാനത്തിൽ മാത്രം പ്രാധാന്യം സിദ്ധിക്കുന്ന ഭീമനേയും നായകനാക്കാൻ നിവൃത്തിയില്ല രസത്തിൻെറ കാര്യവും ഇതിൽനിന്നു വ്യത്യസ്തമല്ല. അതാതു രംഗങ്ങൾക്കുചിതമായ ചില ഭാവങ്ങൾ ഓരോ രംഗത്തിലും വ്യഞ്ജിക്കുന്നുണ്ടെന്നല്ലാതെ സാംഗോപാംഗമായി പരിപുഷ്ടി പ്രാപിക്കുന്ന ഒരു അംഗിരസം കിമ്മീരവധത്തിലുണ്ടെന്നു പറയാൻ നിവൃത്തിയില്ല.

---

* 'ആഹവാസ്തു ഭീമം രുഷാ.' ഈ പതിപ്പ് പുറം 88

† ഈ പതിപ്പ് പുറം 89

DHARMARAM COLLEGE LIBRARY, BANGALORE. 19385

# തോടയം

ഹരിഹരവിധിനുത! അമരപൂജിത! ഹേ വാമനരൂപ!
ഏകദന്ത! ചതുരാത്ഭുതബല! ലംബോദരരേ!;
സകലസിദ്ധിഫലദായകരേ! പാശാങ്കുശധര!
[രജനീശധരരേ!;
വാരണാനന! നാഗാഭരണ! കാമിതഫലസാധകരേ!

ജയ ബാലഗോപാല! ജയ ഗോപികാലോല!
ജയ മൃദുലസുകപോല! ജയ രുചിരഫാല! ജയ
ജയ വിധൃതവനമാല! ജയ നമിതസുരജാല!
ജയ കനകനിഭചേല! ജയ ജയ സുശീല! ജയ
സകലജഗദാധാര! സജലജലദാകാര!
വ്രതവിഹിതസഞ്ചാര! വല്ലവീജാര! ജയ
പരിണതവയോധരണ! പാലയ രമാരമണ!
ഭൂരിപൂരിതകരുണ! പുരമിന്ദ്രശരണ! ജയ

ജഹ്നുസുതാശ്രിതമൌലേ!, ജനനീ മമ ജഗദീശ്വരി!
ഖിന്നജനേ! കിം ന ദയാ കിന്നരസന്നുത! തേ;
സിന്ധുരവരചർമ്മാംബര! ബന്ധുരതരകന്ധര! ജയ
ചിന്തിതഫലവിശ്രാണന ചിന്താമണേ! ശംഭോ!
അംബ! ദേവി! മഹാമായേ കൊല്ലൂരാദ്രിനിവാസിനി!
മല്ലബാണരിപുജായേ! പാഹി മാം മൂകാംബികേ!
സന്തതം നിൻപാദാംബുജം ചിന്മയരൂപിണി! നിത്യം
ഹന്ത നാവിൽ തോന്നീടേണം സന്തതം മൂകാംബികേ!

## വന്ദനശ്ലോകങ്ങൾ

1. സ്ഫടികധവളഭാസം ഫുല്ലകുന്ദാഭഹാസം
കനകഗിരിശരാസം കല്മഷദ്ധ്വാന്തഹംസം
വിഹിതപുരനിരാസം വാങ്മയീതീരവാസം
ഭജത ബഹുവിലാസം ബാലചന്ദ്രാവതംസം.

സ്ഫടികധവളഭാസം = സ്ഫടികത്തിൻേറതുപോലെ വെളുത്ത കാന്തിയോടുകൂടിയവനും. ഫുല്ല....ഹാസം=വിടൎന്ന കുരുക്കുത്തിമല്ലിയുടെ കാന്തിക്കുതുല്യമായി പുഞ്ചിരിതൂകുന്നവനും. കനക.... രാസം=മേരുപൎവ്വതമാകുന്ന വില്ലു ധരിച്ചവനും. കല്മഷ....ഹംസം=പാപമാകുന്ന ഇരുട്ടിനു സൂൎയ്യനായിട്ടുള്ളവനും. വിഹിത.... ..............രാസം = ത്രിപുരങ്ങളേ—അഥവാ ത്രിപുരന്മാരെ—നശിപ്പിച്ചവനും. വാങ്മയീതീരവാസം=വാങ്മയീനദിയുടെ തീരത്തിൽ വസിക്കുന്നവനും. ബഹുവിലാസം=പലതരത്തിലുള്ള അത്ഭുതകൎമ്മങ്ങൾ ചെയ്തവനുമായ. ബാലചന്ദ്രാവതംസം= ചന്ദ്രകലാധരനായ ശിവനെ. ഭജത=നിങ്ങൾ ഭജിക്കുവിൻ. (പ്രസ്തുത പദ്യത്തിൽ പരാമൃഷ്ടനായ 'ചന്ദ്രചൂഡാവതംസൻ' വാങ്മയി (വാവേലി) എന്ന പുഴയുടെ തീരത്തിലുള്ള കൊട്ടിയൂർ തൃച്ചേരമന്നെന്ന ക്ഷേത്രത്തിലെ ശിവനാണെന്നു് ഉള്ളൂർ.)

2. മാതംഗാനനമബ്ജവാസരമണീം
ഗോവിന്ദമാദ്യം ഗുരും
വ്യാസം പാണിനിഗൎഗ്ഗ നാരദ കണാ-
ദാദ്യാൻ മുനീന്ദ്രാൻ ബുധാൻ
ദുൎഗ്ഗാഞ്ചാപി മൃദംഗശൈലനിലയാം
ശ്രീ പോൎക്കലീമിഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദി നഃ
കുൎവ്വന്ത്വമീ മംഗളം.

മാതംഗാനനം=ഗജമുഖനായ ഗണപതിയേയും. അബ്ജവാസരമണീം=സരസ്വതിയേയും. ആദ്യം ഗുരും ഗോവിന്ദം=ഗോവിന്ദനാമധേയനായ പ്രഥമഗുരുവിനേയും. വ്യാസം=വ്യാസനേയും. പാണിനി........ദാദ്യാൻ=പാണിനി, ഗൎഗ്ഗൻ, നാരദൻ, കണാദൻ മുതലായ. ബുധാൻ മുനീന്ദ്രാൻ=വിദ്വാന്മാരായ മഹൎഷിമാരേയും. മൃദംഗശൈലനിലയാം=മിഴാക്കുന്നിൽ (ഇപ്പോൾ അതു് മുഴക്കുന്നായിത്തീൎന്നിട്ടുണ്ടു്.) നിവസിക്കുന്നവളും. ഇഷ്ടദാം=അഭീഷ്ടങ്ങളെ നല്കുന്നവളുമായ. ശ്രീപോൎക്കലീം ദുൎഗ്ഗാം =ശ്രീപോൎക്കലി എന്ന ദുൎഗ്ഗാ ഭഗവതിയേയും. നിത്യം=എന്നും. ഭക്ത്യാ=ഭക്തിയോടുകൂടി. ഉപാസ്മഹേ = ഞങ്ങൾ ഉപാസിക്കുന്നു; സേവിക്കുന്നു. അമീ = ഇവർ. നഃ=നമുക്കു്. മംഗളം=നന്മയെ. കുൎവ്വന്തു=ചെയ്യട്ടെ.

## കവിചരിതവൎണ്ണനം

1. അസ്തി സ്വഹസ്താൎജ്ജിതവീൎയ്യധാമ്നാം
ശസ്താ ഹരിശ്ചന്ദ്രകുലോത്ഭവാനാം
പൃത്ഥ്വീപതീനാം പുരളീതി നാമ്നാ
പുരീ പുരാരാതിനിഷേവകാണാം.

സ്വഹസ്താൎജ്ജിതവീൎയ്യധാമ്നാം=സ്വന്തം കൈയ്യുകൊണ്ടു സമ്പാദിച്ച വീൎയ്യതേജസ്സോടുകൂടിയവരും. ഹരി....വാനാം=ഹരിശ്ചന്ദ്രപ്പെരുമാളുടെ വംശത്തിൽ ജനിച്ചവരും. പുരാരാ....കാണാം=ശിവഭക്തന്മാരുമായ. പൃഥ്വീപതീനാം=രാജാക്കന്മാൎക്കു്. പുരളീ ഇതി നാമ്നാ ശസ്താ പുരീ=പുരളി എന്ന പേരിൽ പ്രസിദ്ധയായ ഒരു രാജധാനി. അസ്തി=ഉണ്ടു്.

2. ശ്രീമാനനൎഘഗുണശാലിതയാ നൃപാണാം
ഭൂഷായിതോ നിജകരാത്തസമസ്തതേജാഃ
കാമപ്രദാനമിതകല്പമഹീരുഹസ്സ
ചിന്താമണിൎജ്ജയതി കേരളവൎമ്മനാമാ.

ശ്രീമാൻ=ശ്രീമാനും. അനഘഗുണശാലിതയാ=പല നല്ല സൽഗുണങ്ങളുമുള്ളതുകൊണ്ടു്. നൃപാണാം ഭൂഷായിതഃ=രാജാക്കന്മാൎക്കെല്ലാം ഭൂഷണമായിത്തീൎന്നവനും. നിജക....തേജാഃ=തന്റെ കരബലംകൊണ്ടു നേടിയ എല്ലാ പ്രതാപങ്ങളോടുകൂടിയവനും. കാമപ്രദാനമിതകല്പമഹീരുഹഃ=അൎത്ഥികൾക്കുവേണ്ടതെല്ലാം കൊടുക്കുന്നതുകൊണ്ടു കല്പവൃക്ഷമായി കരുതപ്പെടുന്നവനും. കേരളവൎമ്മനാമാ സഃ ചിന്താമണിഃ=കേരളവൎമ്മ എന്നു പേരുള്ള ആ പ്രസിദ്ധമായ ചിന്താമണി. ജയതി=ജയിക്കുന്നു; സൎവ്വോൽകൎഷേണ വൎത്തിക്കുന്നു.

3. തദനന്തരജേന നിൎമ്മിതം
തദിദം പാണ്ഡുഭവാം കഥാമൃതം
സ്വദതേ സ്വദതാം ദയാലവൈ-
ൎയ്യദുനാഥാംഘ്രിസമൎപ്പിതാത്മനാം.

തദനന്തരജേന നിൎമ്മിതം=അദ്ദേഹത്തിന്റെ അനന്തരജനാൽ (അനുജനോ അനന്തരവനോ ആകാം. ഉള്ളൂർ അനുജൻ എന്ന അൎത്ഥവും ആററൂർ അനന്തരവൻ എന്ന അൎത്ഥവുമാണു് അംഗീകരിച്ചിട്ടുള്ളതു്.) നിൎമ്മിക്കപ്പെട്ട. പാണ്ഡുഭവാം തൽ ഇദം കഥാമൃതം=പാണ്ഡവന്മാരുടെ പ്രസിദ്ധമായ ഈ കഥാമൃതം. ദയാലവൈഃ സ്വദതാം=ദയാപൂൎവ്വം ആസ്വദിക്കുന്ന. യദുനാ....ത്മനാം=ശ്രീകൃഷ്ണന്റെ പാദങ്ങളിൽ ആത്മസമൎപ്പണം ചെയ്ത ഭക്തന്മാൎക്കു്. സ്വദതേ=രസിക്കുന്നു; രസമുണ്ടാക്കിത്തീൎക്കുന്നു. ശ്രീകൃഷ്ണഭക്തന്മാരായ പാണ്ഡവന്മാരുടെ കഥ, ഭഗവൽഭക്തന്മാരായ ആളുകൾക്കു തീൎച്ചയായും രസിക്കാതിരിക്കയില്ലെന്നു സാരം.

# കിർമ്മീരവധം

## കഥകളി

### പുറപ്പാടശ്ലോകം

ശങ്കരാഭരണം

1. പാൎത്ഥാഃ പ്രത്യൎത്ഥിവൎഗ്ഗപ്രശമനപടവോ-
 പ്യൎദ്ധരാജ്യം സ്വകീയം
 കൃത്വാ ദ്യൂതേഥ ശുല്കം വിദുരനിലയനേ
 മാതരം സന്നിധായ
 കൃത്വാ തീൎത്ഥപ്രചാരം പ്രകടിതവനവാ-
 സാപദേശേന പത്ന്യാ
 സാൎദ്ധം ധൌമ്യേന വിപ്രൈൎവ്വിവിശുരപി വനം
 കാമ്യകം സൌമ്യശീലാഃ.

---

### ഭാവാൎത്ഥദീപിക

ശ്ലോകം 1—അഥ=അതിനു ശേഷം. (അൎദ്ധരാജ്യത്തിനു് അധിപതിയായി അഭിഷേകം ചെയ്യപ്പെട്ട ധൎമ്മപുത്രരുടെ രാജസൂയത്തിനു ശേഷമെന്നൎത്ഥം). പാൎത്ഥാഃ=പൃഥ(കുന്തി)യുടെ മക്കളായ പാണ്ഡവന്മാർ. പ്രത്യൎത്ഥിവൎഗ്ഗപ്രശമനപടവഃ അപി=ശത്രുസമൂഹത്തെ നശിപ്പിക്കുന്നതിനു സാമൎത്ഥ്യമുള്ളവരാണെങ്കിലും. സൌമ്യശീലാഃ=ശാന്തസ്വഭാവന്മാരായിട്ടു്. സ്വകീയം അൎദ്ധരാജ്യം=തങ്ങളുടെ പകുതി രാജ്യത്തെ. ദ്യൂതേ ശുല്കം കൃത്വാ=ചൂതുകളിയിൽ പണയപ്പെടുത്തീട്ടു്. മാതരം വിദുരനിലയനേ സന്നിധായ=മാതാവിനെ (അമ്മയായ കുന്തീദേവിയെ) വിദുരന്റെ വീ

ചെമ്പട താളം

ചന്ദ്രവംശജലനിധിചാരുരത്നങ്ങളാം
ചന്ദ്രികാവിശദസഹജോരുകീൎത്തിയുള്ളോർ
കുന്തീസുതന്മാരമിത്രാന്തകന്മാർ പരം
സന്തതം യദുനന്ദനചിന്താതൽപരന്മാർ

---

ട്ടിൽ താമസിപ്പിച്ചു്. പ്രകടിത വനവാസാപദേശേന=വനവാസമെന്ന വ്യാജം പുറമേ നടിച്ചു്; വനവാസത്തിനായിട്ടാണെന്നു പറഞ്ഞു്. തീൎത്ഥപ്രചാരം കൎത്തും=തീൎത്ഥാടനം ചെയ്യുന്നതിനുവേണ്ടി. പത്ന്യാ ധൗമ്യേന വിപ്രൈഃ അപി സാൎദ്ധം=ഭാൎയ്യയോടും ധൗമ്യൻ എന്ന പുരോഹിതനോടും ബ്രാഹ്മണന്മാരോടും കൂടി. കാമ്യകം വനം വിവിശുഃ=കാമ്യകമെന്നു പേരായ വനത്തിൽ പ്രവേശിച്ചു.

അനീതിയും വഞ്ചനയും പ്രയോഗിച്ച കൗരവന്മാരോടു പകരം ചോദിക്കാനുള്ള കഴിവുണ്ടായിരുന്നിട്ടും അതു് അധൎമ്മ്യമായിരിക്കുമെന്നു കരുതീട്ടാണു് പാണ്ഡവന്മാർ ദുൎയ്യോധനാദികളോടു പകരം ചോദിക്കാൻ ഒരുമ്പെടാതിരുന്നതെന്നു കവി പ്രസ്തുത ശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കുന്നു. 'സൌമ്യശീലാഃ' എന്ന അഭിപ്രായഗൎഭമായ വിശേഷണപദത്തിൽനിന്നാണു് ഈ ധ്വനി കിട്ടുന്നതു്. **അലങ്കാരം പരികരം.** ലക്ഷണം: "വരും പരികരം ചൊന്നാൽ സാഭിപ്രായം വിശേഷണം."

വൃത്തം — സ്രഗ്ദ്ധര

ലക്ഷണം — ഏഴേഴായ് മൂന്നു ഖണ്ഡം മരഭനയയയം
സ്രഗ്ദ്ധരാവൃത്തമാകും.

പദം — ചന്ദ്രവം.... രത്നങ്ങൾ- ചന്ദ്രവംശമാകുന്ന സമുദ്രത്തിലുണ്ടായ മനോഹരങ്ങളായ രത്നങ്ങൾ. ചന്ദ്രികാ.... കീൎത്തിയുള്ളോർ=ചന്ദ്രപ്രകാശം പോലെ നിൎമ്മലവും സ്വഭാവസിദ്ധവുമായ വലിയ കീൎത്തിയുള്ളവർ. കുന്തീസുതന്മാർ=കുന്തിയുടെ പുത്രന്മാർ; പാണ്ഡവന്മാർ. അമിത്രാന്തകന്മാർ=ശത്രുക്കൾക്കു്

ചൂതുകളിച്ചതിൽ നിജപാതിരാജ്യം പണയവും
മാതാവിനെ വിദുരൻെറ ഗേഹത്തിലുമാക്കി
പുണ്യതീർത്ഥാടനം ചെയ്യാൻ ധന്യനാം ധൌമ്യൻ-
തന്നോടും തനൂംഗിയാം പാഞ്ചാലനന്ദിനി
[തന്നോടും
ഒന്നിച്ചുപോന്നുള്ള വിപ്രവൃന്ദത്തൊടും
കാമ്യകകാനനംതന്നിൽ സൌമ്യശീലന്മാർ പൂകി.

## രംഗം 1

**കവിവാക്യം**

കാമോദരി—ചെമ്പട

2. മാർഗ്ഗേ തത്ര നഖംപചോഷ്മളരജഃ-
പുഞ്ജേ ലലാടന്തപ-
ഗ്രീഷ്മോഷ്മദ്യുതിതാമ്യദാനനസരോ-
ജാതാം വിലോക്യാദരാൽ

---

കാലന്മാരായിട്ടുള്ളവർ; ശത്രുക്കളെ നശിപ്പിക്കുന്നവർ. സന്തതം=എപ്പൊഴും. യദു........പരന്മാർ=ശ്രീകൃഷ്ണദ്ധ്യാനത്തിൽ താൽപര്യമുള്ളവർ. നിജപാതിരാജ്യം=തങ്ങളുടെ പകുതി രാജ്യം. ഗേഹം=ഗൃഹം. തീർത്ഥാടനം=തീർത്ഥങ്ങളിലേക്കുള്ള അടനം (സഞ്ചാരം). തനൂംഗി=സുന്ദരി. പാഞ്ചാലനന്ദിനി=പാഞ്ചാലരാജാവിൻെറ നന്ദിനി (പുത്രി); പാഞ്ചാലി. വിപ്രവൃന്ദം=ബ്രാഹ്മണസമൂഹം. കാമ്യകകാനനം=കാമ്യകം എന്നു പേരുള്ള കാനനം (കാട്ട്).

ശ്ലോകം 2—സഃ ധർമ്മാത്മജഃ=ആ ധർമ്മപുത്രർ. തത്ര=അവിടെ; ആ കാട്ടിൽ. മദ്ധ്യാഹ്നേ=നട്ടുച്ചയ്ക്ക്. നഖംപചോഷ്മളരജഃപുഞ്ജേ മാർഗ്ഗേ=നഖത്തെപ്പോലും ചൂടുപിടിപ്പിക്കത്തക്കവിധം ചുട്ടുപഴുത്തുകിടക്കുന്ന മണലോടുകൂടിയ വഴിയിൽ. ലലാടം.... ...ജാതാം=നെററി പൊള്ളിക്കുന്ന വേനൽക്കാലത്തെ

വാത്യോദ്ധൂളിതധൂളീജാലമലിന-
ച്ഛായാം സ ധമ്മാത്മജോ
മദ്ധ്യാഹ്നേ പരിദൂയമാനഹൃദയ-
സ്താമബ്രവീൽ ദ്രൌപദീം.

(ധമ്മപുത്രരും പാഞ്ചാലിയും പ്രവേശിക്കുന്നു.)

**ധർമ്മപുത്രൻ**

പല്ലവി

ബാലേ! കേൾ നീ മാമകവാണി കല്യേ! കല്യാണി!

അനുപല്ലവി

പാലോലുംമൊഴിമാർകുലതിലകേ!
പാഞ്ചാലാധിപസുകൃതവിപാകേ! (ബാലേ)

---

ചൂടുള്ള വെയിൽകൊണ്ടു വാടിയ മുഖാംബുജത്തോടുകൂടിയവളും. (ആനനം=മുഖം. സരോജാതം=താമരപ്പൂ). വാത്യോദ്ധൂ....ച്ഛായാം=കൊടുങ്കാററു പറത്തിയ പൊടിയേററു മങ്ങിയ ദേഹകാന്തിയോടുകൂടിയവളും ആയ. താം ദ്രൗപദീം വിലോക്യ=ആ പാഞ്ചാലിയെ കണ്ടിട്ട്. പരിദൂയമാനഹൃദയഃ=പരിദൂയമാനമായ (അത്യന്തം ദുഃഖിക്കുന്ന) ഹൃദയത്തോടുകൂടിയവനായിട്ട്; വളരെ സങ്കടപ്പെട്ടുകൊണ്ട്. ആദരാൽ=ആദരവോടുകൂടി; സ്നേഹജന്യമായ ആദരവാണ് ഇവിടെ വിവക്ഷിതം. അബ്രവീൽ=(താഴെ കാണും പ്രകാരം) പറഞ്ഞു.

വൃത്തം—ശാർദ്ദൂലവിക്രീഡിതം.

ലക്ഷണം—പന്ത്രണ്ടാൽ മസജം സതം ത ഗുരുവും
ശാർദ്ദൂലവിക്രീഡിതം

പല്ലവി—മാമകവാണി=എന്റെ വാക്ക്. കല്യ=സമർത്ഥ. കല്യാണി=നല്ല സ്വഭാവമുള്ളവൾ.

അനുപല്ലവി—പാലോലും....തിലകേ=പാൽപോലെ മധുരമായ വാക്കുകളോടുകൂടിയ സ്ത്രീവർഗ്ഗത്തിനു പൊട്ടായിട്ടുള്ളവ

ചരണം 1

കാളാംബുദരുചിതേട്ടം വിപിനേ
കാമിനി വന്നതിനാലതിഗഹനേ
ഡോളായിതമിഹ മാമകഹൃദയം
ലോകോത്തരഗുണശാലിനി സദയം (ബാലേ)

ചരണം 2

തളരുന്നു ഗൃഹചംക്രമണേന
തളിരോടിടയും തവ പദയുഗളം
കളമൊഴിമാരണിയുംമുടിമാലേ!
കഥമിവ സഹതേ കാനനചരണം? (ബാലേ)

ചരണം 3

വികസതി ദിനകരകിരണൈരധികം
വിരവോടിതരസരോരുഹനിവഹം

---

ളേ!; മധുരഭാഷിണികളായ സ്ത്രീകളിൽവെച്ച് അത്യുത്തമ എന്നു സാരം. പാഞ്ചാലാ....പാകേ=പാഞ്ചാലരാജാവു ചെയ്ത പുണ്യത്തിൻെറ ഫലമായി ജനിച്ചവളേ!

ചരണം 1—കാളാംബുദരുചി=കാർമേഘത്തിൻെറ കാന്തി. അതിഗഹനേ വിപിനേ = കൊടുങ്കാട്ടിൽ. ഡോളായിതം=(എന്തു ചെയ്യണമെന്നറിയാതെ) ആടിക്കൊണ്ടിരിക്കുന്നതു്. ഇഹ=ഇവിടെ. മാമകഹൃദയം=എൻെറ ഹൃദയം. ലോകോത്തരഗുണശാലിനി=അസാധാരണങ്ങളായ സൽഗുണങ്ങളുള്ളവൾ.

ചരണം 2—ഗൃഹചംക്രമണേന=വീട്ടിൽ നടക്കുന്നതുകൊണ്ടു്. തളിരോ....യുഗളം=തളിരുപോലെ മൃദുവായ നിൻെറ കാലു രണ്ടും. കളമൊഴി=മധുരമായി സംസാരിക്കുന്നവൾ. കഥം= എങ്ങിനെ. കഥം സഹതേ=എങ്ങിനെയാണു സഹിക്കുന്നതു്? കാനനചരണം=കാട്ടിലെ സഞ്ചാരം.

ചരണം 3—ഇതര സരോരുഹനിവഹം=മററു താമരപ്പൂക്കൾ. (നിവഹം=സമൂഹം). ദിനകരകിരണൈഃ=സൂര്യരശ്മിക

ശുകഭാഷിണി! ബത തവ മുഖകമലം
സുന്ദരി വാടീടുന്നതിവേലം (ബാലേ)

ചരണം 4

മണിമയസദനേ മോഹനശയനേ
മണമിയലും നവകുസുമാസ്തരണേ
മദനരസേന രമിച്ചീടും നീ
മധുമൊഴി വാഴുന്നെങ്ങിനെ വിപിനേ? (ബാലേ)

## കവിവാക്യം

എരിക്കിലക്കാമോദരി—അടന്ത

3. ദീനദൈന്യദമനം ദയിതാ സാ
ശൃണ്വതീ സുമധുരം പ്രിയവാക്യം

---

ളെക്കൊണ്ടു്. അധികം വികസതി=നല്ലപോലെ വികസിക്കുന്നു (വിടരുന്നു.) തവ മുഖകമലം=നിൻെറ മുഖമാകുന്ന താമരപ്പൂവാകട്ടേ. അതിവേഗം വാടിടുന്നു ബത=അത്യന്തം വാടിപ്പോകുന്നല്ലൊ, അത്ഭുതംതന്നെ. (സൂര്യകിരണങ്ങളേററാൽ മററു കമലങ്ങളെല്ലാം നല്ലപോലെ വികസിക്കയാണു് ചെയ്യുന്നതെന്നിരിക്കേ, നിൻെറ മുഖകമലം മാത്രം തീരെ വാടിപ്പോകുന്നതു് അത്ഭുതകരമായിരിക്കുന്നു എന്നു സാരം.)

ചരണം 4—മണിമയസദനേ=രത്നങ്ങളെക്കൊണ്ടലങ്കരിച്ച ഗൃഹത്തിൽ. മോഹനശയനേ=മനോഹരമായ കിടക്കയിൽ. മണമി....സ്തരണേ=നല്ല സുഗന്ധമുള്ള പുതിയ പൂക്കറം വിരിച്ചിട്ടുള്ളതിൽ. മദനരസേന = കാമരസത്തോടുകൂടി. രമിക്കു=സുഖിക്കുക. മധുമൊഴി=തേൻപോലെ മധുരമായി സംസാരിക്കുന്നവറം; തേൻമൊഴി. വിപിനേ=കാട്ടിൽ.

ശ്ലോകം 3—ദ്രുപദരാജതനുജാ സാ ദയിതാ = ദ്രുപദരാജാവിൻെറ മകളായ ആ ദയിത (ഭാര്യ). ദീനദൈന്യദമനം സുമധുരം പ്രിയവാക്യം ശൃണ്വതീ=ദുഃഖിതന്മാരുടെ സങ്കടത്തെ ശമിപ്പിക്കുന്നതും അത്യന്തം മധുരവുമായ ഭർത്തൃവാക്യം കേട്ടു്. നരേ

ഭാരതീമിതി നരേന്ദ്രമുദാരാ-
മബ്രവീൽ ദ്രുപദരാജതനൂജാ.

**പാഞ്ചാലി**

പല്ലവി

കാന്ത! ചിന്തിക്കിലിതിലേറെ-
യെന്തൊരു സന്താപമിന്നിഹ മേ?

അനുപല്ലവി

ശാന്തമാനസ! ശന്തനുകുലദീപ!
കിം ത്വയാ ന വിദിതം കൃപാസിന്ധോ? (കാന്ത)

ചരണം 1

കുമതികൾവരനാകും കുരുനൃപസഹജനാൽ
ഗുരുജനസവിധേ കൃതമവമാനം

---

ന്ദ്രം=രാജാവിനോട്; ധർമ്മപുത്രരോട്. ഉദാരാം ഭാരതീം=ഉൽകൃഷ്ടമായ ഭാരതിയെ. (ഭാരതി=വാക്ക്) ഇതി=താഴെ കാണുംപ്രകാരം; ഇങ്ങനെ. അബ്രവീൽ=പറഞ്ഞു.

വൃത്തം—സ്വാഗത

ലക്ഷണം—സ്വാഗതയ്ക്കു രനഭം ഗുരു രണ്ടും.

പല്ലവി—കാന്ത!=അല്ലയോ ഭർത്താവേ! ചിന്തിക്കിൽ=ആലോചിച്ചുനോക്കിയാൽ. സന്താപം=ദുഃഖം.

അ: പ:—ശന്തനുകുലദീപൻ=ശന്തനുവിൻെറ വംശത്തിനു വിളക്കായിട്ടുള്ളവൻ; അലങ്കാരഭൂതൻ എന്നർത്ഥം. ത്വയാ കിം ന വിദിതം?=അങ്ങയാൽ എന്താണറിയപ്പെടാത്തതായിട്ടുള്ളതു്; അങ്ങു മനസ്സിലാക്കാത്തതായി ഒന്നുമില്ലെന്നർത്ഥം. കൃപാസിന്ധു=ദയയുടെ സമുദ്രം; വലിയ ദയാലു.

ചരണം 1—കുമതികൾവരൻ=വലിയ ദുർബുദ്ധി. കുരുനൃപസഹജൻ=കുരുനൃപ (ദുര്യോധന)ൻെറ സഹോദരൻ. ഗുരുജനസവിധേ=ഗുരുജനങ്ങളുടെ മുമ്പിൽവെച്ചു്. കൃതം അവമാനം=

കമനീയാംഗ! കമലവിലോചന!
കരുണാസാഗര! കഥമിവ കഥയേ
നരപതേ സൌമ്യതരമതേ! ഭൂരി-
കൃപാനിധേ! ഖേദം നഹി ബത കിമു തേ? (കാന്ത)

ചരണം 2

മഹീപാലരണിഞ്ഞീടും മകുടേഷു വിളങ്ങുന്ന
മണിദീപിതമായുള്ള തവ പദയുഗളം
മാൎഗ്ഗമദ്ധ്യേ തപ്തമണലിലിതിങ്ങിനെ
മരുവിടുന്നതിനാൽ മനസി മേ ശോകം
വളരുന്നു മേനി തളരുന്നു താപം
കലരുന്നു ഹന്ത കിമിഹ ഞാൻ പറയുന്നു?

ചരണം 3

അതൊക്കവേ സഹിക്കിലുമകതാരിലൊരു ഖേദം
അധികമായ് വളരുന്നിതധുനാ കേട്ടാലും

---

ചെയ്യപ്പെട്ട അവമാനം. കമനീയാംഗൻ=സുന്ദരൻ. കമലവിലോചനൻ=താമരക്കണ്ണൻ. കരുണാസാഗരൻ = അത്യന്തം ദയാലു. കഥം ഇവ കഥയേ=ഞാൻ എങ്ങിനെയാണ് പറഞ്ഞറിയിക്കേണ്ടതു്? സൌമ്യതരമതി=വളരെ സൌമ്യബുദ്ധി; അത്യന്തം ശാന്തശീലനെന്നൎത്ഥം. തേ ഖേദം നഹി കിമു?=അങ്ങേയ്ക്കു് (ഇക്കാൎയ്യത്തിൽ) സങ്കടമില്ലേ?

ചരണം 2—മഹീപാലർ=രാജാക്കന്മാർ. മകുടേഷു=കിരീടങ്ങളിൽ. മണിദീപിതം=രത്നങ്ങളാൽ പ്രകാശിപ്പിക്കപ്പെട്ട. തവ പദയുഗളം=അങ്ങയുടെ രണ്ടു കാലടികഠം. മാൎഗ്ഗമദ്ധ്യേ=വഴിനടുവിൽവെച്ച്. തപ്തമണൽ=ചുട്ടുപഴുത്ത മണൽ. മേ മനസി=എന്റെ മനസ്സിൽ. ശോകം=ദുഃഖം. മേനി=ദേഹം. താപം=സങ്കടം. ഞാൻ കിം ഇഹ പറയുന്നു?=ഇതിനെപ്പററി കൂടുതലായി ഞാനെന്താണ് പറയേണ്ടതു്?

ചരണം 3—അതൊക്കവേ സഹിക്കിലും=ഇപ്പറഞ്ഞ സങ്കടമെല്ലാം സഹിക്കാമെന്നുവെച്ചാലും. അകതാരിൽ=മനസ്സിൽ;

അനശനേന പരമാബാലവൃദ്ധ-
മവനീദേവന്മാരുമഴലോടേയടവിയിൽ
വസിക്കുമോ ദൂരം നടക്കുമോ ചൂട്
സഹിക്കുമോ? കണ്ടാലിതു തവ പൊറുക്കുമോ?

(രണ്ടുപേരും പോകുന്നു)

## രംഗം 2

**കവിവാക്യം**

മാരധനാശി—മുറിയടന്ത

4. നാഹം ശോചാമി നാഥ! ത്വദനുഗമനതഃ
കാനനേ പാദചാരൈഃ
കിന്ത്വഷ്ടാശീതിസാഹസ്രകധരണിസുരാം-
സ്ത്വാം ശരണ്യം പ്രപന്നാൻ
അദ്യാഹം ഭോജയേയം കഥമിതി ഹൃദയേ
ക്ലേശ ഏതാവദിത്ഥം

---

ഉള്ളിൽ. ഖേദം=ദുഃഖം. അധുനാ=ഇപ്പോൾ. അനശനേന=ആഹാരമൊന്നുമില്ലാതെ. അവനിദേവന്മാർ=ബ്രാഹ്മണർ. അഴൽ=സങ്കടം. അടവി=കാട്ട്. ഇതു കണ്ടാൽ=ബ്രാഹ്മണർ ആഹാരമൊന്നും കഴിക്കാതെ പിൻതുടരുന്നതു കണ്ടാൽ.

ശ്ലോകം 4—നാഥ!=അല്ലയോ പ്രാണനാഥ! അഹം=ഞാൻ. കാനനേ=കാട്ടിൽ. പാദചാരൈഃ ത്വദനുഗമനതഃ=കാൽ നടയായി അങ്ങയെ അനുഗമിക്കുന്നതുകൊണ്ട്. ന ശോചാമി=സങ്കടപ്പെടുന്നില്ല. കിം തു = എന്നാൽ. ത്വാം ശരണ്യം പ്രപന്നാൻ=അങ്ങയെ രക്ഷിതാവായി കരുതി പിൻതുടരുന്ന. അഷ്ടാശീതി....ധരാൻ=എണ്പത്തെണ്ണായിരം ബ്രാഹ്മണരെ. അദ്യ അഹം കഥം ഭോജയേയം=ഇന്നു ഞാൻ എങ്ങിനെയാണ് ഊട്ടേണ്ടതു്? ഇതി ഏകഃ ക്ലേശഃ=എന്നുള്ള ഒരൊററ സങ്കടം മാത്രമേ. മമ ഹൃദി (വർത്തതേ) = എൻെറ ഹൃദയത്തിലുള്ളൂ. ഇത്ഥം

പ്രേയസ്യാ പ്രോച്യമാനോ നരപതിരഥ തം
ധൌമ്യമേവം ബഭാഷേ.

(ധൌമ്യമഹർഷിയും ധർമ്മപുത്രരും പ്രവേശിക്കുന്നു.)

**ധർമ്മപുത്രൻ:-**

പല്ലവി

താപസമൌലേ! ജയ ജയ താപസമൌലേ!

അനുപല്ലവി

താപമകലുവാനായ് താവകപാദങ്ങൾ
താമസമെന്നിയേ ഞാൻ തൊഴുന്നേൻ (താപസ)

ചരണം 1

കുടിലൻ കൌരവൻ തൻെറ കുസൃതികൊണ്ടകപ്പെട്ടി-
തടവിയിലനുവാസരമാവാസം (താപസ)

**ധൌമ്യൻ:-**

പല്ലവി

പാർത്ഥിവമൌലേ! ചിരം ജീവ! പാർത്ഥിവമൌലേ!

---

പ്രേയസ്യാ പ്രോച്യമാനഃ നരപതിഃ = ഇങ്ങിനെ പ്രേയസി (ഭാര്യ)യാൽ പറയപ്പെട്ട രാജാവ് (ധർമ്മപുത്രർ). അഥ=അതിനു ശേഷം. തം ധൌമ്യം ഏവം ബഭാഷേ=ആ ധൌമ്യനോട് ഇങ്ങിനെ പറഞ്ഞു.

വൃത്തം— സ്രഗ്ദ്ധര.

പല്ലവി—താപസമൌലി=മഹർഷിശ്രേഷ്ഠൻ.

അ: പ:—താപം=ദുഃഖം. താവകപാദങ്ങൾ=അവിടത്തെ കാലടികൾ.

ചരണം 1—കുടിലൻ=വഞ്ചകൻ. അടവി=കാട്. അനുവാസരം=ദിവസംതോറും. ആവാസം=താമസം.

പല്ലവി—പാർത്ഥിവമൌലി=രാജശ്രേഷ്ഠൻ. ചിരം ജീവ=അങ്ങു വളരെക്കാലം ജീവിച്ചിരുന്നാലും.

അനുപല്ലവി

മൂർദ്ധനി വിലിഖിതം മററമന്യഥാകൎത്തും
മൂൎത്തികൾ മൂവരാലുമെളുതാമോ? (പാൎത്ഥിവ)

ചരണം 2

കമലലോചനനായ കമലാവല്ലഭൻതൻെറ
കരുണാ നിങ്ങളെ നിയതം കാത്തരുളും (പാൎത്ഥിവ)

**ധർമ്മപുത്രൻ:-**

ചരണം 3

പരപരിഭവത്തെക്കാൾ ചെരുതായിട്ടൊരു താപം
പരിചോടുണ്ടതുമധുനാ ചൊല്ലീടാം (താപസ)

ചരണം 4

അവനീദേവകൾക്കന്നം അനുദിനം കൊടുത്തു ഞാൻ
അവനംചെയ്യുതുമെങ്ങിനെ ഈ വിപിനേ? (താപസ)

**ധൗമ്യൻ** ചരണം 5

മിഹിരസേവയെച്ചെയ്ക മനുകുലമണിദീപ!
മനസി ശോകം കളയും അവൻതന്നെ (പാൎത്ഥിവ)

---

അനുപല്ലവി—മൂൎദ്ധനി വിലിഖിതം=തലയിലെഴുത്തു്. അന്യഥാ കൎത്തും=മറെറാരുതരത്തിലാക്കിത്തീൎക്കാൻ. മൂൎത്തികൾ മൂവർ=ത്രിമൂൎത്തികൾ; ബ്രഹ്മാവു്, വിഷ്ണു, ശിവൻ ഇവരാണു് ത്രിമൂൎത്തികൾ.

ചരണം 2—കമലലോചനൻ=താമരക്കണ്ണൻ. കമലാവല്ലഭൻ=ശ്രീകൃഷ്ണൻ. കരുണ=ദയ. നിയതം=എപ്പൊഴും.

ചരണം 3—പരപരിഭവം=ശത്രുവിൻെറ നിന്ദ. താപം=ദുഃഖം. അധുനാ=ഇപ്പോൾ.

ചരണം 4—അവനീദേവകൾ=ബ്രാഹ്മണർ. അന്നം=ചോറു്. അനുദിനം=ദിവസം തോറും. അവനംചെയ്ക=പോററുക. വിപിനേ=കാട്ടിൽ.

**ധർമ്മപുത്രൻ:-**

ചരണം 6

മഹിതമാകിയ തവ വചനം കേട്ടതുമൂലം
മനമതിലഴലകന്നു മഹാത്മൻ! (താപസ)

(രണ്ടുപേരും പോകുന്നു.)

## രംഗം 3

**കവിവാക്യം**

ശ്രീകണ്ഠി

5. വിപ്രാംശ്ച വിപ്രവരകേതുനിവിഷ്ടചിത്താ-
നാശാസ്യ ചാത്മമഹിഷീം ഗുരുസന്നിദേശാൽ
തുഷ്ടാവ ഭാസ്കരമുദാരമനാസ്തദാനീം
രാജാപി കോരകിതചാരുകരാരവിന്ദഃ.

---

ചരണം 5—മിഹിരസേവ = മിഹിര(സൂര്യ്യ)ന്റെ സേവ. മിഹിരസേവയെച്ചെയ്തു=സൂര്യ്യനെ തപസ്സുചെയ്തു. മനസി ശോകം=മനസ്സിലെ ദുഃഖം.

ചരണം 6—മഹിതം=ശ്രേഷ്ഠം. തവ വചനം=അങ്ങയുടെ വാക്ക്. അഴൽ=ദുഃഖം.

ശ്ലോകം 5—തദാനീം=അപ്പോൾ. ഉദാരമനാഃ=ഉദാരമനസ്സനായ; ഉദാരശീലനായ. രാജാ=രാജാവു്; ധർമ്മപുത്രർ. വിപ്രവരകേതുനിവിഷ്ടചിത്താൻ=ഗരുഡദ്ധ്വജനായ ശ്രീകൃഷ്ണനിൽ മനസ്സുറപ്പിച്ചവരായ. (വി=പക്ഷി. വിപ്രവരൻ=പക്ഷിരാജൻ; ഗരുഡൻ. കേതു=ധ്വജം. വിപ്രവരകേതു=ഗരുഡൻ ധ്വജത്തിലുള്ളവൻ; ഗരുഡദ്ധ്വജൻ.) വിപ്രാൻ=ബ്രാഹ്മണരേയും. ആത്മമഹിഷീം ച=തന്റെ പ്രിയതമയേയും. ആശ്വാസ്യ=ആശ്വസിപ്പിച്ചിട്ടു്. ഗുരുസന്നിദേശാൽ=ഗുരുവായ ധൗമ്യന്റെ നിർദ്ദേശമനുസരിച്ചു്. കോരകിത........വിന്ദഃ=കോരകിതവും (കൂ

(തപസ്സുചെയ്യുന്ന നിലയിൽ ധർമ്മപുത്രൻ പ്രവേശിക്കുന്നു.)

**കവിവാക്യം**

മദ്ധ്യമാവതി—ചെമ്പട

6. അഥാഭിഗമ്യാന്തികമംശുമാലീ
നരാധിപസ്യാദരഭക്തിഭാജഃ
തമബ്രവീൽ സങ്കുചിതാംശുജാലഃ;
സന്മാർഗ്ഗഭാജാം പ്രകൃതിഃ കിലൈഷാ.

---

പ്പിയതും) ചാരു (മനോഹര)വുമായ കരകമലങ്ങളോടുകൂടിയവനായിട്ട്. ഭാസ്കരം തുഷ്ടാവ=ആദിത്യഭഗവാനെ സ്തുതിച്ചു.

വൃത്തം—വസന്തതിലകം.

ലക്ഷണം—ചൊല്ലാം വസന്തതിലകം തഭജം ജഗം ഗം.

ശ്ലോകം 6—അഥ=അതിനുശേഷം. അംശുമാലീ=സൂര്യൻ. സങ്കുചിതാംശുജാലഃ = രശ്മിസമൂഹത്തെയെല്ലാം ചുരുക്കിക്കൊണ്ട്. ആദരഭക്തിഭാജഃ നരാധിപസ്യ = ആദരവോടും ഭക്തിയോടും കൂടിയ രാജാവിൻെറ. അന്തികം അഭിഗമ്യ = അടുത്തു ചെന്നു്. തം അബ്രവീൽ=അദ്ദേഹത്തോടുപറഞ്ഞു. സന്മാർഗ്ഗഭാജാം പ്രകൃതിഃ=സന്മാർഗ്ഗത്തെ ആശ്രയിക്കുന്നവരുടെ; സന്മാർഗ്ഗചാരികളുടെ എന്നർത്ഥം. (സന്മാർഗ്ഗപദത്തിന്നു് നല്ല വഴിയെന്നും സത്തുക്കളുടെ മാർഗ്ഗമെന്നും അർത്ഥം പറയാം.) പ്രകൃതിഃ = സ്വഭാവം. ഏഷാ കില=ഇതാണല്ലോ. ഭക്തന്മാരുടെ അടുക്കൽ തൻെറ പ്രാഭവം പ്രദർശിപ്പിക്കാതിരിക്ക എന്നതു് സജ്ജനങ്ങളുടെ സ്വഭാവമാണല്ലോ എന്നർത്ഥം

അലങ്കാരം—അർത്ഥാന്തരന്യാസം

ലക്ഷണം— 'സാമാന്യം തൻ വിശേഷം താൻ
ഇവയിൽ പ്രസ്തുതത്തിന്നു്
അർത്ഥാന്തരന്യാസമാകു-
മന്യംകൊണ്ടു സമർത്ഥനം.'

## സൂൎയ്യഭഗവാൻ

പല്ലവി

(സൂൎയ്യഭഗവാൻ പ്രവേശിച്ചു ധൎമ്മപുത്രരെ അനുഗ്രഹിക്കുന്നു.)

7. നരവരശിഖാമണേ! രാജൻ! (നര)

അനുപല്ലവി

സുജനനമനരത! സോമകുലകുമുദവനരാജ! (നര)

ചരണം 1

തുഷ്ടോഹമിന്നു തവ തപസാ ശുചം
ദൂരീകുരുഷ്വ മമ വചസാ ഭവാ-
നിഷ്ടമെന്തെന്നു ഹൃദി ചൊൽകെടോ തരസാ.

---

വൃത്തം—ഉപജാതി.

ലക്ഷണം— അത്രേന്ദ്രവജ്രാംഘ്രിയുപേന്ദ്രവജ്ര
കലൎന്നുവന്നാലുപജാതിയാകും.

പല്ലവി—നരവരശിഖാമണി=രാജാക്കന്മാൎക്കു ശിരോരത്നമായിട്ടുള്ളവൻ.

അ: പ:—സുജനനമനരതൻ = സജ്ജനങ്ങളെ വണങ്ങുന്നതിൽ താല്പൎയ്യമുള്ളവൻ. സോമകു........രാജൻ=ചന്ദ്രവംശമാകുന്ന ആമ്പൽക്കൂട്ടത്തിനു് ചന്ദ്രനായിട്ടുള്ളവൻ.

ചരണം 1—തവ തപസാ ഇന്നു് അഹം തുഷ്ടഃ=അങ്ങയുടെ തപസ്സുകൊണ്ടു് ഇന്നു ഞാൻ സന്തുഷ്ടനായിരിക്കുന്നു. മമ വചസാ ശുചം ദൂരീകുരുഷ്വ=എന്റെ വാക്കനുസരിച്ചു് വ്യസനത്തെ ദൂരീകരിക്കുക; ദുഃഖത്തെ വെടിഞ്ഞാലും. ഭവാനു് ഹൃദി ഇഷ്ടമെന്തെന്നു തരസാ ചൊല്ലു=അങ്ങു് മനസ്സിൽ എന്താണു് ആഗ്രഹിക്കുന്നതെന്നു വേഗം പറയുക.

ചരണം 2

അടവീനിവാസം കഴിഞ്ഞു പിന്നെ
അകതാരിലല്ലൽ വെടിഞ്ഞു ഝടിതി
നാട്ടുവാണീടുമിനി മേലിൽ തെളിഞ്ഞു (നരവര)

**ധർമ്മപുത്രൻ** പല്ലവി

ദിനകര! ദയാനിധേ! ഭാനോ! ദേവ!
ദിനകര! ദയാനിധേ! ഭാനോ!

അനുപല്ലവി

ജയ രുചിരകനകാദ്രിസാനോ! ദേവ!
ജയജയ കഠോരതരഭാനോ! ജഗതി
ജയ സുജനദുരിതാടവീദാവകൃശാനോ! (ദിന)

ചരണം 1

നഗരീതിസാലപരിവേഷാകലിത
നഗരീനിവാസാദമീഷാമിഹ
ന ഗരീയസീ പ്രീതിരസ്മാകമേഷാ (ദിനകര)

---

ചരണം 2—അടവിനിവാസം=വനവാസം. അകതാരു് = മനസ്സ്. അല്ലൽ=സങ്കടം. ഝടിതി=വേഗത്തിൽ.

അനുപല്ലവി—രുചിരകനകാദ്രിസാനു = മഹാമേരുപർവ്വതത്തിൻെറ സാനുപ്രദേശത്തിനുപോലും ശോഭയുണ്ടാക്കുന്നവൻ. കഠോരതരഭാനു = അതിതീക്ഷ്ണങ്ങളായ രശ്മികളോടുകൂടിയവൻ. സുജന........കൃശാനു = സജ്ജനങ്ങളുടെ സങ്കടമാകുന്ന കാടിനു കാട്ടുതീയായിട്ടുള്ളവൻ; സജ്ജനങ്ങളുടെ ദുരിതമെല്ലാം നശിപ്പിക്കുന്നവൻ.

ചരണം 1—അമീഷാം അസ്മാകം=ഈ ഞങ്ങൾക്കു്. ഇഹ ഏഷാ പ്രീതിഃ = ഈ കാട്ടിൽ താമസിക്കുന്നതുകൊണ്ടുള്ള സന്തോഷം. നഗരീ........നിവാസാൽ = നഗരീതിയായ (മലകളുടെ മാതിരിയിലുള്ള. നഗം=പർവ്വതം.) സാലങ്ങളാൽ (മതി

ചരണം 2

അസ്സോതദഖിലമുടനിന്നു—മററൊ
രത്തൽ മമ മനസി വളരുന്നു—അതിനെ
ചിത്തമോദേന ഞാനദ്യ പറയുന്നു (ദിനകര)

ചരണം 3

സഹവാസലോലുപതരാണാ—മിന്നു
സഹസാ മഹീസുരവരാണാം—അതിഥി-
സൽകൃതിം കത്തും വിധേഹി മയി കരുണാം

**സൂൎയ്യഭഗവാൻ** ചരണം 3

പാത്രം ഗൃഹാണ സുപവിത്രം—യാവൽ

---

ല്ലേട്ടിനാൽ) ആകലിതമായ (ചുററപ്പെട്ട) നഗരിയിലെ (പട്ടണത്തിലെ) നിവാസ (താമസ) ത്തിൽനിന്നുണ്ടാകുന്നതിനേക്കാരം. ന ഗരീയസീ=വലുതല്ലതന്നെ.

ചരണം 2—ഏതൽ അഖിലം അസ്തു=ഈ ക്ലേശത്തിൻെറ കഥയെല്ലാം ഇരിക്കട്ടെ. (അതു ഞങ്ങരം എങ്ങിനെയെങ്കിലും സഹിച്ചുകൊള്ളാം എന്നു ധ്വനി) മമ മനസി=എൻെറ മനസ്സിൽ. ചിത്തമോദേന=മനസ്സന്തോഷത്തോടുകൂടി. അദ്യ=ഇന്നു; ഇപ്പോരം.

ചരണം 3—സഹവാസലോലുപതരാണാം = ഞങ്ങളൊന്നിച്ചു താമസിക്കുന്നതിൽ വളരെ താല്പൎയ്യമുള്ള. മഹീസുരവരാണാം=ബ്രാഹ്മണശ്രേഷ്ഠന്മാൎക്കു. അതിഥി സൽകൃതിം കത്തും =അതിഥി സൽകാരം ചെയ്യുന്നതിനു. മയി കരുണാം വിധേഹി=എൻെറ നേരെ കനിഞ്ഞാലും. 'ഞങ്ങളൊന്നിച്ചു താമസിക്കുന്ന ബ്രാഹ്മണരെ സൽക്കരിക്കാൻ കഴിവുണ്ടാകത്തക്കവണ്ണം ഞങ്ങളിൽ കനിഞ്ഞരുളേണമേ' എന്നാണു ധൎമ്മപുത്രരുടെ അഭ്യൎത്ഥന.

ചരണം 3—സുപവിത്രം അതിചിത്രം പാത്രം ഗൃഹാണ=

പാഷ്തീ ഭുംക്തേതി ചിത്രം—താവ
ദത്ര സമുദേതി തവ ഭക്തമതിമാത്രം (നരവര)

(തിരശ്ശീല)

**കവിവാക്യം**

7. പാത്രം തപസ്തനഭുവേഥ വിതീര്യ യാതേ
തിഗ്മദ്യുതൌ നിജമനോരഥലാഭഹൃഷ്ടാഃ
പാർത്ഥാ വനം വനിതയാ സമമദ്ധ്യവാത്സു-
ർദ്ദൈത്യാരി സംസ്മരണരീണസമസ്തതാപാഃ

---

വളരെ പരിശുദ്ധവും അത്ഭുതകരവുമായ ഈ പാത്രം സ്വീക രിച്ചാലും. യാവൽ പാഷ്തീ ഭുംക്തേ താവൽ=പാഞ്ചാലി ഊ ണു കഴിക്കുന്നതുവരെ. അത്ര=ഇതിൽ; ഈ പാത്രത്തിൽ. തവ അ തിമാത്രം ഭക്തം സമുദേതി = അങ്ങയ്ക്കു വേണ്ടിടത്തോളമുള്ള ചോറ് (ആഹാരസാധനം) ഉണ്ടാകുന്നതാണ്.

ശ്ലോകം 7—അഥ=അതിനുശേഷം. തിഗ്മദ്യുതൌ=സൂര്യൻ. തപസ്തനഭുവേ പാത്രം വിതീര്യ യാതേ=ധർമ്മപുത്രക്കു പാത്രം (അ ക്ഷയപാത്രം) കൊടുത്തു പോയപ്പോൾ (സതിസപ്തമി)നിജമനോ രഥലാഭഹൃഷ്ടാഃ പാർത്ഥാഃ=തങ്ങളുടെ ആഗ്രഹം സാധിച്ചതു കൊണ്ടു സന്തോഷിച്ച പാണ്ഡവന്മാർ. ദൈത്യാരി........പാ പാഃ=ശ്രീകൃഷ്ണസ്മരണത്താൽ രീണ (നഷ്ട)മായ എല്ലാ സങ്കടങ്ങ ളോടുംകൂടിയവരായിട്ട്; ശ്രീകൃഷ്ണന്റെ അനുഗ്രഹത്താൽ സങ്ക ടങ്ങളെല്ലാം തീർന്ന്. വനിതയാ സമം=വനിത (സ്ത്രീ; പാഞ്ചാ ലി)യോടുകൂടി. വനം അദ്ധ്യവാത്സുഃ=കാട്ടിൽ താമസിച്ചു.

വൃത്തം—വസന്തതിലകം.

# രംഗം 4

## കവിവാക്യം

ശങ്കരാഭരണം

8. ശ്രുത്വാ ശ്രോത്രസുദുസ്സഹം പരിഭവം
യദ്ധാർത്തരാഷ്ട്രൈഃ കൃതം
കൌന്തേയേഷു തദാത്മനീവ സഹസാ
മത്വാ ച കോപാന്ധധീഃ
മുദ്രാഹീനകുമുദ്വതീകളകളൈഃ
ക്ഷോണീമഥ ക്ഷോഭയൻ
പാർത്ഥാനാശു കുശസ്ഥലീപുരവരാൽ
ദ്രഷ്ടും പ്രതസ്ഥേ ഹരിഃ.

---

ശ്ലോകം 8—അഥ=പിന്നീട്. ഹരിഃ=ശ്രീകൃഷ്ണൻ. ശ്രോത്രസുദുസ്സഹം പരിഭവം ശ്രുത്വാ=ചെവികൾക്കുപോലും ദുസ്സഹമായ അവമാനത്തെ കേട്ടതുകൊണ്ടും. ധാർത്തരാഷ്ട്രൈഃ കൌന്തേയേഷു യൽ കൃതം തൽ ആത്മനി ഇവ മത്വാ ച=ധൃതരാഷ്ട്രപുത്രന്മാരായ ദുര്യോധനാദികളാൽ കുന്തീപുത്രന്മാരായ പാണ്ഡവന്മാരിൽ യാതൊന്നാണോ ചെയ്യപ്പെട്ടതു് അതു് തന്നോടുചെയ്തതുപോലെ വിചാരിച്ചുകൊണ്ടും. കോപാന്ധധീഃ=കോപംകൊണ്ടു മതിമറന്നവനായിട്ടു്. മുദ്രാഹീന........കളൈഃ=മൌനത്തെ ഭഞ്ജിച്ച തന്റെ സൈന്യത്തിന്റെ കളകളശബ്ദത്താൽ. ക്ഷോണീം ക്ഷോഭയൻ=ഭൂമിയെ ഇളക്കിമറിച്ചുകൊണ്ടു്. കുശസ്ഥലീപുരവരാൽ=ദ്വാരകാപട്ടണത്തിൽനിന്നു്. പാർത്ഥാൻ ദ്രഷ്ടും=പാണ്ഡവന്മാരെ കാണുന്നതിനായി. ആശു പ്രതസ്ഥേ=വേഗത്തിൽ പുറപ്പെട്ടു. (ശ്രീകൃഷ്ണന്റെ സൈന്യത്തിനുള്ള പ്രത്യേകപ്പേരാണു് 'കുമുദ്വതി' എന്നതു്.)

വൃത്തം—ശാർദ്ദൂലവിക്രീഡിതം.

കാമോദരി—ചെമ്പട

9. മുകുന്ദമുഖപങ്കജാകലിതമന്ദ്രശംഖദ്ധ്വനിർ-
മ്മുഹുർമ്മുഹുരുദഞ്ചിതസ്തദനു ശുശ്രുവേ പാണ്ഡവൈഃ
പ്രവൃദ്ധപുളകാംഗകാഃ പ്രചുരഭക്തിമന്തസ്ത്വമീ
പ്രയാതുമഭിമാധവം പ്രസഭമുൽസുകാശ്ചാഭവൻ.

(ശ്രീകൃഷ്ണൻ പ്രവേശിക്കുന്നു.)

ഭൂഭാരം തീൎപ്പതിനായി ഭൂമിയിൽ വന്നവതരിച്ചു
ഭുവനൈകനായകന്മാർ ഭൂരികൃപാസാഗരന്മാർ
വിണ്ണവർനാഥാൎത്ഥിതന്മാർ ഉണ്ണികളായായർകുലേ
പുണ്യവധൂഭവനംതോറും വെണ്ണ കവൎന്നുണ്ണുന്നോർ

---

ശ്ലോകം 9—തദനു=അതിനുശേഷം. മുഹുഃ മുഹുഃ ഉദഞ്ചിതഃ=തുടരെത്തുടരെ ഉയൎന്നുകൊണ്ടിരുന്നതും. മുകുന്ദ........ ധ്വനിഃ=ശ്രീകൃഷ്ണന്റെ മുഖകമലത്തിൽ നിന്നു പുറപ്പെട്ടതുമായ മുഴങ്ങുന്ന ശംഖനാദം. പാണ്ഡവൈഃ ശുശ്രുവേ=പാണ്ഡവന്മാരാൽ ശ്രവിക്കപ്പെട്ടു; കേൾക്കപ്പെട്ടു. പ്രചുരഭക്തിമന്തഃ=വൎദ്ധിച്ച ഭക്തിയോടുകൂടിയവരും. പ്രവൃദ്ധപുളകാംഗകാഃ=ദേഹം മുഴുവൻ രോമാഞ്ചംപൂണ്ടവരുമായ. അമീ തു=ഇവരാകട്ടേ. അഭിമാധവം പ്രയാതും = ശ്രീകൃഷ്ണന്നു് അഭിമുഖമായി പോകുന്നതിന്നു് (ഭഗവാനെ എതിരേല്ക്കുന്നതിനുവേണ്ടി എന്നൎത്ഥം.) പ്രസഭം സമുത്സുകാഃ=അത്യന്തം ഉൽക്കണ്ഠയോടുകൂടിയവരായി. അഭവൻ ച = ഭവിക്കയുംചെയ്തു. (ശംഖദ്ധ്വനിയിൽനിന്നു് ശ്രീകൃഷ്ണൻ വരുന്നുണ്ടെന്നു മനസ്സിലാക്കി പാണ്ഡവന്മാർ അദ്ദേഹത്തെ സൽകരിക്കുന്നതിനു തിടുക്കംകൂട്ടി എന്നൎത്ഥം.)

വൃത്തം—പൃത്ഥ്വീ.

ലക്ഷണം—ജസം ജസ യലങ്ങളും ഗുരുവു-
മെട്ടിനാൽ പൃത്ഥ്വിയാം.

പദം—ഭൂരി കൃപാ സാഗരന്മാർ=വലിയ ദയാലുക്കൾ. വിണ്ണവർ നാഥാൎത്ഥിതന്മാർ=ഇന്ദ്രനാൽ അഭ്യൎത്ഥിക്കപ്പെട്ടവർ. ആയർകുലേ=ഗോപവംശത്തിൽ. പുണ്യവധൂഭവനം=പുണ്യം ചെ

അവിനീതന്മാരാകും അവനീശന്മാരെ വെന്നു
അവനീതലം അഴകോടേ അവനംചെയ്തീടുന്നോർ
കാലികളും മേച്ചു വനേ ബാലകന്മാരായ് നടന്നോർ
കാലിണ കൈതൊഴുതവരെ കാലഭയാൽ
[വേർപെടുപ്പോർ
മാനിനിമാർമനമലിയും മോഹനമയ ശോഭയുള്ളോർ
വാരിധിയിൽ വിലസീടും ദ്വാരകയാം പുരിതന്നിൽ
പൌരജനങ്ങളുമായി സ്വൈരമോടേ വാഴുങ്കാലം
അന്തികമാഗതന്മാരാകും കുന്തീതനൂജന്മാരെ
ഹന്ത തദാ കാണ്മതിന്നായ് ചന്തമോടങ്ങെഴുന്നള്ളി.

## രംഗം 5

**കവിവാക്യം**

ശങ്കരാഭരണം—മറിയടന്ത

10. അഥ യുധിഷ്ഠിരമുഖ്യനൃപാത്മജൈ-
ശ്ചിരനിരീക്ഷണസാശ്രുമുഖേന്ദുഭിഃ

---

**സ്ത ഗോപസ്ത്രീകളുടെ വീട്. അവിനീതന്മാർ=അഹങ്കാരികൾ; ഗർവ്വിഷ്ഠന്മാർ. അവനീശന്മാർ=രാജാക്കന്മാർ. വെന്നു്=ജയിച്ചു്. അവനീതലം=ഭൂമി. അവനം ചെയ്ക=രക്ഷിക്ക. വനേ=കാട്ടിൽ. കാലഭയാൽ=അന്തകനെപ്പററിയുള്ള ഭയത്തിൽനിന്നു്; മൃത്യുഭയത്തിൽനിന്നു്. വേർപെടുപ്പോർ=മോചിപ്പിക്കുന്നവർ. മോഹനമയ ശോഭ=വളരെ മനോഹരമായ ദേഹകാന്തി. അന്തികം ആഗതന്മാർ=അടുത്തുവന്നവർ. കുന്തീതനൂജന്മാർ=കുന്തിയുടെ പുത്രന്മാർ.**

**ശ്ലോകം 10—അഥ=അനന്തരം. തദാ=അപ്പോൾ. ചിരനിരീക്ഷണസാശ്രുമുഖേന്ദുഭിഃ=വളരെക്കാലം കഴിഞ്ഞുള്ള ദർശനമായതുകൊണ്ടു് മുഖത്തു സന്തോഷാശ്രു നിറഞ്ഞവരായ. യുധിഷ്ഠിര മുഖ്യ നൃപാത്മജൈഃ=ധർമ്മപുത്രർ മുതലായ രാജാകുമാര**

ദ്രുതമുപേത്യ തദാ വസുദേവഭൂ-
ന്നിജഗദേ ജഗദേകനിവാസഭൂഃ

(ശ്രീകൃഷ്ണനും പാണ്ഡവന്മാരും പ്രവേശിക്കുന്നു.)

**പാണ്ഡവന്മാർ** പല്ലവി

പുണ്ഡരീകനയന! ജയ ജയ പൂർണ്ണചന്ദ്രവദന!

അനുപല്ലവി

ഗണ്ഡമണ്ഡലമണ്ഡിതകുണ്ഡല!
ചണ്ഡവൈരിഖണ്ഡന! ഹരേ! കൃഷ്ണ!— (പുണ്ഡ)

ചരണം 1

പുണ്യപൂരുഷ! വിഭോ! ജയ ജഗ-
ദണ്ഡകാരണ! വിധോ
പാണ്ഡുപുത്രരാം ഞങ്ങളെ നീ മുകിൽ
വർണ്ണ! കൈ വെടിഞ്ഞിതോ ഹരേ! കൃഷ്ണ! (പുണ്ഡ)

---

ന്മാരാൽ. ദ്രുതം ഉപേത്യ=വേഗത്തിൽ അടുത്തുചെന്നു്. ജഗദേകനിവാസഭൂഃ വസുദേവഭൂഃ = ലോകത്തിനെല്ലാം ഒരൊററ ആവാസസ്ഥാനമായ ശ്രീകൃഷ്ണൻ. നിജഗദേ = (താഴെ കാണും പ്രകാരം) പറയപ്പെട്ടു. (കർമ്മണി പ്രയോഗം.) പാണ്ഡവന്മാർ സന്തോഷാശ്രു നിറഞ്ഞ കണ്ണുകളോടുകൂടി ശ്രീകൃഷ്ണനെ സമീപിച്ചു് ഇങ്ങിനെ പറഞ്ഞു എന്നർത്ഥം.

വൃത്തം—ദ്രുതവിളംബിതം.

ലക്ഷണം—ദ്രുതവിളംബിതമാം നഭവും ഭരം.

പല്ലവി—പുണ്ഡരീകനയനൻ=താമരക്കണ്ണൻ. പൂർണ്ണചന്ദ്രവദനൻ=പൂർണ്ണചന്ദ്രനെപ്പോലുള്ള വദന(മുഖ)ത്തോടുകൂടിയവൻ.

അനുപല്ലവി—ഗണ്ഡ....കുണ്ഡലൻ = കവിൾത്തടങ്ങൾക്കു ശോഭയുണ്ടാക്കുന്ന കുണ്ഡലങ്ങളോടുകൂടിയവൻ. ചണ്ഡവൈരിഖണ്ഡനൻ=ഭയങ്കരന്മാരായ ശത്രുക്കളെ നശിപ്പിക്കുന്നവൻ.

ചരണം 1—ജഗദണ്ഡകാരണൻ = ബ്രഹ്മാണ്ഡങ്ങൾക്കെ

ചരണം 2

ഖാണ്ഡവം ദഹിക്കുമ്പോൾ വിജയനാ-
ഖണ്ഡലനെ വെന്നതും
ഗാണ്ഡീവത്തെ ലഭിച്ചതും നിന്നുടെ
ശൌണ്ഡതൈവ നിയതം ഹരേ! കൃഷ്ണ!-(പുണ്ഡ)

ചരണം 3

ശക്രവൈരിയായീടും നരകനെ
അക്രമങ്ങൾ ചെയ്കയാൽ
ചക്രംകൊണ്ടു ഹനിച്ചതുമോർക്കിൽ നിൻ-
വിക്രമങ്ങളെല്ലതോ ഹരേ! കൃഷ്ണ! (പുണ്ഡ)

ചരണം 4

ഉഗ്രസേനസുതനെ ഭവാൻ യുധി നിഗ്രഹിച്ചു ഭുവനേ
വ്യഗ്രമാശു കളഞ്ഞു നികാമമ-
നുഗ്രഹിച്ചതില്ലയോ ഹരേ! കൃഷ്ണാ! (പുണ്ഡ)

---

ല്ലാം കാരണഭൂതൻ. വിധു=വിഷ്ണു. (അതിൻെറ സംബോധന യാണ് 'വിധോ' എന്ന രൂപം.)

ചരണം 2—ഖാണ്ഡവം=ഖാണ്ഡവം എന്ന കാട്. വിജ യൻ=അർജ്ജുനൻ. ആഖണ്ഡലൻ=ദേവേന്ദ്രൻ. വെന്നതു്=ജ യിച്ചതു്. ഗാണ്ഡീവം = അർജ്ജുനൻെറ വില്ല്. ശൌണ്ഡതാ + ഏവ=സാമർത്ഥ്യം തന്നെ. നിയതം=തീർച്ചയായും.

ചരണം 3—ശക്രവൈരി=ഇന്ദ്രൻെറ ശത്രു. നരകൻ=നര കാസുരൻ. വിക്രമം=പരാക്രമം.

ചരണം 4—ഉഗ്രസേനസുതൻ=ഉഗ്രസേന മഹാരാജാവി ൻെറ പുത്രൻ; കംസൻ. യുധി=യുദ്ധത്തിൽ. നിഗ്രഹിക്ക=കൊ ല്ലുക. ഭുവനേ=ലോകത്തിൽ. വ്യഗ്രം=അസ്വാസ്ഥ്യം. (വ്യഗ്ര ത എന്നാണ് ശരിക്കു വേണ്ടിയിരുന്നതു്.) ആശു=വേഗത്തിൽ. നികാമം=ഏററവും; വേണ്ടപോലെ.

ചരണം 5

നാഗകേതനൻതൻെറ നികൃതിയാൽ
നാട്ടപേക്ഷിച്ചിവിടെ
നാഥ! വാഴുന്ന ഞങ്ങളെക്കണ്ടൊരു
നാണമില്ലയോ തവ ഹരേ! കൃഷ്ണ! (പുണ്ഡ)

**കവിവാക്യം**

ബലഹരി—അടന്ത

11. അഥ കേതുരരാതിവിപൽപിശുനോ
മുഖതോസ്യ വിഭോർഭ്രുകുടിച്ഛലതഃ
വചസാം ച സമുൽഗമ ആവിരഭൂൽ
സഹസാ സഹ സാത്യകിനാ ചലതഃ

---

ചരണം 5—നാഗകേതനൻ=ദുര്യോധനൻ; സർപ്പം കൊടിയടയാളമായിട്ടുള്ളവൻ. നികൃതി=ശഠത; നീചകർമ്മം. തവ=അങ്ങയ്ക്കു്.

ശ്ലോകം 11—അഥ = അതിനുശേഷം. സാത്യകിനാ സഹ ചലതഃ=സാത്യകിയോടുകൂടി ഇളകിക്കൊണ്ടിരിക്കുന്നവനും (കോപംകൊണ്ടു വിറയ്ക്കുന്ന എന്നർത്ഥം.) വിഭോഃ അസ്യ=സർവ്വവ്യാപിയുമായ ഈ ശ്രീകൃഷ്ണൻെറ. മുഖതഃ=മുഖത്തിൽനിന്നു്. ഭ്രുകുടിച്ഛലതഃ = പുരികങ്ങൾ വളയ്ക്കുക എന്ന വ്യാജത്തിൻെറ രൂപത്തിൽ. അരാതിവിപൽപിശുനഃ കേതുഃ = ശത്രുക്കൾക്കു് വരാനിരിക്കുന്ന ആപത്തിനെ സൂചിപ്പിക്കുന്ന ധൂമകേതു. (ധൂമകേതുവിൻെറ ഉദയം ആപൽസൂചകമാണെന്നു പ്രസിദ്ധി.) ആവിരഭൂൽ=ആവിർഭവിച്ചു; വചസാം സമുൽഗമഃ ച=വാക്കുകളുടെ പുറപ്പാടും. സഹസാ ആവിരഭൂൽ=പെട്ടെന്നുണ്ടായി.

അലങ്കാരം—ഭ്രുകുടിച്ഛലംകൊണ്ടു കേതൂദയം ഉണ്ടായി എന്ന ദിക്കിൽ അപഹ്നുതി. ലക്ഷണം:—"സാധർമ്മത്തെ മറച്ചന്യധർമ്മാരോപമപഹ്നുതി" ധൂമകേതുവും വചസ്സമുൽഗമവും

**ശ്രീകൃഷ്ണൻ** പല്ലവി

കഷ്ടമഹോ ധാർത്തരാഷ്ട്രന്മാർ ചെയ്യോരു
ദുഷ്ടത കേട്ടാലിതൊട്ടും സഹിച്ചീടുമോ?

ചരണം 1

ധൃഷ്ടനാകും ധൃതരാഷ്ട്രസുതൻ വന്നു
പുഷ്ടരുഷാ നിശി കെട്ടിയതും— വിഷ-
ദുഷ്ടമാകുമന്നമൂട്ടിയതും പല
നിഷ്ഠുരങ്ങളവൻ കാട്ടിയതുമതി— (കഷ്ട)

ചരണം 2

പററലരിലൊരു കുററമില്ലാ—അതി
നുററവരിൽ നാണം ചെററമില്ലാ—എങ്കി-
ലററമില്ലാതോരു കുററമെങ്കൽത്തന്നെ
മുററമഹോ ബത! പററമോർത്താലതി— (കഷ്ട)

---

ആവിർഭവിച്ച എന്ന ദിക്കിൽ ദീപകം. ലക്ഷണം:—"അനേക മേകധർമ്മത്തിലന്വയിപ്പതു ദീപകം."

വൃത്തം—തോടകം.

ലക്ഷണം—സഗണം കില നാലിഹ തോടകമാം.

പല്ലവി—കഷ്ടമഹോ=വലിയ കഷ്ടം തന്നെ. ധാർത്തരാഷ്ട്രന്മാർ=ധൃതരാഷ്ട്രപുത്രന്മാർ.

ചരണം 1—ധൃഷ്ടൻ=ഗർവ്വിഷ്ഠൻ; താന്തോന്നി. ധൃതരാഷ്ട്രസുതൻ=ദുര്യോധനൻ. പുഷ്ടരുഷാ=വർദ്ധിച്ച കോപത്തോടുകൂടി. നിശി= രാത്രിയിൽ. (കിടന്നുറങ്ങുമ്പോൾ ഭീമനെ കെട്ടിയ കഥയാണ് സൂചിപ്പിക്കുന്നതു്.) വിഷദുഷ്ടം=വിഷംകൊണ്ടു ദുഷിപ്പിച്ചതു്. അന്നം=ചോറ്. നിഷ്ഠുരത=ക്രൂരത.

ചരണം 2—പററലർ=ശത്രുക്കൾ. അതിനു്=ആ വിധം ക്രൂരതകൾ കാണിച്ചതിനു്. ഉററവർ=ബന്ധുക്കൾ. ചെററം= ഒട്ടും. മുററം=മുഴുവനും. അഹോ ബത=കഷ്ടം കഷ്ടം.

ചരണം 3

ഒന്നല്ലവർചെയ്തപരാധങ്ങളവയെന്നും
പിന്നെയിഹ ഞാൻ സഹിക്കിൽ പുന-
രന്നെന്നിയേ മമ വന്യാശനം ചെയ്വാൻ
വന്നുകൂടും കാലമിന്നു നൂനമതി— (കഷ്ട)

ചരണം 4

ചിന്തിച്ചു നീ പരിപന്ഥികളേ ഹൃദി
സന്തപിപ്പാൻ കിമു ബന്ധമഹോ!
ഭവദന്തികേ കാണാം സുദർശനമദ്യൈവ
ഹന്തുമരീനവൻതന്നെ മതി; അതി— (കഷ്ട)

**കവിവാക്യം**

നാട്ടക്കുറിഞ്ഞി—അടന്ത

12. താവദ്വൈകുണ്ഠവാമേതരകരപരിഘ-
പ്രൌഢഭൂഷായമാണം
ദൃപ്യദ്ദൈത്യേന്ദ്രകണ്ഠക്ഷരദസൃഗനലി-
പ്താംഗപിംഗീകൃതാശം

---

ചരണം 3—അപരാധങ്ങൾ=കുററങ്ങൾ. പുനഃ=പിന്നീടു്. മമ=എനിക്കു്. വന്യാശനം=കാട്ടിൽനിന്നു കിട്ടുന്ന ഭക്ഷണം. നൂനം=നിശ്ചയം.

ചരണം 4—പരിപന്ഥികൾ=ശത്രുക്കൾ. ഹൃദി=മനസ്സിൽ സന്തപിക്ക=ദുഃഖിക്ക. കിമു ബന്ധം=എന്താണു് കാരണം? ഭവദന്തികേ=അങ്ങയുടെ അടുക്കൽ. സുദർശനം = സുദർശനചക്രം. അദ്യ+ഏവ=ഇപ്പോൾ തന്നെ. ഹന്തും=കൊല്ലുന്നതിനു്. അരീൻ=ശത്രുക്കളെ. (സുദർശനചക്രംതന്നെ ശത്രുസംഹാരകൃത്യം നിർവ്വഹിച്ചുകൊള്ളുമെന്നത്ഥം.)

ശ്ലോകം 12—താവൽ=അപ്പൊഴേയ്ക്കും. വൈകുണ്ഠ....ഭൂഷായമാണം=മഹാവിഷ്ണുവിൻെറ പരിഘം (ഇരുമ്പുലക്ക)പോലുള്ള വാമേതരകരത്തിനു് (വലത്തെ കൈയ്ക്കു്) സമുചിതമായ അലങ്കാരമായിട്ടുള്ളതും. ദൃപ്യദ്ദൈ........കൃതാശം = ഗർവ്വിഷ്ഠന്മാരായ

കല്പാന്താനല്പദീപ്തിപ്രചുരപരിണമൽ-
കോടിസൂര്യപ്രകാശം
ചക്രാഖ്യം ധാമ ചക്രായുധസവിധമുപേ-
ത്യാശു തുഷ്ടാവ ശൌരിം.

**സുദർശനം** പല്ലവി

മാധവ! ജയ ശൌരേ! മഹാത്മൻ!

ചരണം 1

മാധവ! മുരഹര! മകരാകൃതിധര! മന്ദരോ-
ദ്ധാരചതുര! മഹീധര! മഹിതസൂകരാവതാര!

---

(ദൃപ്യത്) വലിയ വലിയ രാക്ഷസന്മാരുടെ (ദൈത്യേന്ദ്രന്മാർ) കണ്ണുങ്ങളിൽനിന്നു് ഒഴുകുന്ന (ക്ഷരത്) ചോര (അസൃക്) പുരണ്ടിട്ടുള്ള (അനുലിപ്തം) അവയവങ്ങളാൽ ദിക്ക (ആശ) കളെയെല്ലാം ചുവപ്പിക്കുന്നതും. കല്പാന്താ........പ്രകാശം = പ്രളയകാലത്തു് വദ്ധിച്ച ദീപ്തിയോടുകൂടിയതായിത്തീരുന്ന അനേകം സൂര്യന്മാരെപ്പോലെ പ്രകാശിക്കുന്നതും. ചക്രാഖ്യം=സുദശ്നചക്രം എന്നു പേരുള്ളതുമായ. ധാമ=തേജസ്സ്. ആശു=വേഗത്തിൽ. ചക്രായുധസവിധം ഉപേത്യ=ശ്രീകൃഷ്ണന്റെ അടുക്കൽ എത്തീട്ടു്. ശൌരിം=ശ്രീകൃഷ്ണനെ. തുഷ്ടാവ=സ്തുതിച്ചു.

വൃത്തം— സ്രഗ്ദ്ധര.

ചരണം—(ഈ ചരണത്തിൽ വിഷ്ണുവിന്റെ പത്തവതാരങ്ങളേയും വണ്ണിച്ചിരിക്കയാണു്.) മകരാകൃതിധരൻ = മകര മത്സ്യത്തിന്റെ രൂപം ധരിച്ചവൻ (ഹയഗ്രീവനെന്ന അസുരൻ ബ്രഹ്മാവിന്റെ മുഖത്തുനിന്നു വേദങ്ങളപഹരിച്ചുകൊണ്ടുപോയതിനാൽ, ആ അസുരനെ നിഗ്രഹിച്ചു വേദങ്ങളെ വീണ്ടെടുക്കുന്നതിനുവേണ്ടി മഹാവിഷ്ണു മത്സ്യമായി അവതരിച്ചിട്ടുണ്ടെന്നു പുരാണോക്തി.) മന്ദരോദ്ധാരചതുരൻ=മന്ദരപവ്വതം ഉദ്ധരിക്കുന്നതിൽ സമത്ഥൻ. (പാലാഴിമഥനത്തിൽ കടകോലായിരുന്ന മന്ദരപവ്വതം സമുദ്രത്തിൽ താണുപോയപ്പോൾ വി

മാന്യതര! ഘോരനരമൃഗ! ചാരുവടുവര!
ക്രൂരഭൃഗുസുത! സൂരകുലനൃപഹീര! കരധൃത-
സീര! യദുവീര! കൽക്കിസുശരീര! (മാധവ)

ചരണം 2

നിന്തിരുവടിയുടെ നിയോഗമുണ്ടെന്നാകി-
ലെന്തൊന്നസാദ്ധ്യമെന്നാൽ ചിരന്തന?

---

ഷ്ണു കൂർമ്മത്തിൻെറ രൂപം ധരിച്ചു സമുദ്രത്തിൽ താഴ്ന്നു അതിനെ ഉയൎത്തി യഥാസ്ഥാനം നിൎത്തുകയുണ്ടായി.) മഹീധരൻ=ഭൂമിയെ ധരിച്ചവൻ. മഹിതസൂകരാവതാരൻ=ശ്രേഷ്ഠമായ വരാഹാവതാരം കൈക്കൊണ്ടവൻ. (സൂകരം=പന്നി. ഭൂമിയെ എടുത്തു പാതാളത്തിലേക്കു പോയ ഹിരണ്യാക്ഷനെ കൊല്ലുന്നതിനുവേണ്ടി ഭഗവാൻ വരാഹരൂപത്തിലവതരിച്ചുവെന്നു പുരാണോക്തി.) ഘോരനരമൃഗം=ഭയങ്കരമായ നരസിംഹമൂൎത്തി. (ഹിരണ്യകശിപുവിനെ കൊന്നു് ഭക്തനായ പ്രഹ്ളാദനെ രക്ഷിക്കുന്നതിനുവേണ്ടിയാണു് നരസിംഹമായവതരിച്ചതു്.) ചാരു വടുവരൻ=മനോഹരനായ ബ്രഹ്മചാരി. (വിഷ്ണു വാമനനായവതരിച്ചു് മഹാബലിയോടു മൂന്നടി സ്ഥലം യാചിക്കയും മൂന്നടികൊണ്ടു മൂന്നു ലോകങ്ങളും അളന്നെടുക്കുകയും ചെയ്തുവെന്നു പുരാണകഥ) ക്രൂരഭൃഗുസുതൻ = ക്രൂരനായ പരശുരാമൻ. (ദുഷ്ടന്മാരായ ക്ഷത്രിയന്മാരെ ശിക്ഷിച്ചു ഭൂമിയുടെ ഭാരം കുറയ്ക്കാനായിട്ടാണു് വിഷ്ണു ഭാൎഗ്ഗവരാമനായവതരിച്ചതു്.) സൂരനൃപകുലഹീരൻ=സൂൎയ്യവംശത്തിനു് അലങ്കാരഭൂതൻ. (രാമാവതാരത്തെയാണു് ഇതുകൊണ്ടു സൂചിപ്പിക്കുന്നതു്.) കരധൃതസീരൻ=കൈയിൽ കലപ്പ ധരിച്ചവൻ; സീരായുധൻ; ബലഭദ്രൻ. യദുവീരൻ=യാദവവംശത്തിൽ ജനിച്ച ശ്രീകൃഷ്ണൻ. കല്ക്കി സുശരീരൻ=കല്ക്കി എന്ന ശോഭനമൂൎത്തി (കലിയുഗാവസാനത്തിൽ ദുഷ്ടനിഗ്രഹത്തിനായി വിഷ്ണു അശ്വമുഖനായി കല്ക്കി എന്ന പേരിൽ അവതരിക്കുമെന്നു പുരാണോക്തി.)

ചരണം 2—നിയോഗം = കല്പന. എന്തൊന്നസാദ്ധ്യം=

ചിന്തിച്ചതെന്തിനു മാം ചിദാനന്ദ!
ഹന്ത ദനുജകൃതാന്ത! സദയമനന്ത!
വദ നരകാന്ത! നരസുരകാന്ത! ജലധിനി
ശാന്ത! മുനികാന്താമുക്തിദപദാന്ത! (മാധവ)

ചരണം 3

അത്യുഗ്രന്മാരായ ദൈത്യാധിപന്മാരിൽ
വദ്ധ്യനിന്നേവൻ മയാ? ഭൃത്യമേനം
സദ്യോ നിയോഗിക്ക മാം വേദാന്തവേദ്യ!
ഹൃദ്യതര! തമുപേത്യ പോരിൽ നിഹത്യ
വിരവിലമർത്ത്യരുടെ സൌഹിത്യമതു സമ്പാദ്യ
നിരവദ്യ! വരുവനഹമദ്യ (മാധവ)

---

സാധിക്കാത്തതായിട്ടൊന്നുമില്ല. ചിരന്തനൻ=ശാശ്വതൻ. ചിന്തിക്ക=വിചാരിക്ക മാം=എന്നെ. ചിദാനന്ദൻ=ജ്ഞാനസ്വരൂപനും ആനന്ദസ്വരൂപനും ആയവൻ. ദനുജകൃതാന്തൻ=അസുരന്മാക്ക് അന്തകനായിട്ടുള്ളവൻ. അനന്തൻ=അവസാനം, അഥവാ നാശം, ഇല്ലാത്തവൻ. വദ=അങ്ങു പറഞ്ഞാലും. നരസുരകാന്തൻ=മനുഷ്യക്കും ദേവന്മാക്കും മനോഹരനായിട്ടുള്ളവൻ. ജലധിനിശാന്തൻ=സമുദ്രം നിശാന്തം (വാസഗൃഹം) ആയുള്ളവൻ. മുനികാന്താമുക്തിദപദാന്തൻ=മഹർഷിപത്നിയായ അഹല്യയ്ക്കു മോക്ഷം നൽകിയ ചരണങ്ങളോടുകൂടിയവൻ.

ചരണം 3—അത്യുഗ്രന്മാർ=വളരെ കഠിന ഹൃദയന്മാർ. ദൈത്യാധിപന്മാർ=അസുരശ്രേഷ്ഠന്മാർ. വദ്ധ്യൻ=വധിക്കത്തക്കവൻ. മയാ=എന്നാൽ. ഇന്ന് മയാ ഏവൻ വദ്ധ്യൻ = ഇന്നു ഞാൻ ആരെയാണ് കൊല്ലേണ്ടതു്? ഭൃത്യം ഏനം മാം=ഭൃത്യനായ ഈ എന്നെ. സദ്യഃ നിയോഗിക്ക=വേഗത്തിൽ നിയോഗിച്ചാലും. വേദാന്തവേദ്യൻ=വേദാന്തശാസ്ത്രത്താൽമാത്രം അറിയത്തക്കവൻ. ഹൃദ്യതരൻ=ഏററവും പ്രിയപ്പെട്ടവൻ. തം ഉപേത്യ= അവൻെറ അടുത്തുചെന്നു്. പോരിൽ നിഹത്യ=യുദ്ധത്തിൽ (അ

ചരണം 4

വരുണാലയമിന്നു മരുഭൂമിയാക്കുവൻ
ധരണീധരങ്ങളെയും ധന്യശീല!
തകർത്തീടുവനധുനാ താവകീന-
കരുണാ യദി മയി തരുണദിനമണി
കിരണ! പരിലസദരുണസരസിജ
മസൃണ മൃദുതര ചരണ! നതശരണ!
കൌസ്തുഭാഭരണ! (മാധവ)

**കവിവാക്യം**

13. ഇതി വദതി സുദർശനേ തദാനീ-
മധിഗതവേപഥുഗാത്രയഷ്ടയസ്തേ

---

വനെ) കൊന്നു്. വിരവിൽ=വേഗത്തിൽ. അമർത്ത്യർ=ദേവന്മാർ. സൗഹിത്യം=തൃപ്തി. സമ്പാദ്യ=സമ്പാദിച്ചിട്ടു്. നിരവദ്യൻ=അവദ്യം (ദോഷം, കുററം) ഇല്ലാത്തവൻ. അദ്യ=ഇന്നു്.

ചരണം 4 —വരുണാലയം=സമുദ്രം. ധരണീധരങ്ങൾ=പർവ്വതങ്ങൾ. താവകീനകരുണാ മയി (അസ്തി) യദി=അങ്ങയുടെ കാരുണ്യം എന്നിലുണ്ടെങ്കിൽ. തരുണദിനമണികിരണപരിലസദരുണസരസിജമസൃണമൃദുതര ചരണൻ=ബാലസൂര്യൻെറ രശ്മികളേററു ശോഭിക്കുന്ന ചെന്താമരപ്പൂവിനെപ്പോലെ മിനുപ്പും മാർദ്ദവവുമുള്ള ചരണങ്ങളോടുകൂടിയവൻ. നതശരണൻ=കുമ്പിടുന്നവക്കു ശരണമായിട്ടുള്ളവൻ. കൌസ്തുഭാഭരണൻ=കൌസ്തുഭം ആഭരണമായിട്ടുള്ളവൻ.

ശ്ലോകം 13—സുദർശനേ തദാനീം ഇതി വദതി=സുദർശനചക്രം അപ്പോൾ ഇപ്രകാരം പറയുന്ന സമയത്തു്. തേ ഏതേ ഭരതകുലാഭരണാഃ=ആ ഈ ഭരതകുലാഭരണന്മാർ; ഭരതവംശത്തിനു് അലങ്കാരഭൂതന്മാരായ പാണ്ഡവന്മാർ. അധിഗതവേപഥുഗാത്രയഷ്ടയഃ=ശരീരത്തിലെല്ലാം രോമാഞ്ചം പൂണ്ടു്. മുര

മുകുളിതനയനാ മുരദ്വിഷോഗ്രേ
ഭരതകുലാഭരണാ ബഭ്രുവുരേതേ.

കാമോദരി—അടന്ത

14. കുരുഭിരപകൃതോപി ധമ്മജന്മാ
സ്വകുലഭുവാം നിധനാജ്ജുഗുപ്സമാനഃ
ഹരിമവദദസൌ ശമം നിനീഷുഃ;
പരനികൃതൌ വിമുഖം സതാം ഹി ചേതഃ.

---

ദ്വിഷഃ അഗ്രേ=ശ്രീകൃഷ്ണന്റെ മുമ്പിൽ. മുകുളിതനയനാഃ ബഭ്രുവഃ=മുകുളിതമായ (ചിമ്മിയ) കണ്ണുകളോടുകൂടിയവരായി ഭവിച്ചു. ഉഗ്രകിരണമായ സുദൎശനത്തിന്റെ നേരെ നോക്കാൻ കഴിവില്ലാതെ പാണ്ഡവന്മാർ പേടിച്ചു കണ്ണടച്ചുകൊണ്ടുനിന്നുവെന്നു സാരം.

വൃത്തം—പുഷ്പിതാഗ്ര
ലക്ഷണം—നനരയ വിഷമത്തിലും, സമത്തിൽ
പുനരിഹ നം ജജരം ഗ പുഷ്പിതാഗ്രാ

ശ്ലോകം 14—അസൌ ധമ്മജന്മാ=ഈ ധമ്മപുത്രൻ. കുരുഭിഃ അപകൃതഃ അപി=കുരുക്കളാൽ (ദുര്യോധനാദികളാൽ) ഉപദ്രവിക്കപ്പെട്ടവനായിട്ടും. സ്വകുലഭുവാം നിധനാൽ ജുഗുപ്സമാനഃ =തന്റെ വംശത്തിൽ ജനിച്ചവരുടെ നാശത്തിൽ വെറുപ്പുള്ളവനായിട്ട്; തന്റെ വംശജന്മാരെ കൊല്ലുന്നതിനു മനസ്സുവരാതെ എന്നൎത്ഥം. ഹരിം ശമം നിനീഷുഃ=ശ്രീകൃഷ്ണനെ ശാന്തനാക്കുന്നതിനുവേണ്ടി. അവദൽ=(ഇങ്ങിനെ) പറഞ്ഞു. സതാം ചേതഃ=സജ്ജനങ്ങളുടെ മനസ്സ്. പരനികൃതൌ വിമുഖം ഹി=മററുള്ളവരെ ഉപദ്രവിക്കുന്നതിൽ വിമുഖമായിരിക്കുമല്ലൊ.

അലങ്കാരം—കാവ്യലിംഗവും അൎത്ഥാന്തരന്യാസവും ആണ് ഈ ശ്ലോകത്തിലെ അലങ്കാരങ്ങൾ. ധമ്മപുത്രർ ശ്രീകൃഷ്ണനെ ശാന്തനാക്കാൻ ആഗ്രഹിച്ചതിനു കാരണം സ്വവംശജരുടെ നിധനത്തിലുള്ള വെറുപ്പാണ്. അവിടെയാണ് ‘കാവ്യ

**ധർമ്മപുത്രൻ**

പല്ലവി

കൊണ്ടൽവർണ്ണ! പഴുതേ ഭവാനിതു-
കൊണ്ടു കോപിക്കരുതേ!

അനുപല്ലവി

ഉണ്ടു നിൻകൃപയെങ്കിൽ മമ ബലം
കണ്ടുകൊൾക വിമതേ ജനാർദ്ദന! (കൊണ്ടൽ)

ചരണം 1

ശത്രുസൂദന വിഭോ! ഭവദീയശസ്ത്രവഹ്നിയെ മുദാ
സർവ്വലോകം ദഹിക്കുന്നതിൻമുമ്പെ
സംഹരിക്ക ഭഗവൻ ജനാർദ്ദന! (കൊണ്ടൽ)

---

ലിംഗം'. ലക്ഷണം:- "ഹേതു വാക്യപദാർത്ഥങ്ങളാവുകിൽ കാവ്യലിംഗമാം". ധർമ്മപുത്രൻ ശ്രീകൃഷ്ണനെ സമാധാനപ്പെടുത്താൻ ശ്രമിച്ചു എന്ന വിശേഷത്തെ, സജ്ജനങ്ങൾ സ്വതേ പരോപദ്രവവിമുഖന്മാരാണ് എന്ന സാമാന്യംകൊണ്ടു സമർത്ഥിച്ചിട്ടുള്ളിടത്തു് അർത്ഥാന്തരന്യാസം. ലക്ഷണം:

സാമാന്യംതാൻ വിശേഷംതാ-
നിവയിൽ പ്രസ്തുതത്തിനു്
അർത്ഥാന്തരന്യാസമാകു-
മന്യംകൊണ്ടു സമർത്ഥനം

വൃത്തം —പുഷ്പിതാഗ്ര

പല്ലവി—കൊണ്ടൽവർണ്ണൻ=കരിങ്കാറിന്റെ നിറമുള്ളവൻ. പഴുതേ=വെറുതേ; ആവശ്യമില്ലാതെ.

അ:പ:—മമ ബലം=എന്റെ ശക്തി. വിമതേ=ശത്രുവിൽ; ഞാൻ ശത്രുവിന്റെ നേരേ ബലം പ്രയോഗിക്കുന്നതു കണ്ടാലും.

ചരണം 1—ശത്രുസൂദനൻ=ശത്രുക്കളെ നശിപ്പിക്കുന്നവൻ. ഭവദീയശസ്ത്രവഹ്നി=അവിടത്തെ ആയുധമാകുന്ന അഗ്നിയെ. മുദാ=സന്തോഷത്തോടുകൂടി. സംഹരിക്ക=പിൻവലിക്കുക.

ചരണം 2

ലക്ഷ്മീനാഥ! സമയം കഴിഞ്ഞുടൻ
സാക്ഷിയായിട്ടു നീയും
ദക്ഷനാകിയ ഫൽഗുനനെക്കൊണ്ടു
ശിക്ഷയാരിനിചയം ജനാർദ്ദന! (കൊണ്ടൽ)

ചരണം 3

അന്ധകാന്വയമണേ! സരോരുഹ-
ബന്ധുതാനുമരുണേ
ഹന്ത നൈപുണ്യം നല്കുന്നിതന്വഹ-
മന്ധകാരഹരണേ ജനാർദ്ദന! (കൊണ്ടൽ)

## ശ്രീകൃഷ്ണൻ

കല്യാണി—മുറിയടന്ത

പല്ലവി

മാന്യസൽഗുണനിധേ! ഭവാദൃശ-
നന്യനില്ല സുമതേ!

---

ചരണം 2—സമയം=പ്രതിജ്ഞ; സത്യപ്രകാരമുള്ള വനവാസകാലമെന്നർത്ഥം. ദക്ഷൻ=സമർത്ഥൻ. ഫൽഗുനൻ=അർജ്ജുനൻ. അരിനിചയം ശിക്ഷയ=ശത്രുസമൂഹത്തെ ശിക്ഷിച്ചാലും.

ചരണം 3—അന്ധകാന്വയമണി=അന്ധകന്മാരുടെ അന്വയ (വംശ)ത്തിനു രത്നമായുള്ളവൻ; അന്ധകവംശം=വൃഷ്ണിവംശം. സരോരുഹബന്ധു=സൂര്യൻ. അരുണേ=അരുണനിൽ. അന്വഹം=ദിവസംതോറും. അന്ധകാരഹരണേ=ഇരുട്ടിനെ അകററുവാൻ. നൈപുണ്യം=സാമർത്ഥ്യം. സൂര്യൻ ഇരുട്ടകററുന്നതു് അരുണനെക്കൊണ്ടാണല്ലോ. അതുപോലെ അങ്ങു സാക്ഷിഭൂതനായി നിന്നു് എന്നെക്കൊണ്ടു കൗരവന്മാരെ നശിപ്പിച്ചാൽ മതി എന്നു സാരം.

പല്ലവി—മാന്യസൽഗുണനിധി=പല സൽഗുണങ്ങൾക്കും ഇരിപ്പിടമായവൻ. ഭവാദൃശൻ=അങ്ങയെപ്പോലുള്ളവൻ. സുമതി=സൽബുദ്ധി.

ചരണം

നിന്നിലുള്ള ദയാസത്യധമ്മങ്ങൾ
നന്നുനന്നു നൃപതേ! തവ
ദൈന്യമാശു കളവാൻ സുദശ്നമിന്നു
മിന്നു ദശ്പ്പിച്ചു ഞാൻ (മാന്യ)

(സുദശ്നത്തോടായി)

സാരംഗം—അടന്ത—പല്ലവി

സാന്ത്വിതോഹമമുനാ ഭജിക്ക നീ
ശാന്തഭാവമധുനാ

ചരണം

ഗാന്ധാരീതനയരെക്കൊലചെയ്യാൻ
ചിന്തചെയ്തു നിന്നെ ഞാൻ
കുന്തീനന്ദനൻതന്നെ, അതിനൊ-
രന്തരായമായ്യന്നു ഹന്ത! (സാന്ത്വി)

## കവിവാക്യം

15. ശർവ്വോപി വാ ശതമഖോപി ചതുർമ്മുഖോ വാ
നിർവ്വാപണേ ന ഖലു യസ്യ പരം സമത്ഥഃ

---

ചരണം 1—തവ ദൈന്യം=അങ്ങയുടെ പരവശത. ആശു =വേഗത്തിൽ. ദശ്പ്പിക്ക=കാണിക്ക.

പല്ലവി—അഹം അധുനാ അമുനാ സാന്ത്വിതഃ=ഞാൻ ഇപ്പോൾ ഇദ്ദേഹത്താൽ സാന്ത്വിതനായിരിക്കുന്നു; ഇപ്പോൾ ഈ ധമ്മപുത്രൻ എന്നെ സമാധാനിപ്പിച്ചിരിക്കുന്നു. നീ ശാന്തഭാവം ഭജിക്ക=നീ ശാന്തനാവുക.

ചരണം—ഗാന്ധാരീതനയർ=കൗരവന്മാർ. കുന്തീനന്ദനൻ =ധർമ്മപുത്രർ. അന്തരായം=വിഘ്നം. ഹന്ത!=അത്ഭുതംതന്നെ.

ശ്ലോകം 15—യസ്യ നിർവ്വാപണേ=യാതൊന്നിൻെറ ശമനത്തിൽ; യാതൊന്നിനെ കെടുത്തുന്നതിൽ. ശർവ്വഃ ശതമഖഃ ചതുർമ്മുഖഃ അപി വാ=ശിവനോ ഇന്ദ്രനോ ബ്രഹ്മാവോ. ന സമത്ഥഃ ഖലു=തീർച്ചയായും സമത്ഥന്മാരായിത്തീരുന്നില്ലയോ.

നിന്യേ യുധിഷ്ഠിരമുഖാംബുജമുക്തസൂക്തി-
വാരാ ശമം മുരഭിദുജ്ജ്വലകോപവഹ്നിഃ.

## രംഗം 6

**കവിവാക്യം**

16. ദുർവ്വാരകോപശാലീ
ദുര്യ്യോധനചോദിതോഥ ദുർവ്വാസാഃ
സർവ്വൈരപി ശിഷ്യഗണൈ-
രുർവ്വീശം പ്രാപ സംസ്മരൻ ശർവ്വം.

---

സഃ മുരഭിദുജ്ജ്വലകോപവഹ്നിഃ = ശ്രീകൃഷ്ണന്റെ ഉജ്ജ്വലമായ ആ കോപാഗ്നി. യുധിഷ്ഠി........വാരാ=ധർമ്മപുത്രരുടെ മുഖപങ്കജത്തിൽനിന്നു ഉൽഗളിച്ച നല്ല വാക്കാകുന്ന ജലത്താൽ. ശമം നിന്യേ=ശമിപ്പിക്കപ്പെട്ടു. ധർമ്മപുത്രരുടെ സാന്ത്വനവാക്കു കേട്ടപ്പോൾ ശ്രീകൃഷ്ണൻ കോപം കൈവിട്ടു ശാന്തനായിത്തീൎന്നു എന്നർത്ഥം. അലങ്കാരം—രൂപകം. ലക്ഷണം—"അവർണ്ണ്യത്തോടു വർണ്യത്തിന്നഭേദം ചൊല്ക രൂപകം."

വൃത്തം—വസന്തതിലകം

ശ്ലോകം 16—അഥ=അതിന്നുശേഷം. ദുർവ്വാരകോപശാലീ =ആൎക്കും തടുക്കാൻ കഴിയാത്ത കോപത്തോടുകൂടിയവനും. ദുര്യ്യോധനചോദിതഃ = ദുര്യ്യോധനനാൽ പറഞ്ഞയയ്ക്കപ്പെട്ടവനുമായ. ദുർവാസാഃ=ദുർവ്വാസാവു് എന്ന മഹൎഷി. സർവ്വൈഃ ശിഷ്യഗണൈഃ (സമം) = എല്ലാ ശിഷ്യവർഗ്ഗത്തോടുംകൂടി. ശർവ്വം സംസ്മരൻ = ശിവനെ സ്മരിച്ചുകൊണ്ടു്; ശിവനാമങ്ങളുച്ചരിച്ചുകൊണ്ടു്. ഉർവ്വീശം പ്രാപ=രാജാവായ ധൎമ്മപുത്രരുടെ അടുക്കൽ ചെന്നു.

വൃത്തം—ഗീതി

(ദുർവ്വാസാവു പ്രവേശിക്കുന്നു)

**ദുർവ്വാസാവ്**

പല്ലവി

ചന്ദ്രകലാധര പാലയ മാം
ഛന്ദോമയ പരിപാലയ മാം

അനുപല്ലവി

ഇന്ദ്രമുഖാമരവന്ദിതപാദാര-
വിന്ദ! കൃപാലയ പാലയ മാം.

ചരണം 1

നാനാജനങ്ങളും കേട്ടുകൊൾകവിൻ
നാളൊരു നാഴിക നേരംപോലും
നാമം പലതുണ്ടതിലൊരു നാമസം-
കീർത്തനം ചെയ്യണം നാണം വിനാ (ചന്ദ്ര)

---

ലക്ഷണം—ആര്യാപൂർവ്വാർദ്ധത്തി-
ന്നുരചെയ്തിട്ടുള്ള ലക്ഷണംതന്നെ*
മാറാതെ യുത്തരാർദ്ധ-
ത്തിന്നുമുപയോഗിക്ക ഗീതിയാമെന്നാൽ.

*[ഏഴുഗണം ഗുരുവൊന്നും
വേണം ജഗണം വാരാതെയൊററകളിൽ
ഷഷ്ഠമിതോ ലഘുമയമോ
വരണമിതാര്യയ്ക്കു പൂർവ്വാർദ്ധം]

പല്ലവി—മാം പാലയ=എന്നെ രക്ഷിച്ചാലും. ഛന്ദോമയൻ=വേദസ്വരൂപൻ.

അനുപല്ലവി—ഇന്ദ്ര........വിന്ദൻ=ഇന്ദ്രൻ മുതലായ ദേവന്മാരാൽ വന്ദിക്കപ്പെട്ട ചരണകമലങ്ങളോടുകൂടിയൻ.

ചരണം 1—ഒരു നാമസംകീർത്തനം=ഏതെങ്കിലും ഒരു നാമത്തിൻെറ സങ്കീർത്തനം; നാമോച്ചാരണം. നാണംവിനാ=നാണംകൂടാതെ.

ചരണം 2

മാനവന്മാരേ! ധരിച്ചുകൊൾവിൻ
മാനുഷജന്മം പഴുതാക്കാതെ
മാനസതാരിൽ മറന്നുപോകാതെ
ധ്യാനിച്ചുകൊള്ളേണം സാംബശിവം (ചന്ദ്ര)

ചരണം 3

മൃത്യുഞ്ജയ! ത്രിപുരാന്തക! മാം
മൃത്യുഭയാദിഹ പാഹിതമാം
ഭക്തജനപ്രിയ ജന്മാന്തരേപി ച
ദേഹി ഭവദീയഭക്തിമിമാം (ചന്ദ്ര)

ചരണം 4

തുംബുരുരുദ്രവീണാദികളും
താംബൂലമാലതീമാലകളും
അംബുജലോചനമാരുമല്ലാനന്ദ
മാനന്ദമൂർത്തിയെച്ചിന്തിക്കമ്പോൾ (ചന്ദ്ര)

---

ചരണം 2—മാനവന്മാർ=മനുഷ്യർ. പഴുതാക്കാതെ = വ്യർത്ഥമാക്കിക്കളയാതെ. മാനസതാരിൽ=ഉള്ളിൽ; മനസ്സിൽ; സാംബശിവം = പാർവ്വതീസമേതനായ ശിവനെ. (സാംബൻ=അംബയോടുകൂടിയവൻ.)

ചരണം 3—മൃത്യുഞ്ജയൻ=കാലനെ ജയിച്ചവൻ. ത്രിപുരാന്തകൻ=ത്രിപുരന്മാരുടെ അന്തകൻ. മൃത്യുഭയാൽ=മരണഭീതിയിൽനിന്നു്. പാഹിതമാം = നല്ലപോലെ രക്ഷിക്കേണമേ. ജന്മാന്തരേ അപി=മററു ജന്മങ്ങളിലും. ഇമാം ഭവദീയഭക്തിം ദേഹി=അങ്ങയുടെ നേരേയുള്ള ഈ ഭക്തി നല്കേണമേ.

ചരണം 4—തുംബു........ണാദികൾ = തുംബുരു, രുദ്രവീണ മുതലായ വാദ്യങ്ങൾ. താംബൂ........ലകൾ=വെററിലയും പിച്ചകമാലയും. അംബുജലോചനമാർ=സുന്ദരികളായ സ്ത്രീകൾ. ആനന്ദമൂർത്തി=പരമാനന്ദസ്വരൂപൻ.

ചരണം 5

ജീവജന്തുക്കളെയൊക്കെ മേലിൽ
ജീവിതേശൻ കൊണ്ടുപോകും നൂനം
ഈവണ്ണമുള്ളിലുറപ്പിച്ചെല്ലാവരു-
മാഃവോളം നല്ലതു ചെയ്തുകൊൾവിൻ. (ചന്ദ്ര)

ചരണം 6

വഹ്നിയിൽ പാററകൾ വീഴുംപോലേ
മത്സ്യം വലയിലണയുംപോലേ
വല്ലാതെ ചാർവ്വംഗിമാർതൻകടാക്ഷവ-
ലയിൽ വീണീടായ്ക സജ്ജനമേ! (ചന്ദ്ര)

ചരണം 7

നന്നല്ല കാമവിനോദമഹോ
നമ്മുടെ നാഥൻ മഹേശ്വരനെ
നന്നായിസ്സേവിച്ചുകൊൾവിനെല്ലാവരും
നാനാവിഷയങ്ങൾ കൈവെടിഞ്ഞു്. (ചന്ദ്ര)

# രംഗം 7

**കവിവാക്യം**

ഭൈരവി—ചമ്പ

17. പുരോ ഹി തം മുനിമുപവിഷ്ടമാസനേ
പുരോഹിതം നിജമുപവേശ്യ ധർമ്മജഃ

---

ചരണം 5—ജീവിതേശൻ=കാലൻ. നൂനം=നിശ്ചയം.

ചരണം 6—വഹ്നി=തീ. അണയുക=പെട്ടുപോവുക. ചാർവ്വംഗിമാർ=സുന്ദരിമാർ. കടാക്ഷവല=കടാക്ഷമാകുന്ന വല.

ചരണം 7—കാമവിനോദം=കാമക്രീഡ. മഹേശ്വരൻ=ശിവൻ. നാനാവിഷയങ്ങൾ = പലതരത്തിലുള്ള ഇന്ദ്രിയസുഖങ്ങൾ. കൈവെടിയുക=ഉപേക്ഷിക്ക.

ശ്ലോകം 17—പുരാ അനേന ഊഹിതപ്രകൃതിഃ ധർമ്മജഃ= മുൻപുതന്നെ ഇദ്ദേഹത്താൽ (ദുർവ്വാസാവിനാൽ) ഊഹിക്കപ്പെട്ട

പുരോഹിതപ്രകൃതിരനേന ഹസ്തിനാൽ
പുരോഹിതപ്രഹിതമുവാച സാഞ്ജലിഃ.
(ധർമ്മപുത്രർ, ധൗമ്യൻ, ദുർവ്വാസാവു് എന്നിവർ
പ്രവേശിക്കുന്നു.)

**ധർമ്മപുത്രൻ**

പല്ലവി
ജയ ജയ തപോധന മഹാത്മൻ സപദി (ജയ)
അനുപല്ലവി
ജനനമയി സഫലയതി ജഗതി തവ ദർശനം (ജയ)

---

സ്വഭാവത്തോടുകൂടിയ ധർമ്മപുത്രൻ. നിജം പുരോഹിതം പുരഃ ഹി ഉപവേശ്യ=തന്റെ പുരോഹിതനെ (ധൗമ്യനെ) മുൻഭാഗത്തുതന്നെ ഇരുത്തീട്ടു്. ഹസ്തിനാൽ പുരഃ=ഹസ്തിനനഗരിയിൽ നിന്നു്. അഹിതപ്രഹിതം=അഹിതനാൽ (ശത്രുവിനാൽ) പറഞ്ഞയയ്ക്കപ്പെട്ടവനും. ആസനേ ഉപവിഷ്ടം=ആസന (പീഠ)ത്തിൽ ഇരിക്കുന്നവനുമായ. തം മുനിം=ആ മഹർഷിയോടു് (ദുർവ്വാസാവിനോടു്.) സാഞ്ജലിഃ ഉവാച = കൈകൂപ്പിക്കൊണ്ടു പറഞ്ഞു. (അഞ്ജലി=കൂപ്പുകൈ.)

ദുർവ്വാസാവു പണ്ടുതന്നെ ധർമ്മപുത്രരുടെ സ്വഭാവം ഊഹിച്ചറിഞ്ഞിരുന്നു എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു്, ധർമ്മപുത്രൻ സജ്ജനമാണെന്നും അതിഥിസൽകാരപ്രിയനാണെന്നും അതിനാൽ തന്നെ വേണ്ടപോലെ സ്വീകരിച്ചു സൽകരിക്കുമെന്നും മററും ദുർവ്വാസാവിനു മുൻകൂട്ടി അറിയാമായിരുന്നുവെന്നു് വ്യക്തമാകുന്നു. അതിനാൽ ദുര്യോധനന്റെ ആഗ്രഹപ്രകാരമുള്ള കോപമോ ശാപമോ ഉണ്ടാകാൻ പോകുന്നില്ലെന്നു് ഇതിൽനിന്നു് വ്യഞ്ജിക്കുന്നു.

വൃത്തം —അതിരുചിര·

ലക്ഷണം— ചതുൎഗ്രഹൈരതിരുചിരാ ജഭസ്ജഗം

പല്ലവി—സപദി=ഇപ്പോഠം.

അ: പ:—അയി=അല്ലയോ. തവ ദർശനം ജനനം സഫലയതി=അങ്ങയുടെ ദർശനം ജന്മത്തെ സഫലമാക്കിത്തീർക്കുന്നു.

ചരണം 1

സാമ്പ്രതം സംഹരതി ദുരിതം—പണ്ട
സുകൃതിയെന്നതുമപി ച നിയതം—മേലിൽ
ശുഭമിതി ച സൂചയതി തവ ഖലു സമാഗതം (ജയ)

ചരണം 2

ശങ്കരാംശോൽഭൂത! സുമതേ! മമ ഹി
സങ്കടമകറവാനയി തേ പാദ-
പങ്കജം പ്രണമാമി കരുണാപയോധേ! (ജയ)

## ദുർവ്വാസാവ്

മദ്ധ്യമാവതി—ചമ്പ

കല്യാണശീല! നൃപമൗലേ!
കല്യാണശീല!

ചരണം 3

കുന്തീസുത കുശലവാക്യം ചൊൽക
ചിന്തിക്കിലോ നൈവ യോഗ്യം വനേ
സന്താപമെന്നിയേ കിന്തു തവ സൌഖ്യം?

---

ചരണം 1—സംപ്രതി ദുരിതം സംഹരതി = ഇപ്പോഠം (വർത്തമാനകാലത്തു്) ദുരിതത്തെ നശിപ്പിക്കുന്നു. പണ്ട സുകൃതി എന്നതും നിയതം=പണ്ടു പുണ്യം ചെയ്തിരുന്നു എന്നുള്ളതും തീർച്ച. (പണ്ടു സുകൃതംചെയ്തവക്കു മാത്രമേ അങ്ങയെ കാണാൻ കഴിയൂ എന്നൎത്ഥം.)മേലിൽ ശുഭം ഇതി ച=മേലിൽ നന്മവരാൻ പോകുന്നു എന്നും. തവ സമാഗതം=അങ്ങയുടെ വരവു്. സൂചയതി=സൂചിപ്പിക്കുന്നു.

ചരണം 2—ശങ്കരാംശോൽഭൂതൻ = ശിവന്റെ അംശമായി ജനിച്ചവൻ. സുമതി = സൽബുദ്ധി. പാദപങ്കജം=ചരണകമലം. പ്രണമാമി=ഞാൻ നമസ്കരിക്കുന്നു. കരുണാപയോധി= ദയാസമുദ്രം.

ചരണം 3—യോഗ്യം ന ഏവ=യോഗ്യമല്ല തന്നെ. തവ സൌഖ്യം കിന്തു?=നിനക്കു് എന്താണൊരു സുഖം?

ചരണം 4
പാത്രം ലഭിച്ചോരുദന്തം കേട്ടു
വാഴ്ത്തുന്നു പലരും ഭവന്തം സുകൃത
പാത്രമല്ലോ നീയുമോക്കിൽ നിതാന്തം

**ധർമ്മപുത്രൻ**

ചരണം 5
ശിഷ്ടരെ അനുഗ്രഹിപ്പാനും—അധിക
ദുഷ്ടരേ നിഗ്രഹിപ്പാനും മനസി
പുഷ്ടമോദേന സഞ്ചരസി നൂനം
സജ്ജനസപര്യ്യചെയ്യ്വാനും—വിരവി-
ലിജ്ജനത്തിനു കഴിവരാനും—നിയമ-
മജ്ജനാദികളാശു രചയതു ഭവാനും (ജയ)

**ദുർവ്വാസാവു്**

ചരണം 6
ചൊല്ലെഴും ധർമ്മമതിനാലെ
നല്ലതു ഭവിക്കും വഴിപോലെ നീയും
അല്ലൽ തേടായ്ക ഹൃദി കൃപണരെപ്പോലെ
ഭാഗധേയാംബുധേ നിന്നെ ഞാനും

---

ചരണം 4—പാത്രം=അക്ഷയപാത്രം. ഉദന്തം=വർത്തമാനം. ഭവന്തം=അങ്ങയെ. സുകൃതപാത്രം=പുണ്യവാൻ. നിതാന്തം=ഏററവും.

ചരണം 5—ശിഷ്ടർ=സജ്ജനങ്ങൾ. നിഗ്രഹിക്ക=കൊല്ലുക. പുഷ്ടമോദേന=വളരെ സന്തോഷത്തോടുകൂടി. സഞ്ചരസി=അങ്ങു സഞ്ചരിക്കുന്നു. സജ്ജനസപര്യ്യചെയ്ക=സജ്ജനങ്ങളെ പൂജിക്ക. നിയമമജ്ജനാദികൾ=പതിവുള്ള സ്നാനം മുതലായതു്. രചയതു്=ചെയ്ക; നടത്തുക.

ചരണം 6—കൃപണർ=ക്ഷുദ്രന്മാർ; നിസ്സാരന്മാർ. ഭാഗധേയാംബുധി=വലിയ ഭാഗ്യവാൻ. ഭാഗവതപുംഗവൻ=വലി

ഭാഗവതപുംഗവം മന്യേ യാമി
ഭാഗീരഥീജലേ സ്നാതുമതിധന്യേ (കല്യാണ)

## രംഗം 8

**കവിവാക്യം**

ആനന്ദഭൈരവി—ചെമ്പട

18. അഥ ദേവലോകതടിനീതടസ്ഥലീ-
മുപയാതി മജ്ജനവിധിത്സയാ മുനൌ
ദ്രുപദാത്മജാന്നരഹിതന്തു ഭാജനം
വിജനേ വിലോക്യ വിഷസാദ വിഹ്വലാ.

(വിഷാദഭാവത്തിൽ പാഞ്ചാലി പ്രവേശിക്കുന്നു.)

**പാഞ്ചാലി**

പല്ലവി

കിന്തു കരവൈ ഹന്ത ദൈവമേ കിന്തു കരവൈ?

---

യ ഭഗവൽഭക്തൻ. നിന്നെ ഭാഗവതപുംഗവം മന്യേ = നീ വലിയ ഭഗവൽഭക്തനാണെന്നു ഞാൻ വിചാരിക്കുന്നു. അതിധന്യേ ഭാഗീരഥീജലേ സ്നാതും യാമി=ഞാൻ വളരെ പരിശുദ്ധമായ ഗംഗാജലത്തിൽ കുളിക്കാൻ പോകുന്നു.

ശ്ലോകം 18—അഥ = അനന്തരം. മുനൌ=മുനി. മജ്ജനവിധിത്സയാ = കുളിക്കുന്നതിനുവേണ്ടി. ദേവലോകതടിനീതടസ്ഥലീം ഉപയാതി(സതി)=ഗംഗാതീരത്തിലേക്കു പോകുമ്പോൾ (സതീസപ്തമി). ദ്രുപദാത്മജാ തു=പാഞ്ചാലിയാകട്ടേ. അന്നരഹിതം ഭാജനം വിലോക്യ=ചോറില്ലാത്ത പാത്രം നോക്കി. വിഹ്വലാ=പരവശയായിട്ട്. വിജനേ വിഷസാദ=ആരുമില്ലാത്ത ഒരു സ്ഥലത്തുചെന്നു വിഷാദിച്ചു.

വൃത്തം—മംജുഭാഷിണി

ലക്ഷണം—സജസം കഴിഞ്ഞു ജഗ മഞ്ജുഭാഷിണി

പല്ലവി—കിന്തു കരവൈ=ഞാനെന്താണ് ചെയ്യേണ്ടതു്?

അനുപല്ലവി

അന്ധസാ രഹിതമാകിയ സമയേ
എന്തിതിങ്ങിനെ വന്നതുമധുനാ? (കിന്തു)

ചരണം 1

മന്ദാകിന്യാം മജ്ജനംചെയ്തു മാമുനീന്ദ്രൻ
താമസം വിനാ തരിക ഭോജ്യമിതി മാ-
മുപേത്യ യാചിച്ചീടുമ്പോൾ (കിന്തു)

ചരണം 2

പാരിലുള്ള ഭാമിനിമാരിൽ ഭാഗ്യഹീനാ
പാന്ഥരിങ്ങു വന്നീടുംമുൻപിൽ
പാപമല്ലയോ ഞാൻ ഭുജിച്ചതും (കിന്തു)

ചരണം 3

സോപദംശം ശോഭനമന്നം സൂപസഹിതം
താപസോത്തമന്ന നൽകീടാഞ്ഞാൽ
കോപമോടവൻ ശാപവുമേകും (കിന്തു)

---

അ: പ:—അന്ധസാരഹിതം=അന്ധസ്സ് (ചോറ്) ഇല്ലാത്ത. പാത്രത്തിലൊന്നുമില്ലാത്ത ഈ സമയത്താണല്ലോ മഹർഷിമാർ വന്നു ചേർന്നതെന്നു പാഞ്ചാലി വിഷാദിക്കയാണ്.

ചരണം 1—മന്ദാകിന്യാം=ഗംഗയിൽ. മജ്ജനം ചെയ്തു=മുങ്ങി; കുളിച്ച്. ഭോജ്യം തരിക ഇതി=ഭക്ഷണം തരിക എന്നു പറഞ്ഞു. മാം ഉപേത്യ=എന്റെ അടുത്തുവന്നു.

ചരണം 2—ഭാമിനി=സ്ത്രീ. പാന്ഥർ = വഴിപോക്കർ. ഭുജിക്ക=ഭക്ഷിക്ക.

ചരണം 3—സോപദംശം=ഉപദംശങ്ങളോടുകൂടിയതു്. ഉപദംശം=കറി. ശോഭനം അന്നം=നല്ല ചോറ്. സൂപസഹിതം=പരിപ്പോടുകൂടിയതു്.

ചരണം 4

കർമ്മമല്ലോ സകലത്തിനും കാൎയ്യമോർത്താൽ
കർമ്മസാക്ഷിസുതനന്ദനരക്ഷിത-
ധർമ്മഫലവുമിഹ നിഷ്ഫലമാമോ? (കിന്തു)

ചരണം 5

പാണ്ഡവാനാം പാലനലോല! പാഹി ശൌരേ!
പാരമുള്ളോരഴൽ തീൎത്തന്നെ
പത്മനയന! കാത്തരുളുക ദേവ! (കിന്തു)

**കവിവാക്യം**

കല്യാണി—അടന്ത

19. വിധുരാവിരഭൂൽ പുരോഭുവി
ദ്രുപദേന്ദ്രാത്മഭവാചകോരികാം
സ്മിതചന്ദ്രികയാ പ്രഹർഷയൻ
ചലദൃക്‌ചഞ്ചുപുടാം തമോപഹഃ.

---

ചരണം 4—കൎമ്മസാ........ധൎമ്മഫലം=ധൎമ്മപുത്രനാൽ രക്ഷിക്കപ്പെട്ട ധൎമ്മത്തിന്റെ ഫലം.

ചരണം 5—പാണ്ഡവാനാം പാലനലോല=പാണ്ഡവന്മാരുടെ രക്ഷണത്തിൽ അത്യന്തം താൽപൎയ്യമുള്ളവൻ. പത്മനയനൻ=താമരക്കണ്ണൻ.

ശ്ലോകം 19—തമോപഹഃ വിധുഃ=തമസ്സിനെ കളയുന്നവനായ (പാപം നശിപ്പിക്കുന്നവനെന്നും ഇരുട്ടിനെ കളയുന്നവനെന്നും രണ്ടൎത്ഥം) ശ്രീകൃഷ്ണൻ (ചന്ദ്രനെന്നും). ചലദൃക്‌ചഞ്ചുപുടാം=ഇളകിക്കൊണ്ടിരിക്കുന്ന കൺപോളകളാകുന്ന കൊക്കുകളോടുകൂടിയ. ദ്രുപദേന്ദ്രാത്മഭവാ ചകോരികാം=ദ്രൗപദിയാകുന്ന ചകോരപ്പിടയെ. സ്മിതചന്ദ്രികയാ=പുഞ്ചിരിയാകുന്ന ചന്ദ്രികകൊണ്ടു്. പ്രഹർഷയൻ=സന്തോഷിപ്പിക്കുന്നവനായിട്ടു്. പുരോഭുവി ആവിരഭൂൽ=മുൻപിൽ പ്രത്യക്ഷപ്പെട്ടു.

(ശ്രീകൃഷ്ണൻ പ്രവേശിക്കുന്നു.)

**ശ്രീകൃഷ്ണൻ**

പല്ലവി

ധന്യേ! മഹിതസൌജന്യേ!
പാഞ്ചാലകന്യേ! കേൾക്ക വദാന്യേ!

അനുപല്ലവി

അന്യം പ്രതി നിജദൈന്യം ചൊൽക
നമാന്യമെന്നതു മന്യേ;

ചരണം 1

നല്ലാർകുലമണേ! ചൊല്ലാമെങ്കിലും
വല്ലാത്തൊരല്ലൽ മെല്ലെ;
ക്ഷുധയാ പരവശഹൃദയാംഭോജമ-
മിതയാവേഹി മാം സദയേ! (ധന്യേ)

---

**അലങ്കാരം—ശ്ലേഷത്തിൻെറ സഹായത്തോടുകൂടിയ പരമ്പരിതരൂപകം.**

**വൃത്തം—വിയോഗിനി**

**ലക്ഷണം—വിഷമേ സസജം ഗവും സമേ**
**സഭരം ലം ഗുരുവും വിയോഗിനി**

**പല്ലവി—വദാന്യ=ദാനശീല; അഥവാ മധുരമായി സംസാരിക്കുന്നവൾ.**

**അ: പ:—നിജദൈന്യം അന്യം പ്രതി ചൊല്ക=തൻെറ കഷ്ടപ്പാടു് മററാരാളോടു പറയുക എന്നതു്. മാന്യം എന്നതു നമന്യേ=മാന്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.**

**ചരണം 1—നല്ലാർകുലം=സ്ത്രീവർഗ്ഗം. ക്ഷുധയാ=വിശപ്പുകൊണ്ടു്. ഹേ സദയേ മാം ക്ഷുധയാ പരവശഹൃദയാംഭോജം അവേഹി=അല്ലയോ ദയയോടുകൂടിയവളേ! ഞാൻ വിശപ്പുകൊണ്ടു വല്ലാതെ വലഞ്ഞിരിക്കയാണെന്നു നീ മനസ്സിലാക്കുക.**

**പാഞ്ചാലി**

മോഹനം—അടന്ത

പല്ലവി

നൃഹരേ കരകലിതാരേ! മാ-
മിഹ ശൌരേ! പാഹി മുരാരേ!

അനുപല്ലവി

കായാമ്പൂനിറമായ നിന്നുടെ മായാ ന്നൂനമമേയാ

ചരണം 1

കർത്തും തവ ഖലു ഭുക്തിം കിഞ്ചന
ഭക്തം നഹി നഹി സത്യം;
പാത്രം ദിനകരദത്തം പശ്യ വി-
വിക്തം ഭോജനരിക്തം (നൃഹരേ)

**ശ്രീകൃഷ്ണൻ**

ചരണം 2

അന്നം മധുരോപപന്നം ദേഹി മേ
വന്യം വാ യദി വാന്യം
ശാകം വാ കൃതപാകം തരിക വി-
ശോകം കൃപയാ സാകം (ധന്യേ)

---

പല്ലവി=നൃഹരി=നരസിംഹം. കരകലിതാരി = കയ്യിൽ ചക്രായുധം ധരിച്ചവൻ. മാം പാഹി=എന്നെ രക്ഷിച്ചാലും.

ചരണം 1—തവ ഭുക്തിം കർത്തും=അവിടത്തേക്കു് ഭക്ഷണം കഴിക്കുന്നതിനു്. ഭക്തം കിഞ്ചന നഹി നഹി=ചോറു് ഒട്ടുംതന്നെയില്ല. ദിനകരദത്തം=സൂര്യൻ നല്കിയതു്. ഭോജനരിക്തം=ഭക്ഷണസാധനമൊന്നുമില്ലാത്തതു്. പശ്യ=അവിടുന്നു നോക്കുക.

ചരണം 2—മധുരോപപന്നം അന്നം വാ=മധുരപലഹാരങ്ങളോടുകൂടിയ അന്നമോ. വന്യം വാ=കാട്ടിൽനിന്നു കിട്ടിയ വല്ല ഭക്ഷണസാധനമോ. യദി വാ അന്യം=അഥവാ മറെറന്തെങ്കിലുമോ. മേ ദേഹി=എനിക്കു തരിക. കൃതപാകം ശാകം വാ=

കവിവാക്യം

കല്യാണി

20. ശ്രുത്വാ ജനാർദ്ദനഗിരം ദ്രുപദാത്മജാ സാ
പാത്രേതിസൂക്ഷ്മതരമാശു വിലോക്യ ശാകം
ആദായ സത്രപമദാന്നരകദ്വിഷേസ്മൈ
ഭുക്ത്വാ തദാത്മനഗരീം പ്രയയൗ മുകുന്ദഃ.

# രംഗം 9

കവിവാക്യം

കേദാരഗൌഡം — ചമ്പ

21. സൌഹിത്യം വ്രജതി ജഗന്മയേ മുരാരൌ
ദുർവ്വാസാസ്സമജനി തൃപ്തിമാൻ സശിഷ്യഃ

---

അഥവാ വേവിച്ച വല്ല ഇലക്കറിയായാലും. വിശോകം=ദുഃഖം കൂടാതെ. കൃപയാ സൗകം=ദയയോടുകൂടി (എനിക്കു തരിക).

ശ്ലോകം 20—സാ ദ്രുപദാത്മജാ=ആ ദ്രുപദരാജപുത്രി; പാഞ്ചാലി. ജനാർദ്ദനഗിരം ശ്രുത്വാ=ശ്രീകൃഷ്ണന്റെ വാക്കു കേട്ടു്. ആശു=വേഗത്തിൽ. പാത്രേ അതിസൂക്ഷ്മതരം ശാകം വിലോക്യ=പാത്രത്തിൽ വളരെ ചെറിയ ഒരു ഇലക്കഷണം (ചീരക്കറിയിൽ പെട്ടതു്) കണ്ടിട്ടു്. ആദായ=എടുത്തു്. അസ്മൈ നരകദ്വിഷേ=ഈ ശ്രീകൃഷ്ണനു്. സത്രപം=ലജ്ജ (ത്രപ) യോടുകൂടി. അദാൽ=കൊടുത്തു. തൽ ഭുക്ത്വാ=അതു ഭക്ഷിച്ചിട്ടു്. മുകുന്ദഃ=ശ്രീകൃഷ്ണൻ. ആത്മനഗരീം പ്രയയൗ=തന്റെ രാജധാനിയിലേക്കു പോയി.

വൃത്തം—വസന്തതിലകം.

ശ്ലോകം 21—ജഗന്മയേ മുരാരൗ=ജഗത്സ്വരൂപനായ ശ്രീകൃഷ്ണൻ. സൗഹിത്യം വ്രജതി (സതി)=തൃപ്തിയെ പ്രാപിച്ചപ്പോൾ. സശിഷ്യഃ ദുർവ്വാസാഃ = ശിഷ്യഗണത്തോടുകൂടിയ ദുർവ്വാസാവു്. തൃപ്തിമാൻ സമജനി=സംതൃപ്തനായിത്തീൎന്നു. സന്തുഷ്ടഃ (സഃ)=സ

DHARMARAM COLLEGE LIBRARY
19385
BANGALORE.

സന്തുഷ്ടശ്ശമനസുതം സമേത്യ ഭൂയഃ
പ്രോവാച പ്രതിപദമാശിഷോ വിതന്വൻ.

(ദുർവ്വാസാവും ധർമ്മപുത്രരും പ്രവേശിക്കുന്നു.)

ദുർവ്വാസാവ്          പല്ലവി

ഭവതു തവ മംഗളം ഭാരതമഹീപാല-
ഭാസുരശിരോരത്നമേ!

ചരണം 1 .

ഭാഗ്യാംബുധേ നിങ്കൽ വാസുദേവൻതൻെറ
വാത്സല്യമുള്ളതെല്ലാം ഭാവിതദൃശാ കണ്ടു
വിസ്മയംപൂണ്ടു ഞാൻ;
ഭൂയോപി ജീവ സുചിരം (ഭവതു)

ചരണം 2

മന്ദാകിനീജലേ മാദ്ധ്യന്ദിനോചിതം
മജ്ജനംചെയ്തുളവഹോ

---

ന്തുഷ്ടനായ ആ മഹർഷി. ഭൂയഃ ശമനസുതം ഏത്യ=വീണ്ടും ധർമ്മപുത്രരുടെ അടുത്തുചെന്നു്. പ്രതിപദം ആശിഷഃ വിതന്വൻ=തുടരെത്തുടരെ ആശീർവ്വദിച്ചുകൊണ്ടു്. പ്രോവാച=പറഞ്ഞു.

വൃത്തം—പ്രഹർഷിണി
ലക്ഷണം—ത്രിച്ഛിന്നം മനജരഗം പ്രഹർഷിണിക്കു്.

പല്ലവി—തവ മംഗളം ഭവതു=അങ്ങേയ്ക്കു മംഗളം ഭവിക്കട്ടെ. ഭാരതമ........രോരത്നം=ഭരതവംശത്തിലുണ്ടായ രാജാക്കന്മാരുടെ ഭാസുരമായ ശിരോലങ്കാരം; ആ വംശത്തിലെ രാജാക്കന്മാരിൽവെച്ചു് അത്യുത്തമൻ.

ചരണം 1—ഭാഗ്യാംബുധി=വലിയ ഭാഗ്യവാൻ. (അംബുധി=സമുദ്രം) ഭാവിതദൃശാ=ജ്ഞാനദൃഷ്ടികൊണ്ടു്. ഭൂയഃ അപി വിസ്മയം പൂണ്ടു=വീണ്ടും വീണ്ടും അത്ഭുതപ്പെട്ടു. സുചിരം ജീവ=വളരെക്കാലം ജീവിച്ചിരിക്ക.

ചരണം 2— മന്ദാകിനീജലേ=ഗംഗാജലത്തിൽ. മാദ്ധ്യ

മന്ദേതരം തൃപ്തിവന്നു ഞങ്ങൾക്കിന്നു
മന്നിലതിമാനുഷൻ നീ (ഭവതു)

ചരണം 3

ചൊല്ലുള്ള സത്തുക്കളിൽ അല്ലൽ വരുത്തുന്ന
വല്ലാത്ത ദുഷ്ടരിലഹോ
ഉല്ലാസമാന്ന സുഖമുണ്ടാകയില്ലെന്നു
നല്ല ശാസ്ത്രോക്തമല്ലോ (ഭവതു)

**ധർമ്മപുത്രൻ**

ചരണം 4

ശ്ലാഘ്യനാകും തവാനുഗ്രഹത്തിനു ഞാൻ
യോഗ്യനായ്വരികയാലേ
ഭാഗ്യമാഹന്ത മമ വാഗ്ഗോചരമല്ലാ
വക്തുമിഹ പാക്കിലധുനാ
ഭവതു തവ ദശ്നം ഭൂയോപി മാമുനേ!
ഭവഭീതിപരിമോചന

---

ന്ദിനോചിതം മജ്ജനം ചെയ്യുളവു്. മദ്ധ്യാഹ്നത്തിൽ നടത്തേണ്ട സ്നാനം കഴിച്ചപ്പോൾ. മന്ദേതരം തൃപ്തി=വലിയ സംതൃപ്തി. അതിമാനുഷൻ=ദിവ്യൻ.

ചരണം 3—ചൊല്ലുള്ള സത്തുക്കൾ=പേരുകേട്ട സജ്ജനങ്ങൾ. അല്ലൽ=സങ്കടം. ശാസ്ത്രോക്തം=ശാസ്ത്രങ്ങളിൽ പറയപ്പെട്ടതു്.

ചരണം 4—ശ്ലാഘ്യൻ=ശ്ലാഘിക്ക (പുകഴ്ത്ത)ത്തക്കവൻ. തവ=അങ്ങയുടെ. വാഗ്ഗോചരം=വാക്കുകൾക്കു വിഷയം. വക്തും =പറയുന്നതിനു്. അധുനാ=ഇപ്പോൾ. ഭൂയഃ അപി തവ ദശ്നം ഭവതു=വീണ്ടും അങ്ങയെ കാണാൻ ഇടവരട്ടെ. ഭവഭീതിപരിമോചനൻ=സംസാരദുഃഖത്തിൽ നിന്നുണ്ടാകുന്ന ഭയത്തെ നശിപ്പിക്കുന്നവൻ.

**ദുർവ്വാസാവു്**

ചരണം 5

ചിത്രം വിചിത്രമീ വൃത്താന്തമൊക്കവേ;
പ്രീത്യാ ഗമിക്കുന്നു ഞാൻ
ധൂർത്തൻ ശഠൻ കുമതി ദുര്യോധനൻതന്റെ
ദുർമ്മദമടക്കീടുവൻ (ഭവതു)

**കവിവാക്യം**

22. വിഷ്വദ്രീചീർവ്വിക്ഷിപൻ കീർത്തിരാജീ
രാജാ ഭൂരിപ്രീതിമത്ഭിർമ്മുനീന്ദ്രൈഃ
ആശീർഭിസ്തൈരാശു സാധീയസീഭി-
ർജ്ജഗ്മേ ചാഭിഖ്യാതിമുൽഗാതുകാമൈഃ

---

ചരണം 5—ഈ വൃത്താന്തം ചിത്രം വിചിത്രം=ഈ വർത്തമാനം (വെള്ളത്തിൽ മുങ്ങിയപ്പോൾ വയറുനിറഞ്ഞ ഈ സംഭവം) അത്യത്ഭുതകരമായിരിക്കുന്നു. പ്രീത്യാ=സന്തോഷത്തോടുകൂടി. ധൂർത്തൻ=വഞ്ചകൻ. ശഠൻ=ദുഷ്ടൻ. കുമതി=ദുർബ്ബുദ്ധി. ദുർമ്മദം=ദുരഹങ്കാരം.

ശ്ലോകം 22—വിഷ്വദ്രീചീഃ കീർത്തിരാജീഃ വിക്ഷിപൻ രാജാ=ലോകം മുഴുവൻ വ്യാപിക്കുന്ന യശോരാശിയെ പരത്തിക്കൊണ്ടിരിക്കുന്ന ധർമ്മപുത്രൻ. പ്രീതിമത്ഭിഃ=സന്തുഷ്ടന്മാരായ. മുനിഭിഃ=മഹർഷിമാരാൽ. ആശു=വേഗത്തിൽ. സാധീയസീഭിഃ ആശീർഭിഃ=ഫലപ്രദങ്ങളായ ആശീർവ്വാദങ്ങളാൽ. അപൂരി=പൂരിപ്പിക്കപ്പെട്ടു സംതൃപ്തനാക്കപ്പെട്ടു. (കർമ്മണിപ്രയോഗം). അഭിഖ്യാതിം ഉൽഗാതുകാമൈഃ തൈഃ=(ധർമ്മപുത്രരുടെ) കീർത്തി പാടിപ്പുകഴ്ത്താനാഗ്രഹിക്കുന്നവരായ അവരാൽ (ആ മഹർഷിമാരാൽ). ജഗ്മേ ച=ഗമിക്ക എന്നുള്ളതുണ്ടാവുകയും ചെയ്തു. (ഭാവേ പ്രയോഗം) ധർമ്മപുത്രരെപ്പററിയുള്ള നല്ല കഥകൾ നാട്ടിൽ പറഞ്ഞു പരത്താനായി ആ മഹർഷിമാർ അവിടെ നിന്നു പുറപ്പെട്ടുപോയി എന്നർത്ഥം.

# രംഗം 10

## കവിവാക്യം

കാമോദരി

23. സഭാജനൈർവ്വിരചിതസത്സഭാജനഃ
പരം തപസ്സമഭിഹിതഃ പരന്തപഃ
ചരിഷ്ണുനാ ഖലു മുനിനാ ചരിഷ്ണുനാ
വനാന്തരേരമത സ പാവനാന്തരേ.

(തിരനീക്കി അർജ്ജുനൻ പ്രവേശിച്ചു വനഭംഗി കാണുന്നു. ഘോരമായ ഒരു ശബ്ദം കേട്ടു് അതെന്താണെന്നു് അന്വേഷിക്കാനായി അങ്ങോട്ടേക്കു പോകുന്നു.)

(തിരശ്ശീല)

---

ഈ പദ്യത്തിന്റെ നാലാമത്തെ വരിക്കു് 'ജഗ്മേ ചാപഖ്യാതിമൂൽഖാതുകാമൈഃ' എന്ന ഒരു പാഠാന്തരമുണ്ടു്. അതു സ്വീകരിച്ചാൽ, 'ധർമ്മപുത്രരുടെ അപഖ്യാതിയെ ഉന്മൂലനംചെയ്യണമെന്നാഗ്രഹിക്കുന്ന' എന്നർത്ഥം പറയണം. അങ്ങിനെ ഉന്മൂലനം ചെയ്യേണ്ട ഒരാവശ്യം നേരിടത്തക്കവണ്ണം ധർമ്മപുത്രക്കു് ഒരകീർത്തി ഉണ്ടായതായി പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു് ആ പാഠത്തിനു് വലിയ ഔചിത്യമൊന്നും കാണുന്നില്ല. പുതിയ പാഠത്തിനാകട്ടേ, നല്ല ഔചിത്യമുണ്ടുതാനും.

വൃത്തം — ശാലിനി

ലക്ഷണം—നാലേഴായ് മം ശാലിനീ തം ത ഗംഗം.

ശ്ലോകം 23—സഭാജനൈഃ വിരചിത സൽസഭാജനഃ= സഭാവാസികളാൽ (ബ്രാഹ്മണരാൽ) വിരചിതമായ (ചെയ്യപ്പെട്ട) സഭാജന (പൂജന) ത്തോടുകൂടിയവനും; ബ്രാഹ്മണരാൽ പുകഴ്ത്തപ്പെട്ടവനും എന്നർത്ഥം. പരന്തപഃ=ശത്രുക്കളെ തപിപ്പിക്കുന്നവനും ആയ. സഃ=ആ രാജാവു്. പരം തപഃ ആചരിഷ്ണുനാ ചരിഷ്ണുനാ മുനിനാ=ദുഷ്കരമായ തപസ്സിനെ അനുഷ്ഠിക്കുന്നവനും തീർത്ഥാടനത്തിനു് ആഗ്രഹിക്കുന്നവനുമായ മഹർഷി

## കവിവാക്യം

പന്തുവരാളി—ചെമ്പട

24. സംക്ഷുഭ്യദ്രൂക്ഷചക്ഷുഃ ശ്രുതിപുടകടുഭിഃ
പ്രോച്ചകൈശ്ശബ്ദഘോഷൈഃ
ബ്രഹ്മാണ്ഡക്ഷോഭദായീ ഖരനഖരമുഖൈഃ
പാടയൻ സത്വസംഘാൻ
ക്ഷിപ്രം വ്യാജൃംഭമാണഃ കുരുകുലവൃഷഭാൻ
ഹന്തുകാമോ നിതാന്തം
ശാർദ്ദൂലാഖ്യഃ പ്രജല്പന്നിതി രജനിചരഃ
പ്രാപ ശാർദ്ദൂലലീലഃ.

---

യാൽ. സമഭിഹിതഃ=പറയപ്പെട്ടവനായിട്ട് പാവനാന്തരേ വനാന്തരേ=പരിശുദ്ധിയെ ഉണ്ടാക്കുന്ന ഉൾപ്രദേശത്തോടുകൂടിയ മറെറാരു വനത്തിൽ. അരമത=രമിച്ചു; സുഖിച്ചു താമസിച്ചു. ('ഖലു' വെറും വാക്യാലങ്കാരമായിട്ടെടുത്താൽ മതി. ഭാഷയിൽ നിരത്ഥകപദങ്ങൾ എന്ന ഒരിനമുണ്ടല്ലോ; ഏകദേശം അതുപോലെതന്നെ. സംസ്കൃതപ്രിയന്മാർ ഈ വക പദങ്ങൾക്ക് ഞെക്കിപ്പിഴിഞ്ഞ് ചില അത്ഥങ്ങളൊക്കെ ഉണ്ടാക്കാറുണ്ടെന്നുള്ള കഥ മറന്നിട്ടല്ല ഇങ്ങനെ പറയുന്നത്.) ശബ്ദാലങ്കാരം—യമകം. ലക്ഷണം— "അക്ഷരക്കൂട്ടമൊന്നായിട്ടത്ഥം ഭേദിച്ചിടും പടി ആവത്തിച്ചു കഥിച്ചീടിൽ യമകം പലമാതിരി."

വൃത്തം—അതിരുചിര

ശ്ലോകം 24—സംക്ഷുഭ്യദ്രൂക്ഷചക്ഷുഃ=കലങ്ങിമറിഞ്ഞ ഭയങ്കരമായ കണ്ണുകളോടുകൂടിയവനും (ചക്ഷുസ്സ്=കണ്ണ്). ശ്രുതിപുടകടുഭിഃ പ്രോച്ചകൈഃ ശബ്ദഘോഷൈഃ = കണ്ണപുടങ്ങൾ (ചെവികൾ)ക്കു തീക്ഷ്ണങ്ങളായ (കണ്ണകഠോരങ്ങളായ) അത്യുച്ചത്തിലുള്ള ശബ്ദകോലാഹലങ്ങളാൽ. ബ്രഹ്മാണ്ഡക്ഷോഭദായീ=ബ്രഹ്മാണ്ഡത്തെത്തന്നെ ക്ഷോഭിപ്പിക്കുന്നവനും; (ഇളക്കിമറിക്കുന്നവൻ). ഖരനഖരമുഖൈഃ സത്വസംഘാൻ പാടയൻ=

(ശാർദ്ദൂലൻ എന്ന രാക്ഷസൻ പ്രവേശിക്കുന്നു.)

**ശാർദ്ദൂലൻ**

പല്ലവി

ആരിഹ വന്നതെടാ വിപിനേ
ആരിഹ വന്നതെടാ

ചരണം 1

ചാരുതരം മമ പാരണ വിധിനാ
നേരൊടു കല്പിതയോതാൻ
ഭീരുത ദൂരെ വെടിഞ്ഞിഹ വന്നതു
ശൂരതരന്മാർ നൂനം (ആരിഹ)

---

പരുഷങ്ങളായ നഖാഗ്ര (നഖരമുഖ) ങ്ങൾ കൊണ്ടു ജന്തുസമൂഹത്തെ പിളക്കുന്നവനും. നിതാന്തം വിജൃംഭമാണഃ =വളരെയൊക്കെ ലഹള കൂട്ടുന്നവനും. കുരുകുലവൃഷഭാൻ ക്ഷിപ്രം ഹന്തുകാമഃ = കുരുകുലത്തിൽ ജനിച്ച രാജശ്രേഷ്ഠന്മാരെ (ധർമ്മപുത്രാദികളെ) വേഗത്തിൽ കൊല്ലാൻ കൊതിക്കുന്നവനും. ശാർദ്ദൂലലീലഃ = വ്യാഘ്രത്തെപ്പോലെ പരാക്രമിയും. ശാർദ്ദൂലാഖ്യഃ രജനിചരഃ =ശാർദ്ദൂലൻ എന്ന പേരുള്ളവനുമായ ഒരു രാക്ഷസൻ. ഇതി പ്രജല്പൻ=താഴെ കാണിക്കും പ്രകാരം പുലമ്പിക്കൊണ്ടു്. പ്രാപ=അവിടെയെത്തി.

വൃത്തം—സ്രഗ്ദ്ധര.

പല്ലവി—വിപിനേ=കാട്ടിൽ.

ചരണം 1—ചാരുതരം = ഭംഗിയായി. മമ=എനിക്കു്. പാരണ=പട്ടിണികഴിഞ്ഞശേഷമുള്ള ആഹാരം. വിധിനാ= വിധിയാൽ; ദൈവത്താൽ. കല്പിതയോ = കല്പിക്കപ്പെട്ടിരിക്കയോ ണോ? (ധർമ്മപുത്രാദികളെ പട്ടിണിക്കു ശേഷമുള്ള ആഹാരത്തിനായി ദൈവംതന്നെ തൻെറ അടുക്കലേക്കു പറഞ്ഞയച്ചതായിരിക്കാമെന്നു് ശാർദ്ദൂലൻ വിചാരിക്കുന്നു.) ഭീരുത=പേടി. ശൂരതരന്മാർ=വളരെശ്ശൂരന്മാർ (താൻ താമസിക്കുന്ന കാട്ടിൽ പേ

ചരണം 2

ഇക്ഷണമീക്ഷണഗോചരരാകിൽ
ഭക്ഷണമെൻ കരസംസ്ഥം
കക്ഷി പിളൎന്നവരുടെ രുധിരം ഞാൻ
ശിക്ഷയൊടാസ്വദിപ്പൻ (ആരിഹ)

ചരണം 3

മൎത്ത്യാമിഷമിഹ ഭുക്തികഴിച്ചാ-
നെത്ര ദിവസമുടനോൎത്തേൻ
ചിത്രമതിന്നു മമ സംഗതി വന്നതു-
മെത്രയുമെന്നുടെ ഭാഗ്യം (ആരിഹ)

ചരണം 4

ക്ഷുത്തു വളൎന്നൊരു കേസരിമുമ്പിൽ
സത്വനികരമതുപോലെ

---

ടികൂടാതെ കടന്നുവന്നതുകൊണ്ടാണ്ു ശാൎദ്ദൂലൻ പാണ്ഡവന്മാരെ 'ശൂരതരന്മാർ' എന്നു വിശേഷിപ്പിക്കുന്നതു്.) ഇഹ വന്നതു് =ഞാൻ താമസിക്കുന്ന ഈ കാട്ടിൽ വന്നുചേൎന്നതു്.

ചരണം 2—മൎത്ത്യാമിഷം=മൎത്ത്യന്മാരുടെ (മനുഷ്യരുടെ) ആമിഷം (മാംസം). ഭുക്തി കഴിക്ക=ഭക്ഷിക്ക. ചിത്രം=വളരെ അത്ഭുതകരമായ രീതിയിൽ.

ചരണം 3—ക്ഷുത്തു്=വിശപ്പു്. കേസരി=സിംഹം. സത്വനികരം=ജന്തുസമൂഹം. (സത്വങ്ങൾ=ജന്തുക്കൾ. നികരം=സമൂഹം) മൎത്ത്യഗണം=മനുഷ്യസമൂഹം. ഹസ്തസമീപേ=കയ്യിന്നടുത്തു്. അലങ്കാരം–ഉപമ. ലക്ഷണം–"ഒന്നിനൊന്നോടു സാദൃശ്യം ചൊന്നാലുപമയാമതു്."

ചരണം 4—ഇക്ഷണം=ഈ ക്ഷണത്തിൽ. ഈക്ഷണഗോചരമാകിൽ=കൺമുമ്പിൽപ്പെട്ടാൽ. കരസംസ്ഥം=കൈയിൽ കിട്ടിയതു്. കുക്ഷി=വയറു്. രുധിരം=ചോര. ശിക്ഷയൊടു്=

മത്ത്യഗണങ്ങളകപ്പെട്ടിതു മമ
ഹസ്തസമീപേ നൂനം (ആരിഹ)

(തിരശ്ശീല)

## രംഗം 11

**കവിവാക്യം**

മംഗളകൈശികി—ചെമ്പട

25. ഇതി കൃതവചനം സുവർണ്ണപുംഖ-
ദ്യുതിഖചിതാംഗുലിരർജ്ജുനഃ ക്ഷപാടം
ശരശതകുസുമൈരഭീക്ഷ്ണശോഭൈ-
രഭിനവദർശനമുൽക്കിരന്നവാദീൽ

(യുദ്ധസന്നദ്ധരായി അർജ്ജുനനും ശാർദ്ദൂലനും പ്രവേശിക്കുന്നു)

**അർജ്ജുനൻ** പല്ലവി

രേരേ! പോരിന്നായ് വാടാ രാക്ഷസാധമ!
നേരേ പോരിന്നായ് വാടാ

---

വേണ്ടപോലെ.

ശ്ലോകം 25—അർജ്ജുനഃ =അർജ്ജുനൻ. ഇതി കൃതവചനം =ഇപ്രകാരം പറഞ്ഞവനും. അഭിനവദർശനം=പുതുതായി കണ്ടെത്തിയവനും ആയ. ക്ഷപാടം=രാക്ഷസനെ. സുവർണ്ണപുംഖ ....ഗുലിഃ =സ്വർണ്ണമയമായ ശരമൂലത്തിന്റെ കാന്തി പതിഞ്ഞ വിരല്വ (അംഗുലി) കളോടുകൂടിയവനായിട്ട്. അഭീക്ഷ്ണശോഭൈഃ ശരശതകുസുമൈഃ=അത്യന്തം ശോഭിക്കുന്ന അനേകം അമ്പുകളാകുന്ന പൂക്കളെക്കൊണ്ട്. ഉൽകിരൻ = വഷിക്കുന്നവനായിട്ട്. അവാദീൽ = പറഞ്ഞു. 'ശരശതകുസുമൈഃ' എന്ന പദത്തിൽ രൂപകാലങ്കാരം.

വൃത്തം—പുഷ്പിതാഗ്ര

പല്ലവി—രാക്ഷസാധമൻ=രാക്ഷസന്മാരിൽ വെച്ച് അധമൻ,

ചരണം 1

ഭൂരിധാഷ്ട്യമിയലും തവ വാക്കുകൾ
ചേരുമോ സമരസീമനി മൂഢ? (രേരേ)

**ശാർദ്ദൂലൻ**

പല്ലവി

രേരേ പോരിന്നായ് വാടാ മാനുഷാധമ
രേരേ പോരിന്നായ് വാടാ

ചരണം 2

ചേരുമേ ശമനസത്മനി നീ മമ
ഘോരതാഡനമതേററ ദുരാത്മൻ! (രേരേ)

**അർജ്ജുനൻ**

ചരണം 3

ധാഷ്ട്യമാന്ന മൊഴി ചൊന്നുടനേ പുന-
രിക്ഷണത്തിനെല്ലതോ തവ പോവാൻ? (രേരേ)

**ശാർദ്ദൂലൻ**

ചരണം 4

പോകയില്ല മനുജാധമ നിന്നൊട്ട
പൊരുതു ജയമതു ലഭിക്കുംമുമ്പേ (രേരേ)

---

ചരണം 1—ഭൂരിധാർഷ്ട്യമിയലും=വളരെ ധൃഷ്ടതയോടുകൂടിയ. (ധൃഷ്ടത= ധൈര്യം; എടുത്തുചാട്ടം). സമരസീമനി=യുദ്ധത്തിൽ.

ചരണം 2—ശമനസത്മനി=യമപുരിയിൽ. ഘോരതാഡനം=ഭയങ്കരമായ അടി. ദുരാത്മൻ=അല്ലയോ ദുഷ്ട!

ചരണം 3—മൊഴി=വാക്ക്. ഇക്ഷണം=ഇപ്പോൾ. തവ =നിനക്ക്.

ചരണം 4—മനുജാധമൻ=അധമനായ മനുഷ്യൻ. പൊരുതു്=യുദ്ധം ചെയ്തു്.

**അർജ്ജുനൻ**

ചരണം 5

വിജയമതു തവ ലഭിപ്പതുമെങ്ങിനെ
വിജയനെന്നു മാം കേൾപ്പിില്ലേ നീ? (രേരേ)

**ശാർദ്ദൂലൻ**

ചരണം 6

കേളിയുണ്ടു തവ ജനനമേവ ഖലു
കേവലം പറകിലുണ്ടതിദുരിതം (രേരേ)

**അർജ്ജുനൻ**

ചരണം 7

ദുരിതനികരകരമിഹ നിശിചരരുടെ
ചരിതകഥനമെന്നറിക നീ മൂഢ! (രേരേ)

**ശാർദ്ദൂലൻ**

ചരണം 8

കടലൊടിടയുമൊരു ഭടപടലീ മമ
ഝടിതി പട്ടത കളയും തവ ന്യൂനം (രേരേ)

---

ചരണം 5—വിജയം=ജയം. വിജയൻ=അർജ്ജുനൻ. മാം =എന്നെപ്പററി. 'വിജയ'ശബ്ദത്തിനു് ജയിക്കുന്നവൻ എന്നാണല്ലൊ അൎത്ഥം. ആ പേരുള്ള തന്നെ ജയിക്കാൻ ആൎക്കും സാധിക്കയില്ലെന്നാണു് ആശയം.

ചരണം 6—കേളിയുണ്ടു്=കേട്ടിട്ടുണ്ടു്; അഥവാ പ്രസിദ്ധിയുണ്ടു്; ആ പേരു പ്രസിദ്ധമാണെന്നൎത്ഥം. തവ ജനനം= നിൻെറ ജനനവൃത്താന്തം. അതിദുരിതം=വലിയ പാപം.

ചരണം 7—ദുരിതനികരകരം=പാപസമൂഹത്തെ ഉണ്ടാക്കുന്നതു്; പറയുന്നവരെപ്പോലും പാപികളാക്കിത്തീൎക്കുന്നതെന്നൎത്ഥം. നിശിചരൻ=രാക്ഷസൻ. ചരിതകഥനം=പ്രവൃത്തികളെപ്പററി പറയുന്നതു്.

ചരണം 8—കടലൊടിടയും=കടലുപോലുള്ളതു്. മമ ഭട

**അർജ്ജുനൻ**

ചരണം 9

ചാലവേ ശരചയം തട്ടുക്ക മേ
ശാർദ്ദൂലവിക്രമ ശാർദ്ദൂല! നീ (രേരേ)

(തിരശ്ശീല)

**കവിവാക്യം**

കാമോദരി

26. വിജയധൃതശരാസോദിതാരേ ബാണവഹ്നൌ
രണഭുവി ശലഭത്വം പ്രാപ ശാർദ്ദൂലനാമാ;
സപദി വിജയലക്ഷ്മ്യാ സംയുതം ശക്രസൂനും
ശമനതനയമുഖ്യാസ്തേഭ്യനന്ദൻ പ്രഹൃഷ്ടാഃ

---

പടലി=എന്റെ സേനാസമൂഹം. ഝടിതി തവ പടുത കളയും= വേഗത്തിൽ നിന്റെ സാമൎത്ഥ്യമെല്ലാം നശിപ്പിക്കും. നൂനം= തീർച്ച.

ചരണം 9—ചാലവേ=വേണ്ടപോലെ. ശരചയം=അ മ്പിൻകൂട്ടം (ചയം=സമൂഹം). ശാർദ്ദൂലവിക്രമൻ = വ്യാഘ്രത്തെ പ്പോലെ പരാക്രമശാലി.

ശ്ലോകം 26—ശാർദ്ദൂലനാമാ=ശാർദ്ദൂലൻ എന്നു പേരു ള്ള രാക്ഷസൻ. രണഭുവി = പോർക്കളത്തിൽ. വിജയധൃതശരാ സോദിതാരേ ബാണവഹ്നൌ=അർജ്ജുനൻ ധരിച്ച വില്ലിൽനിന്നു പുറപ്പെട്ട ശരാഗ്നിയിൽ (ശരാസം=വില്ല്. ഉദിതാരം=ഉൽഗ മിക്കുന്ന; ഉണ്ടായിക്കൊണ്ടിരിക്കുന്ന). ശലഭത്വം പ്രാപ=പാററ യുടെ നിലയെ പ്രാപിച്ചു സപദി=ഉടനെ. പ്രഹൃഷ്ടാഃ=സന്തുഷ്ട രായ. തേ ശമതനയമുഖ്യാഃ =ആ ധൎമ്മപുത്രാദികൾ. വിജയല ക്ഷ്മ്യാ സംയുതം ശക്രസൂനും=വിജയലക്ഷ്മിയോടുകൂടിയ അർജ്ജു നനെ. അഭ്യനന്ദൻ=അഭിനന്ദിച്ചു.

വൃത്തം—മാലിനി

ലക്ഷണം— നനമയയുഗമെട്ടിൽ തട്ടണം മാലിനിക്കു്.

നാഥനാമക്രിയ

27. ശാർദ്ദൂലേ നിഹതേസ്മിൻ
ഗോത്രാ വിത്രാസവിരഹിതാ സമഭൂൽ
നിഷ്ക്കണ്ടകഞ്ച വിപിനം
ജയശബ്ദൈനാർജ്ജുനോപി കണ്ടകിതഃ

## രംഗം 12

**കവിവാക്യം**

സൌരാഷ്ട്രം—അടന്ത

28. ശ്രാവം ശ്രാവം തദാനീം പ്രിയനിധനമഥ
ക്രോധസംഘൂർണ്ണിതാഭ്യാം
ചക്ഷുർഭ്യാമുദ്വമന്തീ സ്മരഹരനിടിലോൽ -
ഭ്രാന്തബഹ്നിസ്ശിഖാഭാം

---

ശ്ലോകം 27—അസ്മിൻ ശാർദ്ദൂലേ നിഹതേ=ഈ ശാർദ്ദൂലൻ കൊല്ലപ്പെട്ടപ്പോൾ (സതിസപ്തമി). ഗോത്രാ=ഭൂമി. വിത്രാസവിരഹിതാ സമഭൂൽ=വിത്രാസ (ഭയ) ത്തോടുകൂടാത്തതായിത്തീൎന്നു; ദുഷ്ടനായ ശാർദ്ദൂലൻ മരിച്ചതിനാൽ ഭൂമി ഭയരഹിതയായിത്തീൎന്നുഎന്നൎത്ഥം. വിപിനം നിഷ്കണ്ടകം അർജ്ജുനഃ അപി ജയശബ്ദൈഃ കണ്ടകിതഃ ച (സമഭൂൽ)=കാട് മുള്ളുകളോടുകൂടാത്ത (ക്ഷുദ്രശത്രുക്കളില്ലാത്ത) തായിട്ടും, അർജ്ജുനനാകട്ടേ ജയജയശബ്ദങ്ങളേക്കൊണ്ട് കോൾമയിർക്കൊണ്ടവനായിട്ടും തീൎന്നു. നാലു ദിക്കിൽനിന്നും പുറപ്പെട്ട ജയ ജയ ശബ്ദങ്ങൾ കേട്ട അർജ്ജുനൻ പുളകിതഗാത്രനായിത്തീൎന്നു എന്നു സാരം.

വൃത്തം—ഗീതി.

ശ്ലോകം 28—അഥ=അനന്തരം. തദാനീം=അപ്പോൾ. പ്രിയനിധനം ശ്രാവം ശ്രാവം=ഭൎത്താവിൻെറ (ശാർദ്ദൂലൻെറ) വധത്തെപ്പററി പിന്നെയും പിന്നെയും കേട്ടിട്ട്. ക്രോധസംഘൂർണ്ണിതാഭ്യാം ചക്ഷുർഭ്യാം=കോപംകൊണ്ട് ഇളകിമറിയുന്ന കണ്ണുകളിൽനിന്നു്. സ്മരഹര.......സ്ശിഖാഭാം = ശിവൻെറ നെററി

ഭ്രാമ്യജ്ജ്യോതിഷ്കണാളീം ഝടിതി ഝടഝടാ-
ദംഷ്ട്രികാ സിംഹികേതി
പ്രഖ്യാതാസഹ്യരൂക്ഷാക്ഷരകഥനപരാ
രാക്ഷസീ പ്രോത്ഥിതാഭൂൽ.

(സിംഹിക പ്രവേശിക്കുന്നു.)

**സിംഹിക**

പല്ലവി

ഹന്ത! കാന്താ! കൃതാന്തപുരത്തിങ്കൽ
ബന്ധുരാംഗ! മാം വെടിഞ്ഞുപോയിതോ?

അനുപല്ലവി

എന്തിനിന്നു സന്താപനിമഗ്നയായ്
കാന്താരത്തിൽ വസിക്കുന്നു ഞാനയ്യോ!

---

ത്തടത്തിൽ കത്തിജ്വലിക്കുന്ന തീനാളം പോലെയുള്ള. ഭ്രാമ്യജ്ജ്യോതിഷ്കണാളീം=പറന്നുപടരുന്ന തീപ്പൊരിക്കൂട്ടത്തെ. ഉദ്വമന്തീ=പൊഴിക്കുന്നവളും. ഝട ഝടാദംഷ്ട്രികാ=ചടചട എന്നു ശബ്ദിക്കുന്ന ദംഷ്ട്രങ്ങളോടുകൂടിയവളും. സിംഹികാ ഇതി പ്രഖ്യാതാ=സിംഹികാ എന്ന പേരിൽ പ്രസിദ്ധയുമായ. രാക്ഷസീ=ഒരു രാക്ഷസി. അസഹ്യ........പരാ=കേട്ടു സഹിക്കാൻ കഴിയാത്തതും അതികഠിനവുമായ വാക്കുകൾ ഉച്ചരിച്ചുകൊണ്ട്. ഝടിതി=വേഗത്തിൽ പ്രോത്ഥിതാ അഭൂൽ=പുറപ്പെട്ടുവന്നു; പ്രത്യക്ഷപ്പെട്ടു.

വൃത്തം—സ്രഗ്ദ്ധര

പല്ലവി—കാന്തൻ=ഭർത്താവ്. കൃതാന്തപുരം=യമപുരി. ബന്ധുരാംഗൻ = സുന്ദരൻ. (ബന്ധുരം = മനോഹരം) മാം=എന്നെ.

അ: പ:—സന്താപനിമഗ്നാ=ദുഃഖത്തിൽ മുഴുകിയവൾ. കാന്താരം=കാട്.

ചരണം 1

കർബ്ബുരാധിപനായ ഹിഡിംബനെ
ദുർബ്ബലൻ ഭീമൻ കൊന്നതുമോക്കുമ്പോഠം
ദുർബ്ബലന്മാൎക്കോരോരോ കാലത്തു
നിർഭരം ബലമുണ്ടായ്വരുന്നു (ഹന്ത)

ചരണം 2

ഏകചക്രയിൽ ചെന്നിരന്നുണ്ടനാ-
ളേകനായ്ത്തന്നെ കൊന്നു ബകനെയും
ശോകമേറെ വളരുന്നു മാനസേ
ശോഭകേടിവ പാൎത്തു കാണുംതോറും (ഹന്ത)

ചരണം 3

ഭ്രാതാവെക്കൊന്ന പാഴനോടുംകൂടെ
പ്രത്യഹം രമിക്കുന്നു ഹിഡിംബിതാൻ

---

ചരണം 1—കർബ്ബുരാധിപൻ=കർബ്ബുര (രാക്ഷസ) ന്മാരുടെ അധിപൻ; രാക്ഷസരാജാവു്. ദുർബ്ബലൻ=ബലഹീനൻ. (രാക്ഷസന്മാരുടെ ആഹാരമായ മനുഷ്യൻ അവരുടെ ദൃഷ്ടിയിൽ ബലഹീനനാണല്ലോ.) നിർഭരം=വലിയ.

ചരണം 2—ഏകചക്ര=ഒരു സ്ഥലത്തിൻെറ പേർ. (വനവാസകാലത്തു് പാണ്ഡവന്മാർ താമസിച്ച ഒരു ഗ്രാമം. അവിടെ താമസിക്കുന്ന കാലത്താണു് ഒരു ഗ്രാമീണവൃദ്ധയുടെ സങ്കടം കണ്ടു് അവരുടെ പുത്രനു പകരം ഭീമൻ ചോറുംകറികളും കൊണ്ടു് ബകൻെറ അടുക്കലേക്കു പോയതും ബകനെ കൊന്നതും. ഇരന്നു്=ഭിക്ഷയാചിച്ചു്. ശോകം=ദുഃഖം. ശോഭകേടു്=ചേരായ്മ; അവമാനം.

ചരണം 3—ഭ്രാതാവു്=സഹോദരൻ. പാഴൻ=കൊള്ളരുതാത്തവൻ. പ്രത്യഹം=അഹസ്സു് (പകൽ) തോറും; ദിവസംതോറും; (അവ്യയീഭാവസമാസം). രമിക്ക=സുഖിക്ക.

ഇത്ര നാണംക്രൂടാതെ ഒരുത്തിയെ

ഇത്രിലോകത്തിൽ കണ്ടില്ല ഞാനഹോ (ഹന്ത)

ചരണം 4

ഭർത്തൃനിഗ്രഹകർത്തൃഭ്രതന്മാരാം

മർത്ത്യരൈവരുമുണ്ടീ വനത്തിൽ

സത്വരമതിനുത്തരം ചെയ്യാനും

സത്വമില്ല എനിക്കെന്നിരിക്കലും (ഹന്ത)

ചരണം 5

ഐവക്കും പ്രാണവല്ലഭയായിട്ട

കേവലമൊരുത്തി എന്നു കേൾപ്പൂ ഞാൻ

അവളെക്കൊണ്ടുപോരുന്നതുണ്ടു ഞാ-

നവരെച്ചതിച്ചാശു വനാന്തരേ (ഹന്ത)

ചരണം 6

സാദരം കാഴ്ചവെച്ചീടാമെന്നുടെ

സോദരനായ കിമ്മീരവീരന്നു

പ്രേതരാജ്യം ഗമിപ്പാനവക്കിന്നു

ഹേതുവായ്യന്നുക്രൂടമവൾതന്നെ. (ഹന്ത)

(പോകുന്നു)

---

ചരണം 4—ഭർത്തൃനിഗ്രഹകർത്തൃഭ്രതന്മാർ =ഭർത്താവിൻെറ വധത്തിനു കർത്താക്കളായവർ; ഭർത്താവിനെ കൊന്നവർ. മർത്ത്യർ=മനുഷ്യർ. ഐവരും=അഞ്ചുപേരും. ഉത്തരം ചെയ്ക= പ്രതീകാരം ചെയ്ക. സത്വം=ശക്തി.

ചരണം 5—വനാന്തരേ=കാട്ടിനുള്ളിൽ

ചരണം 6—പ്രേതരാജ്യം =മരിച്ചവക്കുള്ള രാജ്യം; യമപുരി. ഹേതു=കാരണക്കാരി. പാണ്ഡവന്മാരുടെ മരണത്തിനു പാഞ്ചാലിതന്നെ ഹേതുഭ്രതയായിത്തീരുമെന്നത്ഥം.

# രംഗം 13

## കവിവാക്യം

നവരസം—അടന്ത

29. ഇത്ഥം വിനിശ്ചിതവതീ ഖലു രാക്ഷസീ സാ
പാൎത്ഥപ്രയാണസമയം പ്രതിപാലയന്തീ
ഭൂത്വാഥ കോമളതനുസ്സമവാപ്യ കൃഷ്ണാം
സേയം പ്രിയൈൎവ്വിരഹിതാമവദജ്ജിഹീൎഷുഃ

(പാഞ്ചാലിയും ലളിതയുടെ വേഷത്തിൽ സിംഹികയും പ്രവേശിക്കുന്നു.)

## ലളിത

പല്ലവി

നല്ലാർകുലമണിയും മൌലിമാലേ!
നല്ല മൊഴികൾ കേൾക്ക നീ

---

ശ്ലോകം 29—സാ രാക്ഷസീ ഖലു=ആ രാക്ഷസിയാകട്ടേ. ഇത്ഥം വിനിശ്ചിതവതീ=ഇങ്ങിനെ നിശ്ചയിച്ച്. പാൎത്ഥപ്രയാണസമയം പ്രതിപാലയന്തീ(ബഭൂവ)=പാണ്ഡവന്മാർ പുറത്തേക്കു പോകുന്ന സമയം പ്രതീക്ഷിക്കുന്നവളായി (ഭവിച്ചു); പാണ്ഡവന്മാർ പാഞ്ചാലിയെ വിട്ടുപിരിയുന്ന സമയവും കാത്തുകൊണ്ടിരുന്നു എന്നൎത്ഥം. അഥ=പിന്നീട്. സാ ഇയം=ആ ഇവൾ (ലളിത). പ്രിയൈഃ വിരഹിതാം കൃഷ്ണാം സമവാപ്യ=ഭൎത്താക്കന്മാർ ആരും സമീപത്തില്ലാത്ത പാഞ്ചാലിയുടെ അടുത്തുചെന്നു്. ജിഹീൎഷുഃ = (അവളെ) അപഹരിച്ചുകൊണ്ടുപോകാൻ കരുതിക്കൊണ്ടു്. അവദൽ=വദിച്ചു; പറഞ്ഞു.

വൃത്തം—വസന്തതിലകം

പല്ലവി—നല്ലാർകുലം=സ്ത്രീവൎഗ്ഗം. അണിയും=അണിയുന്ന; ധരിക്കുന്ന. മൌലിമാല=ശിരസ്സിലെ മാല. സ്ത്രീവൎഗ്ഗത്തിനു് അലങ്കാരമായിട്ടുള്ളവൾ എന്നൎത്ഥം.

അനുപല്ലവി

അല്ലലകന്നിതു അരികിൽത്തന്നെ
അല്ലണിക്കുഴലാളേ കാൺകയാൽ നിന്നെ (നല്ലാർ)

ചരണം 1

ഹരിണാങ്കോപമാനനേ ആരും കൂടാതെ
അരുണാംഭോരുഹദളനയനേ നീ പഴുതേ
ഹരിണാരികൾ വാണീടുമരണ്യത്തിലനുചിതേ
ചരണാംബുജംകൊണ്ടു ചരണം ചെയ്യരുതേ
(നല്ലാർ)

ചരണം 2

മാത്സര്യമിതെന്നു തോന്നരുതേതും ബാലേ!
മത്സഖി! മഹനീയതരഗുണശീലേ!
വാത്സല്യംകൊണ്ടു നീ പറകെടോ വഴിപോലെ
വത്സേ! തവ കുലനാമങ്ങളമലേ! (നല്ലാർ)

---

അ: പ:—അല്ലണിക്കുഴലാൾ=ഇരുട്ടുപോലെയുള്ള തലമുടിയുള്ളവൾ.

ചരണം 1—ഹരിണാങ്കോപമാനന=ഹരിണാങ്ക(ചന്ദ്ര)നെപ്പോലുള്ള ആനന (മുഖ) മുള്ളവൾ. അരുണാംഭോരുഹദളനയന=ചെന്താമരപ്പൂവിൻെറ ഇതൾപോലുള്ള കണ്ണുകളോടുകൂടിയവൾ. ഹരിണാരികൾ=സിംഹങ്ങൾ. അനുചിതേ അരണ്യത്തിൽ=പരിചയമില്ലാത്ത കാട്ടിൽ. ചരണം ചെയ്ക=സഞ്ചരിക്ക.

ചരണം 2—മാത്സര്യമിതെന്നു്=ഇതു മത്സരംകൊണ്ടു പറയുന്നതാണെന്നു്. മത്സഖി=എൻെറ തോഴി. മഹനീയതരഗുണശീല=അത്യന്തം മഹനീയ (ശ്ലാഘ്യ) മായ സ്വഭാവത്തോടുകൂടിയവൾ. തവ=നിൻെറ. കുലനാമങ്ങൾ=വംശവും പേരും. അമല=നല്ലവൾ.

ചരണം 3

ഗഗനചാരിണിമാരിലൊരുത്തി ഞാനെന്നു
ഗതിജിതകളഭേ! നീ ധരിച്ചാലുമിന്നു
ഗഹനസീമനി നിന്നെക്കണ്ടിഹ വന്നു
ഗണിക എന്നെന്നുടെ നാമമാകുന്നു (നല്ലാർ)

**പാഞ്ചാലി**

എരിക്കിലക്കാമോദരി—അടന്ത

പല്ലവി

ദ്രുപദഭൂപതിതന്റെ മോദവിധായിനി
ദുഹിതാവാകുന്നു ഞാനെന്നറിക നീ

അനുപല്ലവി

ദുരിതവൈഭവംകൊണ്ടു വസിക്കുന്നു കാമിനി
ദുരാപമായുള്ളൊരു കാനനസീമനി (നല്ലാർ)

ചരണം 4

അവനീശതിലകന്മാരൈവരുണ്ടിവിടെ
അവരുടെ രമണി ഞാനെന്നറിക സുഖമോടെ

---

ചരണം 3—ഗഗനചാരിണിമാർ=ആകാശത്തിൽക്കൂടി സഞ്ചരിക്കുന്ന സ്ത്രീകൾ; ദിവ്യസ്ത്രീകൾ. ഗതിജിതകളഭ=ഗതി (നടപ്പു) കൊണ്ടു് കളഭത്തെ (ആനയെ) ജയിച്ചവൾ; മന്ദഗാമിനി. ഗഹനസീമനി = വനപ്രദേശത്തിൽ; കാട്ടിൽ. ഇഹ=ഇവിടെ. നാമം=പേരു്.

പല്ലവി—ദ്രുപദഭൂപതി=പാഞ്ചാലരാജാവു്. മോദവിധായിനി=സന്തോഷമുണ്ടാക്കുന്നവൾ. ദുഹിതാവു്=മകൾ.

അ: പ;—ദുരിതവൈഭവം=പാപത്തിന്റെ ശക്തി. ദുരാപം=വളരെ കഷ്ടപ്പെട്ടുകടക്കേണ്ടതു്. കാനനസീമനി=കാട്ടിൽ.

ചരണം 4—അവനീശതിലകന്മാർ=രാജാക്കന്മാർക്കു പൊട്ടായിട്ടുള്ളവർ; രാജശ്രേഷ്ഠന്മാർ. ഐവർ=അഞ്ചുപേർ. രമ

അമരാപഗയിൽ ചെന്നു ഗുരുവോടുംകൂടെ
അപരസന്ധ്യ വന്ദിച്ചു വരുമാശു നികടേ(നല്ലാർ)

**ലളിത**

ചരണം 5

വനമുണ്ടിവിടെ ദുർഗ്ഗാഭവനവുമുണ്ടു
വനജാക്ഷി പോക നാം കാണ്മാനായിക്കൊണ്ടു
വനിതമാർ പലരും സേവിച്ചുടൻ വേണ്ടും
വരങ്ങളെ വഴിപോലെ ലഭിച്ചുപോൽ പണ്ടും
(നല്ലാർ)

(രണ്ടുപേരും പോകുന്നു)

## രംഗം 14

**കവിവാക്യം**

കാമോദരി—ചെമ്പട

30. ഇത്ഥം പ്രലോഭ്യ വചനൈരഥ യാജ്ഞസേനീം
ഹസ്തേന ഹസ്തതലമാത്തസുഖം ഗൃഹീത്വാ

---

ണി=ഭാര്യ. അമരാപഗ=ഗംഗ. അപരസന്ധ്യ വന്ദിക്ക=വൈകുന്നേരത്തെ സന്ധ്യാവന്ദനം കഴിക്ക. ആശു=വേഗത്തിൽ. നികടേ അടുക്കൽ.

ചരണം 5—വനം=വെള്ളം; പൊയ്ക. ദുർഗ്ഗാഭവനം=ഭഗവതിക്ഷേത്രം. വനജാക്ഷി=താമരക്കണ്ണി. വനിതമാർ=സ്ത്രീകൾ. സേവിച്ചു്=പൊയ്കയിൽ കുളിച്ചു് ഭഗവതിയെ സേവിച്ചിട്ടു് എന്നർത്ഥം.

ശ്ലോകം 30—അഥ=അതിനു ശേഷം. അസൗ=ഇവൾ; ലളിതാവേഷം ധരിച്ച സിംഹിക. ഇത്ഥം വചനൈഃ =ഇത്തരത്തിലുള്ള വാക്കുകളെക്കൊണ്ടു്. യാജ്ഞസേനീം പ്രലോഭ്യ = പാഞ്ചാലിയെ പ്രലോഭിപ്പിച്ചിട്ടു്; മയക്കീട്ടു്. ആത്തസുഖം ഹസ്തേന ഹസ്തതലം ഗൃഹീത്വാ=സന്തോഷത്തോടുകൂടി അവളുടെ

ദ്ഗ്ദാവലോകനസമുൽസുകയാ തയാസൌ
സാദ്ധം വനാന്തരമുപേത്യ ജഗാദ ചൈനാം

**ലളിത**

പല്ലവി

കണ്ടാലതിഃമോദമുണ്ടായ്വരും
വിപിനമിതു കണ്ടായോ?

ചരണം 1

കൊണ്ടൽനിരതിമിരമിടയുന്ന തവ
നീണ്ടു ചുരുണ്ടൊരു കചമിന്നു പല
വണ്ടുകളുടനിഹ വന്നു മുദ്ദ
കണ്ടിവാർകുഴലി കണ്ടു കണ്ടു പുന-
രിണ്ടൽ പൂണ്ടു ബത മണ്ടീടുന്നു (കണ്ടാൽ)

ചരണം 2

കീചകമിത കുഴലൂതുന്നു പിക-
ഗീതവിശേഷമൊടിടചേൎന്നു ഹൃദി

---

കൈകോൎത്തുപിടിച്ച്. ദൃഗ്ദാവലോകനസമുത്സുകയാ തയാ സാദ്ധം=ഭഗവതീദൎശനത്തിൽ സമുത്സുകയായ അവളോടു (പാഞ്ചാലിയോടു) കൂടി. വനാന്തരം ഉപേത്യ=കാട്ടിന്നുള്ളിൽ കടന്നു; അഥവാ മറെറാരു കാട്ടിൽ ചെന്നു. ഏനാം ജഗാദ=ഇവളോടു പറഞ്ഞു.

വൃത്തം — വസന്തതിലകം.

പല്ലവി — മോദം=സന്തോഷം. വിപിനം=കാട്.

ചരണം 1 — കൊണ്ടൽനിര=കാർമേഘക്കൂട്ടം. തിമിരം=ഇരുട്ട്. കൊണ്ടൽ....യുന്ന=കാർമേഘത്തിനും ഇരുട്ടിനും സമമായ. കചം=തലമുടി. വണ്ടുകൾ നിൻെറ തലമുടികണ്ടു സങ്കടപ്പെട്ട് ഓടിപ്പോകുന്നു എന്നൎത്ഥം. പാഞ്ചാലിയുടെ തലമുടി വണ്ടുകളെപ്പോലെ കറുത്തതാണെന്നു സാരം.

ചരണം 2 — കീചകം=വണ്ടുകൾ തുളച്ചുണ്ടാക്കിയ ദ്വാരങ്ങളിൽകൂടി കാററു കടന്നു ശബ്ദിക്കുന്ന മുള. പികഗീതവിശേ

സൂചിതമോദമൊടിഹ നിന്നു ചില
വല്ലികാനടികൾ വായുസഞ്ചലിത
പല്ലവാംഗുലിഭിരഭിനയിക്കുന്നു (കണ്ടാൽ)

ചരണം 3

കുരവകതരുനിരകളിൽനിന്നു ചില
കുസുമനികരമിത കൊഴിയുന്നു തവ
കുറുനിരകളിലിത വീഴുന്നു അതു
കുവലയാക്ഷി കുതുകേന നിന്നെയെതി-
രേല്ക്കുന്നെന്നിഹ തോന്നീടുന്നു (കണ്ടാൽ)

**പാഞ്ചാലി**

പല്ലവി

കണ്ടാലതിഭീതിയുണ്ടാം ശകുനമിതു
കണ്ടായോ?

ചരണം 1

വാമേ സഖി ശൃണു മമ വചനം ബത!
വാമേതരനയനേ ചലനം കിമു

---

ഷം=അതിവിശിഷ്ടമായ കുയിലിന്റെ പാട്ട്. ഏദി=ഏദയത്തിൽ. സൂചിതമോദമോട്=സന്തോഷത്തെ സൂചിപ്പിച്ചുകൊണ്ട്. വല്ലികാനടികൾ=വള്ളികളാകുന്ന നർത്തകികൾ. വായു......ഗുലിഭിഃ=കാറ്റേററിളകുന്ന തളിരിലകളാകുന്ന വിരലുകളെക്കൊണ്ട്.

ചരണം 3—കുരവകതരുനിരകൾ=ചെങ്കുറിഞ്ഞിമരങ്ങളുടെ കൂട്ടം. കുസുമനികരം = പൂക്കളുടെ സമൂഹം. (നികരം=കൂട്ടം.)കുവലയാക്ഷി=കരിങ്കുവളപ്പൂപോലെയുള്ള കണ്ണുകളുള്ളവൾ. കുതുകേന=കൗതുകത്തോടുകൂടി.

പല്ലവി—ഭീതി=പേടി. ശകുനം=അടയാളം.

ചരണം 1—വാമ=സുന്ദരി. ശൃണു=നീ കേൾക്കുക. മമ വചനം=എന്റെ വാക്ക്. വാമേതരനയനേ ചലനം=വലത്തെ

വാ മേ കലയേദശോഭനം? അതി-
വാമമായുടനെ വാതി വായുരപി
വാസഭ്രമിമുപയാമ്യയി നൂനം (കണ്ടാൽ)

ചരണം 2

മുഖരയതി ഭൃശമിഹ ഝില്ലീ മമ
മുഹുരപി വേപതി തനുവല്ലീ; നാം
മുറുക മടങ്ങുകയല്ലല്ലീ സഖി!
മുഞ്ച മുഞ്ച മാം ചഞ്ചലാക്ഷി നീ
വഞ്ചയസി കിമിതി കപടം ചൊല്ലി? (കണ്ടാൽ)

**ലളിത** (സിംഹികയായിട്ടു്)

ചരണം 3

പെട്ടന്നങ്ങു ഗമിപ്പാനും പുന-
രിഷ്ടരൊടൊത്തു രമിപ്പാനും ഇനി
ഒട്ടുമയച്ചിടുമോ ഞാനും, മമ

---

കണ്ണിലുള്ള ഇളക്കം; വലത്തെക്കണ്ണിളകുന്നതു്. കിമു=എന്തു കൊണ്ടായിരിക്കാം? മേ അശോഭനം കലയേൽ വാ= (അതു്) എനിക്കു് അമംഗളത്തെ ഉണ്ടാക്കുമോ? വാമമായി=വിപരീതമായി. വായുഃ അപി വാതി=കാററും വീശുന്നു. വാസഭ്രമിം ഉപയാമി=ഞാൻ താമസസ്ഥലത്തേക്കു പോകുന്നു. അയി=അല്ലയോ (അല്ലയോ സഖി എന്നു് സംബോധന.)

ചരണം 2—ഇററ ഝില്ലി ഭൃശം മുഖരയതി=ഇവിടെ ചീവീടു് ഉച്ചത്തിൽ ശബ്ദിക്കുന്നു. (ഭൃശം=ഏററവും) മമ തനുവല്ലി മുഹുഃ അപി വേപതി=എൻെറ ദേഹം വീണ്ടും വീണ്ടും വിറയ്ക്കുന്നു. മുറുക=വേഗത്തിൽ. മാം മുഞ്ച മുഞ്ച=എന്നെ വിടുക വിടുക കപടം ചൊല്ലി കിമിതി വഞ്ചയസി = നീ കളവു പറഞ്ഞു് എന്തിനുവേണ്ടിയാണു് (എന്നെ) വഞ്ചിക്കുന്നതു്?

ചരണം 3—ഗമിക്ക=പോക. ഇഷ്ടർ=ഇഷ്ടജനങ്ങൾ. രമിക്ക=സുഖിക്ക. മുഷ്ടമായി=പൂർണ്ണമായി. പിശിതം=മാംസം.

മൃഷ്ടമായ് പിശിതമഷ്ടിചെയ്യതിനു
കിട്ടി നിന്നെയിഹ ദിഷ്ടബലേന (കണ്ടാൽ)

പല്ലവി

കണ്ടാലതിഘോരമാം ശരീരമിതു
മമ കണ്ടായോ?

(തിരശ്ശീല)

## കവിവാക്യം

കാമോദരി

31. ക്ഷേളാഘോഷാതിഭീതിപ്രചലദനിമിഷാ
സിംഹികാഭാഷ്യ പുഷ്യ-
ദ്ദ്വേഷാ ദോഷാചരീത്ഥം ഖലു നിജവപുഷാ
ഭീഷയന്തീ പ്രദോഷേ
ഈഷാകൂലങ്കഷേണ പ്രപരുഷപരുഷാ
ജോഷമാദായ ദോഷാ
യോഷാഭൂഷാമനൈഷീൽ പ്രിയവധരുഷിതാ
പാഷ്തീം ദൂരമേഷാ.

---

അഷ്ടി ചെയ്ക=ഭക്ഷിക്ക. ദിഷ്ടബലേന=ഭാഗ്യത്തിൻെറ ശക്തി കൊണ്ട്; വിധിബലത്താൽ.

ശ്ലോകം 31—ക്ഷേളാഘോ....നിമിഷാ = സിംഹനാദം കൊണ്ട് ദേവന്മാരെപ്പോലും പേടിപ്പിച്ച് ഓടിക്കുന്നവളും. (അനിമിഷന്മാർ=ദേവന്മാർ). പ്രിയവധരുഷിതാ=ഭർത്താവിൻെറ വധംകൊണ്ടു കോപിച്ചവളും. പുഷ്യദ്ദ്വേഷാ=വൎദ്ധിച്ച (പുഷ്യത്)ദ്വേഷ(വൈര)ത്തോടുകൂടിയവളുമായ. സിംഹികാ ഏഷാ ദോഷാചരീ = സിംഹിക എന്ന ഈ രാക്ഷസി. ഇത്ഥം ആഭാഷ്യ=ഇപ്രകാരം പറഞ്ഞു്. പ്രദോഷേ=സന്ധ്യാസമയത്തു്. നിജവപുഷാ ഭീഷയന്തീ=തൻെറ ശരീരം(വപുസ്സ്)കൊണ്ടു പേടിപ്പിച്ച്. ഈഷാകൂലങ്കഷേണ=ഉഴുതുന്ന കരിയുടെ നീണ്ടതണ്ടിനോടു തുല്യവും. പ്രപരുഷപരുഷാ=അത്യന്തം കഠോരമായ

# രംഗം 15

**കവിവാക്യം**

ഗോപികാവസന്തം—അടന്ത

32. പതിതാ ഖലു സിംഹികാനനാന്തേ
പരിതപ്താ ഹൃദി സിംഹികാനനാന്തേ
കുരരീവ രുരോദ യാജ്ഞസേനീ
നിജചിത്തേശപരസക്തബുദ്ധിരേഷാ.

(വിലപിച്ചുകൊണ്ടു പാഞ്ചാലി പ്രവേശിക്കുന്നു)

**പാഞ്ചാലി**

ആവതെന്തയ്യോ ദൈവമേ!
ആവതെന്തയ്യോ!!

---

മുട്ടുകളുള്ളതുമായ. ദോഷാ=കൈകൊണ്ടു്. (ദോസ്സ്=കൈ. ദോർദ്ദണ്ഡം മുതലായ പ്രയോഗങ്ങൾ നോക്കുക). യോഷാഭൂഷാം പാഷ്തീം ആദായ=സ്ത്രീകൾക്കാഭരണമായ (നാരീരത്നമായ) പാഞ്ചാലിയെ എടുത്തിട്ടു്. ജോഷം=നിശ്ശബ്ദമായി. ദൂരം അനൈഷീൽ=അകലെ കൊണ്ടുപോയി.

വൃത്തം—സ്രഗ്ദ്ധര

ശ്ലോകം 32—സിംഹികാനനാന്തേ=സിംഹങ്ങളുള്ള ആ കാട്ടുപ്രദേശത്തു്. സിംഹികാനനാന്തേ പതിതാ=സിംഹികയുടെ ആനന(മുഖ)ത്തിന്റെ സമീപത്തു പതിച്ചവളും. ഹൃദി പരിതപ്താ=ഹൃദയത്തിൽ പരിതപ്ത (ദുഃഖിത)യുമായ. ഏഷാ യാജ്ഞസേനീ=ഈ പാഞ്ചാലി. നിജചി........ബുദ്ധിഃ =തന്റെ ഭർത്താക്കന്മാരെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു്. രുരോദ=കരഞ്ഞു. അലങ്കാരം—ഉപമ.

വൃത്തം — വസന്തമാലിക.

ലക്ഷണം—വിഷമേ സസജം ഗഗം സമത്തിൽ
സഭരേഫം യ വസന്തമാലികയ്ക്കു്.

ചരണം 1

ആവിലംപൂണ്ടു കേഴുന്നോരെന്നെ
ആമിഷാശിനി ഖാദിക്കുംമുമ്പെ
ആവിർഭവിക്കുമോ ഹാ വിലാപം കേട്ടു
ഹാ മമ നാഥന്മാരേ? (ആവതെ)

ചരണം 2

ധർമ്മനന്ദന! ധർമ്മപരായണ!
നിർമ്മലാംഗ! നിശാചരി വന്നയ്യോ
നിർമ്മര്യാദം കൊണ്ടുപോകുന്നോ-
രെന്നെ നീയുമുപേക്ഷിച്ചിതോ? (ആവതെ)

ചരണം 3

പ്രാണനാഥ! ജഗൽപ്രാണസൂനോ!
കൌണപാടവീദാവകൃശാനോ!
കാണിനേരം കളയാതെ വന്നെന്നെ-
ക്കാത്തരുളേണമേ! (ആവതെ)

ചരണം 4

ആര്യപുത്ര! ധനഞ്ജയ! വീര!
ശൌര്യവാരിധേ! ചാരുകളേബര!
ഭാര്യയാമെന്നെ നീയും വെടിഞ്ഞിതോ
ഭാഗ്യമില്ലായ്കയാൽ? (ആവതെ)

---

ചരണം 1.—ആവിലംപൂണ്ട്=സങ്കടപ്പെട്ട്. ആമിഷാശിനി=രാക്ഷസി. ഖാദിക്ക=ഭക്ഷിക്ക.

ചരണം 3—ജഗൽപ്രാണസൂനു = കാററിന്മകൻ; ഭീമസേനൻ. കൌണപാ........കൃശാനു = രാക്ഷസന്മാരാകുന്ന കാടിനു കാട്ടുതീയായുള്ളവൻ.

ചരണം 4—ധനഞ്ജയൻ = അർജ്ജുനൻ. ശൌര്യവാരിധി=ശൌര്യത്തിൻെറ സമുദ്രം. ചാരുകളേബരൻ=ചാരുവായ കളേബര (ശരീര) ത്തോടുകൂടിയവൻ.

ചരണം 5

കാളമേഘനിറമാം നിശാചരീ
കാളരാത്രിയെപ്പോലെ ഭയങ്കരീ
കാലനു നൽകും; നകുല! മഹാബല!
പാലയ പാലയ മാം (ആവതെ)

ചരണം 6

അദ്രികന്ദരതുല്യമാം രാക്ഷസീ-
വക്ത്രംതന്നിൽ പതിക്കുന്നതിൻമുമ്പേ
മാദ്രീനന്ദന! വീര! സഹദേവ!
മാം പാലയാശു നീ. (ആവതെ)

## കവിവാക്യം

ഗോപികാവസന്തം

33. പ്രഥമം ഗുരുശാസനാൽ പ്രയാതഃ
സഹദേവസ്സമിധസ്സമാഹരിഷ്യൻ
രുദിതം വിപിനാന്തരാൽ പ്രിയായാഃ
പഥി ശുശ്രാവ നിശാചരീഹൃതായാഃ.

---

ചരണം 5—കാളമേഘം=കാർമേഘം. കാളരാത്രി=മരിക്കുന്നതിനു തലേ ദിവസത്തെ രാത്രി. മാം പാലയ = എന്നെ രക്ഷിച്ചാലും.

ചരണം 6—അദ്രികന്ദരതുല്യം=പർവ്വതത്തിലെ ഗുഹപോലുള്ള. വക്ത്രം=വായ. മാദ്രീനന്ദനൻ = മാദ്രിയുടെ പുത്രൻ. ആശു=വേഗത്തിൽ.

ശ്ലോകം 33—ഗുരുശാസനാൽ=പുരോഹിതനായ ധൗമ്യന്റെ ആജ്ഞയനുസരിച്ച്. സമിധഃ സമാഹരിഷ്യൻ=ചമതകം കൊണ്ടുവരുന്നതിനായി. പ്രഥമം പ്രയാതഃ സഹദേവഃ= ഒന്നാമതായി കാട്ടിലേക്കു പോയ സഹദേവൻ. (സന്ധ്യാവന്ദനം കഴിച്ചു മടങ്ങുന്ന വഴിക്കു ധൗമ്യൻ സഹദേവനെ ഏല്പിച്ചതാണ് ഈ ജോലി.) പഥി=വഴിക്കുവെച്ച്. വനമദ്ധ്യതഃ=

ആഹരി—ചെമ്പട

34\. ധനുസ്സമാദായ ധനഞ്ജയാനുജഃ
സ സിംഹികാം നിഷ്ഠുരസിംഹഭാഷിണീം
നിശാചരീം താം നിശിതൈഃ ശിലീമുഖൈഃ
നിവാരയന്നാഹ നൃസിംഹവിക്രമഃ.

(സഹദേവൻ പ്രവേശിക്കുന്നു)

പല്ലവി

രാക്ഷസീ! നില്ല നില്ലെടീ നില്ല നില്ലെടീ;

ചരണം 1

രാക്ഷസദയിതേ! കാംക്ഷിതപിശിതേ (രാക്ഷ)
രൂക്ഷതരം മമ കൌക്ഷേയകമിതു
വക്ഷസി പതതിപുരാ തേ. (രാക്ഷസീ)

---

കാട്ടിനുള്ളിൽ നിന്നു്. നിശാചരീഹൃതായാഃ പ്രിയായാഃ രുദിതം ശുശ്രാവ=രാക്ഷസിയാൽ അപഹരിക്കപ്പെട്ട പ്രിയയുടെ കരച്ചിൽ കേട്ടു.

വൃത്തം—വസന്തമാലിക.

ശ്ലോകം 34—നൃസിംഹവിക്രമഃ സഃ ധനഞ്ജയാനുജഃ=നരസിംഹത്തെപ്പോലെ പരാക്രമശാലിയായ ആ അർജ്ജുനസഹോദരൻ. ധനുഃ സമാദായ=വില്ലെടുത്തു്. നിഷ്ഠുരസിംഹനാദിനീം നിശാചരീം താം സിംഹികാം=കഠിനമായ സിംഹനാദം പുറപ്പെടുവിക്കുന്നവളും രാക്ഷസിയുമായ ആ സിംഹികയെ. നിശിതൈഃ ശിലീമുഖൈഃ നിവാരയൻ = കൂർത്തുമൂർത്ത അമ്പുകളെക്കൊണ്ടു തടുത്തുകൊണ്ടു്. ആഹ=പറഞ്ഞു.

വൃത്തം—വംശസ്ഥം.

ലക്ഷണം—ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും.

ചരണം 1—ദയിത=ഭാര്യ. കാംക്ഷിതപിശിത = മാംസത്തിൽ കൊതിയുള്ളവൾ. കൌക്ഷേയകം=വാൾ. വക്ഷസി=മാറിടത്തിൽ. പതതിപുരാ=പതിക്കും.

**സിംഹിക**

ചരണം 2

മുഷ്ക്കരമാകും ദിക്കരിനികരം
മൽക്കരഹതികൾ സഹിക്കരുതാഞ്ഞതി-
വെക്കമോടീടുന്നു
മാനുഷാ നില്ല നില്ലെടാ നില്ല നില്ലെടാ

**സഹദേവൻ**

ചരണം 3

ചൊല്ലെഴുമെൻറ വല്ലഭതന്നെ
വല്ലഭമോടു ഹരിച്ചതിനാൽ ഞാൻ
കൊല്ലുവനിഹ നിന്നെ (രാക്ഷസീ)

**സിംഹിക**

ചരണം 4

അല്പതര രേ ദപ്പിത രേരേ
മൽപുരതോ ഹി ജളപ്രഭുവാം നീ
നില്പതിനായ് മതിയാമോ? (മാനുഷാ)

**സഹദേവൻ**

ചരണം 5

ചേരാത്ത കാര്യം ചെയ്തീടുന്ന
നാരികളെക്കൊലചെയ്തീടാം രഘു-
നാഥചരിത്രമതോക്കിൽ (രാക്ഷസീ)

---

ചരണം 2—മുഷ്ക്കരം=ഗവ്വിഷ്ഠം. ദിക്കരിനികരം=ദിഗ്ഗജങ്ങളുടെ കൂട്ടം. മൽകരഹതി=എൻെറ കൈകൊണ്ടുള്ള പ്രഹരം.

ചരണം 3—വല്ലഭം=സാമത്ഥ്യം.

ചരണം 4—അല്പതരൻ = തീരെ നിസ്സാരൻ. രേ=എടാ. മൽപുരതഃ=എൻെറ മുമ്പിൽ.

**സിംഹിക**

ചരണം 6

ധൂർത്ത! ദുരാത്മൻ! മർത്ത്യപശോ! മൽ-
ഭർത്തൃവധത്തിന്നുത്തരമായി-
ട്ടിത്തൊഴിൽ ചെയ്ക നികാമം (മാനുഷാ)

**സഹദേവൻ** ചരണം 7

ഖരംഗിസമാനം വൽഗിച്ചുടനേ
ഖഡ്ഗത്താൽ ഞാൻ ത്വൽഗുരുകുചയുഗ-
ഖണ്ഡനമാരചയേ (രാക്ഷസി)

**സിംഹിക** ചരണം 8

ജല്പക! നിന്നെദ്ദർപ്പമൊടേ ഞാൻ
കെല്പൊട്ടെന്നുടെ ഭുജമതിലാക്കീ-
ട്ടിപ്പൊഴേ പോവൻ നൂനം (മാനുഷാ)

**കവിവാക്യം** കാമോദരി

35. ഇത്യുക്ത്വാ രജനിചരാംഗനാശു മുക്ത്വാ
പാഞ്ചാലീം തമപി നിജേ കരേ ഗൃഹീത്വാ

---

ചരണം 6—മർത്ത്യപശു=മനുഷ്യപ്പുഴു; അഥവാ മനുഷ്യമൃഗം. നികാമം=വേണ്ടുംവണ്ണം.

ചരണം 7—ഖരംഗിസമാനം = വാറംപ്പുലിയെപ്പോലെ. വൽഗിക്ക=കുതിച്ചുചാടുക. ത്വൽഗുരുകുചയുഗഖണ്ഡനം ആരചയേ=നിൻെറ വലിയ രണ്ടു കുചങ്ങളും ഞാൻ ഛേദിച്ചുകളയാം.

ചരണം 8—ജല്പകൻ=വായാടി. ദർപ്പം=അഹങ്കാരം.

ശ്ലോകം 35—രജനിചരാംഗനാ=രാക്ഷസസ്ത്രീ. ഇതി ഉക്ത്വാ=ഇങ്ങിനെ പറഞ്ഞിട്ട്. ആശു പാഞ്ചാലീം മുക്ത്വാ=വേഗത്തിൽ പാഞ്ചാലിയെ വിട്ട്. തം നിജേ കരേ ഗൃഹീത്വാ=ആ സഹദേവനെ തൻെറ കയ്യിലെടുത്തു്. ദുദ്രാവ=ഓടി, അഥ=

ദ്രാവ ദ്രുതമഥ പാണ്ഡുസൂനരസ്യാഃ
ഛിച്ഛേദ സ്തനയുഗമാത്തചന്ദ്രഹാസഃ

## രംഗം 16

**കവിവാക്യം**

ശങ്കരാഭരണം—ചെമ്പട

36. നികൃത്തകുചമണ്ഡലാ നിശിതമണ്ഡലാഗ്രേണ സാ
രുരോദ രുധിരോക്ഷിതാ സുബഹു വിസ്വരം [വിഹ്വലാ
നിശമ്യ നിനദം വനേ ഖലു നിലിമ്പസിന്ധോ- [സ്തടാൽ
നിരേത്യ നൃപപുംഗവാ നിജഗദുർന്നിജപ്രേയസീം.

---

**അതിനുശേഷം. പാണ്ഡുസൂനുഃ=പാണ്ഡുപുത്രൻ. ദ്രുതം ആത്ത ചന്ദ്രഹാസഃ=വേഗത്തിൽ വാളെടുത്തു്. അസ്യാഃ സ്തനയുഗം ഛിച്ഛേദ=ഇവളുടെ രണ്ടു സ്തനങ്ങളും ഛേദിച്ചുകളഞ്ഞു.**

**വൃത്തം—പ്രഹർഷിണി.**

**ലക്ഷണം—ത്രിച്ഛിന്നം മനജരഗം പ്രഹർഷിണിക്കു്.**

---

**ശ്ലോകം 36—നിശിതമണ്ഡലാഗ്രേണ നികൃത്തകുചമണ്ഡലാ=മൂർച്ച്യുള്ള വാളുകൊണ്ടു ഛേദിക്കപ്പെട്ട സ്തനഭാഗത്തോടുകൂടിയവളും. രുധിരോക്ഷിതാ സാ=ചോരയിൽ മുഴുകിയവളുമായ അവൾ. വിഹ്വലാ=പരവശയായിട്ടു്. വിസ്വരം സുബഹു രുരോദ=വികൃതസ്വരത്തിൽ വളരെനേരം നിലവിളിച്ചു. നൃപപുംഗവാഃ=രാജശ്രേഷ്ഠന്മാർ. (ധർമ്മപുത്രാദികൾ) നിനദം നിശമ്യ=(ആ) ഒച്ച കേട്ടു്. നിലിമ്പസിന്ധോഃ തടാൽ=ഗംഗാതീരത്തിൽ നിന്നു്. നിരേത്യ=മടങ്ങിവന്നിട്ടു്. വനേ നിജാം പ്രേയസീം നിജഗദുഃ=കാട്ടിൽവെച്ചു് തങ്ങളുടെ പ്രിയതമയോടു പറഞ്ഞു.**

**വൃത്തം—പൃത്ഥ്വി.**

**ലക്ഷണം— ജസം ജസ യലങ്ങളും ഗുരുവുമെട്ടിനാൽ പൃത്ഥ്വിയാം.**

(പാണ്ഡവന്മാരും പാഞ്ചാലിയും പ്രവേശിക്കുന്നു.)

**ധർമ്മപുത്രൻ**

പല്ലവി

ദുഷ്കരമീ വിപിനത്തിലാവാസം കേവലം

അനുപല്ലവി

ദുഷ്കർമ്മഫലമിതെല്ലാമോക്കിലതിവേലം (ദുഷ്കരം)

ചരണം 1

ഇക്കൊടുങ്കാട്ടിലെന്തിഹ വന്നതു സുശീലേ!
നിഷ്കളങ്കമാനസേ നീ ചൊന്നാലുമോമലേ
ഉൾക്കാമ്പിൽ നിന്നെ ഇന്നതിഭീതയെന്നപോലെ
തക്കിക്കുന്നേൻ ബാലേ (ദുഷ്കരം)

**പാഞ്ചാലി**

ചരണം 2

വാനോർനദീതീരേ നിങ്ങൾ സന്ധ്യാവന്ദനത്തെ
വ്യാമോഹമെന്നിയേ ചെയ്വാൻ പോയ സമയത്തിൽ
വ്യാജേന രൂപിണിയായിട്ടെൻെറ സവിധത്തിൽ
വന്നാൾ രക്ഷസസ്ത്രീ (ദുഷ്കരം)

ചരണം 3

മന്ദഹാസംകൊണ്ടവൾ മയക്കീ എൻെറ ചിത്തം
മന്ദമന്ദം വന്നുടൻ പിടിച്ചാൾ മമ ഹസ്തം
മന്നിലൊരു മാനിനിമാക്കില്ലേവം സാമത്ഥ്യം
മന്നവരേ പാത്താൽ (ദുഷ്കരം)

---

പല്ലവി—ദുഷ്കരം=ദുസ്സാധ്യം. ആവാസം=താമസം.

അ: പ:—ദുഷ്കർമ്മഫലം=പാപത്തിൻെറ ഫലം. അതിവേലം=വദ്ധിച്ച.

ചരണം 1—അതിഭീത=അധികം പേടിച്ചവൾ. തക്കിക്കുന്നേൻ=ഞാൻ ഊഹിക്കുന്നു.

ചരണം 2—വാനോർനദി=ഗംഗ. രൂപിണി=നല്ല വേഷം ധരിച്ചവൾ. സവിധം=സമീപം.

ചരണം 4

വഞ്ചിച്ചവളെന്നെക്കൊണ്ടുപോകുന്നൊരുനേരം
അഞ്ചാതെ സഹദേവൻ സംപ്രാപ്തനായ് കാന്താരം
അഞ്ചാറുനാഴിക തമ്മിലുണ്ടായി സമരം
അപ്പോളതിഘോരം (ദുഷ്ടരം)

ചരണം 5

ഉന്നതാംഗിയാകുമവൾ യുദ്ധത്തിൽ നടിച്ചു
എന്നെക്കൈവെടിഞ്ഞു സഹദേവനെ ഹരിച്ചു
പിന്നെ ആരാനുമോടിയെത്തുമെന്നുള്ളിലുറച്ചു
കാനനേ ഗമിച്ചു (ദുഷ്ടരം)

**ഭീമസേനൻ**

ചരണം 6

ഒട്ടുമേ വിഷാദിക്കരുതത്ര വാഴ്ക യൂയം
നിഷ്ഠുരകർമ്മം ചെയ്ത നിശാചരിയെ സായം
നഷ്ടയാക്കുവാൻ പോകുന്നേനിക്കിന്നു സഹായം
പെട്ടെന്നു ഗദയും (ദുഷ്ടരം)

ചരണം 7

അഗ്രജാദികളെ നീ വിജയ രക്ഷിക്കേണം
അഗ്രേ നിന്നിടേണം ധൃതകൃപാണബാണം

---

ചരണം 4—കാന്താരം=കാട്. സംപ്രാപ്തൻ=വന്നെത്തിയവൻ. സമരം=യുദ്ധം.

ചരണം 5—നടിക്ക=ഒരുങ്ങുക; അഥവാ ചില വിദ്യകളൊക്കെ അഭിനയിക്ക.

ചരണം 6—യൂയം=നിങ്ങൾ. (ത്വം എന്നതിൻെറ ബഹുവചനം) നിശാചരി=രാക്ഷസി. സായം=സന്ധ്യാസമയത്തു്. നഷ്ടയാക്കുക=നശിപ്പിക്കുക.

ചരണം 7—അഗ്രജൻ=ജ്യേഷ്ഠൻ. അഗ്രേ=മുമ്പിൽ. ധൃതകൃപാണബാണം=വാളും അമ്പും ധരിച്ചു്. നിഗ്രഹിപ്പൻ=ഞാൻ നിഗ്രഹിക്കാം.

നിഗ്രഹിപ്പനവളെ ഞാൻ കൈവെടിഞ്ഞു നാണം
നിമ്മലാംഗ ന്യനം (ദ്രഷ്ടരം)

**സഹദേവൻ** (പ്രവേശിച്ച്)

ചരണം 8

പൂൎവ്വജന്മാരേ! മനസി മാ കുരുത ശോകം
പൂരുകുലേന്ദ്രന്മാരേ! ഞാൻ ചെയ്തൊരവിവേകം
പോരിന്നു വരും സൈന്യകോലാഹലേന സാകം
പൂരുഷാദലോകം (ദ്രഷ്ടരം)

**ധർമ്മപുത്രൻ**

ചരണം 9

ആശരനാരി നിന്നെക്കൊണ്ടുപോയൊരുശേഷം
ആശു നീയെന്തൊരവിവേകംചെയ്തു സരോഷം
ആഹവത്തിന്നു വരും രിപുക്കൾ സാഭിലാഷം
ആകൎണ്ണയ വേലാഷം (ദ്രഷ്ടരം)

**സഹദേവൻ**

ചരണം 10

നാരികളെക്കൊലചെയ്ക യോഗ്യമല്ലെന്നോത്തു
നാസികയും കുചങ്ങളുമാശു ഞാനറുത്തു
നല്ലൊരു കലഹത്തിന്നു കാലവുമടുത്തു
അരനാഴികയ്ക്കകത്തു (ദ്രഷ്ടരം)

(എല്ലാവരും പോകുന്നു)

---

ചരണം 8—പൂൎവ്വജൻ=ജ്യേഷ്ഠൻ. ശോകം മാ കുരുത=നിങ്ങൾ വ്യസനിക്കണ്ട. ഞാൻ ചെയ്തൊരവിവേകം=ഞാൻ ഒര വിവേകം പ്രവൎത്തിച്ചു. പൂരുഷാദലോകം=രാക്ഷസസമൂഹം.

ചരണം 9—സരോഷം=കോപത്തോടുകൂടി. ആഹവം=യുദ്ധം. സാഭിലാഷം=ആഗ്രഹത്തോടുകൂടി. ആകൎണ്ണയ=കേട്ടാലും.

കവിവാക്യം

മോഹനം

37. ഇത്ഥം ക്ഷപാടകലഹാഗമമാകലയ്യ
വക്ഷസ്തടേ ധൃതവിശംകടകങ്കടാസ്തേ
യുദ്ധായ ശസ്ത്രചതുരാസ്തു യുധിഷ്ഠിരാദ്യാഃ
തസ്ഥുഃസ്സ്വഹസ്തധൃതചാപകൃപാണബാണാഃ.

## രംഗം 17

കവിവാക്യം

38. ശാർദ്ദൂലസുഹൃന്നിധന-
ശ്രവണാൽ കോപീ തദാശു കിമ്മീരഃ
അലമകരോദാസ്ഥാനം
കലശോദധിതുല്യസൈന്യമുജ്ജ്വലയൻ

---

ശ്ലോകം 37—ശസ്ത്രചതുരാഃ തേ യുധിഷ്ഠിരാദ്യാഃ=ആയുധവിദ്യയിൽ അതിസമത്ഥന്മാരായ ആ ധമ്മപുത്രാദികൾ. ഇത്ഥം ക്ഷപാടകലഹാഗമം ആകലയ്യ = ഇങ്ങിനെ രാക്ഷസന്മാർ യുദ്ധത്തിനു വരുമെന്നു നിശ്ചയിച്ചു്. വക്ഷസ്തടേ ധൃതവിശങ്കടകങ്കടാഃ = മാറിടത്തിൽ വിശാലമായ ഇരുമ്പുചട്ടകൾ അണിഞ്ഞു്. സ്വഹസ്ത........ബാണാഃ യുദ്ധായ തസ്ഥുഃ=തങ്ങളുടെ കയ്യിൽ വില്ലും വാളും ശരങ്ങളും ധരിച്ചുകൊണ്ടു യുദ്ധത്തിനായി ഒരുങ്ങിനിന്നു.

വൃത്തം—വസന്തതിലകം.

ശ്ലോകം 38—തദാ=അപ്പോൾ. ശാർദ്ദൂലസുഹൃന്നിധനശ്രവണാൽ കോപീ കിമ്മീരഃ=ശാർദ്ദൂലൻ എന്ന സുഹൃത്തിന്റെ വധത്തെപ്പററി കേട്ടു കോപിച്ച കിമ്മീരൻ. ആശു=വേഗത്തിൽ. കലശോദധിതുല്യസൈന്യം ഉജ്ജ്വലയൻ=സമുദ്രത്തിനു തുല്യമായ സൈന്യത്തെ ഒരുക്കിക്കൊണ്ടു്. ആസ്ഥാനം അലമകരോൽ =ആസ്ഥാനമണ്ഡപത്തെ അലങ്കരിച്ചു.

വൃത്തം—ഗീതി.

ഘണ്ടാരം — അടന്ത

39. നിരര്‍ഗ്ഗളവിനിര്‍ഗ്ഗളദ്രുധിരതൃഷിതാക്രന്ദിത-
പ്രതിഘടനിതദിങ്മുഖാ ബഹുതരം ലുഠന്തീ തദാ
സമഗ്രബലമഗ്രജം സകലയാതുധാനൈര്‍വൃതം
നികൃത്തകുചനാസികാ നിരനുനാസികം സാവദൽ.

(വികലാംഗയായ സിംഹികയും കിര്‍മ്മീരനും
പ്രവേശിക്കുന്നു.)

**സിംഹിക**

പല്ലവി

ഹാഹാ രാക്ഷസവീര! വിലോകയ
ഹാഹാ വികൃതശരീരാഹി ജാതാ

---

ശ്ലോകം 39—തദാ=അപ്പോഠ. നികൃത്തകുചനാസികാ= ഛേദിക്കപ്പെട്ട കുചങ്ങളോടും നാസികയോടുംകൂടിയവളും. നിരര്‍ഗ്ഗളവിനിര്‍ഗ്ഗളദ്രുധിരതൃഷിതാ = ഇടതടവില്ലാതെ ഒഴുകിക്കൊണ്ടിരിക്കുന്ന ചോരയണിഞ്ഞവളും ആയ. സാ=ആ രാക്ഷസി. ആക്രന്ദിതപ്രതിഘടനിതദിങ്മുഖാ = മുറവിളികൊണ്ടു ദിക്കുകളെ മുഴക്കുന്നവളും. ബഹുവിധം ലുഠന്തീ=പലവിധത്തിൽ വീണുരുളുന്നവളുമായിട്ട്. സകലയാതുധാനൈഃ വൃതം=എല്ലാ രാക്ഷസന്മാരാലും ചുററപ്പെട്ടവനും. സമഗ്രബലം അഗ്രജം=സൈന്യത്തെ മുഴുവൻ ഒരുക്കിനിൎത്തിയവനുമായ ജ്യേഷ്ഠനോട്. നിരനുനാസികം അവദൽ=അനുനാസികങ്ങളായ അക്ഷരങ്ങളില്ലാതെ പറഞ്ഞു. (അനുനാസികാക്ഷരങ്ങഠ മൂക്കിൻെറ സഹായത്തോടുകൂടി ഉച്ചരിക്കേണ്ടവയാണല്ലോ. മൂക്കു മുറിഞ്ഞുപോയ സിംഹികയ്ക്കു് ആ അക്ഷരങ്ങഠ ശരിക്കുച്ചരിക്കാൻ സാധിക്കാത്തതിനാലാണ് കവി അവളെക്കൊണ്ടു നിരനുനാസികമായി സംസാരിപ്പിക്കുന്നതു്.)

വൃത്തം—പൃഥ്വി.

അനുപല്ലവി

ഹാഹാ പീഡ സഹിക്കരുതേ ബത
ഹാഹാ വീര സഹോദര! പാലയ (ഹാഹാ)

ചരണം 1

ആഹാരയോഗ്യരായുള്ളവരിപ്പോ -
ളാഹാ! വിരോധികളായതു പശ്യ
ഹാഹാ വിജയഹതപതിയാകയാൽ
ആയുസ്സൊടുക്കുക അല്ലായ്കിലേതസ്യ
വല്ല പ്രതിക്രിയ കൎത്തവ്യേതി ഹൃദി
കില്ലകൂടാതെയുറച്ചു ചരിച്ചപ്പോൾ
ദോഷലേശത്തോടു വേർവിട്ടൊരേതസ്യ
യോഷാതിലകത്തെ ദർശിച്ചു കാടതിൽ (ഹാഹാ)

ചരണം 2

പാൎത്തു പഴുതു ദൈവതവിടെത്തദാ
പാൎത്ഥരോടേ വേർപെട്ടാളവളപ്പോൾ
ഓടിയടുത്തവളെ എടുത്തപ്പൊഴേ
പേടികൂടാതെ പ്രവേശിച്ചു കാടതിൽ
താഴ്ച വരാതൊരു വീരവര തവ
കാഴ്ചവെച്ചീടുകയിൽ ഹൃദി കൌതുകാൽ
താവദതീവ പരവശയായവൾ
ത്രാസപരീതയായ്പരിദേവിച്ചാൾ

---

ചരണം 1—പശ്യ=കണ്ടാലും. വിജയഹതപതി=അർജ്ജുനനാൽ കൊല്ലപ്പെട്ട ഭൎത്താവോടുകൂടിയവൾ. ഏതസ്യാഃ=ഇവളുടെ. വല്ല പ്രതിക്രിയ കൎത്തവ്യാ = എന്തെങ്കിലും പ്രതികാരം ചെയ്യണം. ചരിക്ക=സഞ്ചരിക്ക. ഏതസ്യ യോഷാതിലകം= ഈ അർജ്ജുനന്റെ (ഭാൎയ്യയായ) സ്ത്രീരത്നം.

ചരണം 2—പഴുതു പാൎത്തു്=അവസരം കാത്തു്. താവൽ= അപ്പൊഴേക്കും. ത്രാസപരീതയായ്=വല്ലാതെ പേടിച്ചിട്ടു്.

തത്ര സഹദേവശസ്ത്രത്താലയ്യോ
കൃത്തകുചാ വികൃതാ ബത ജാതാ (ഹാഹാ)

**കിർമ്മീരൻ**

പന്തുവരാളി—ചെമ്പട

ഖണ്ഡം 1

വത്സേ കിന്തു വൃഥാ തവ രോദം?
മത്സോദരി കുരു മാ മാ വിഷാദം
മാത്സര്യമുള്ളൊരു മർത്ത്യമിദാനീ-
മുത്സാഹേന സമുത്സാദയാമി. (വത്സേ)

ഖണ്ഡം 2

ഉൾത്താപം ത്യജ സത്വരമിന്നു നീ
ഉത്ഥാനംചെയ്ക മത്തേഭഗാമിനി!
മർത്ത്യന്മാരെ അമർത്ത്യലോകേ ചേർപ്പാൻ
ചിത്തകോപത്തൊടു പോകുന്നു ഞാനിപ്പോൾ (വത്സേ)

ഖണ്ഡം 3

ആഹന്ത നിന്നെ വികൃതയാക്കിയിന്നു
ആരൊരുത്തൻ ഭുവി സൌഖ്യേന വാഴുന്നു?
ആരുള്ളു മൽഭുജവീര്യം സഹിപ്പാ-
നാമേരുലങ്കമവനിയിലിപ്പോൾ? (വത്സേ)

---

പരിദേവിക്ക=നിലവിളിക്ക. കൃത്തകുചാ വികൃതാ ജാതാ=കുചങ്ങൾ മുറിക്കപ്പെട്ടവളും വിരൂപിണിയും ആയിത്തീർന്നു.

ഖണ്ഡം 1—തവ വൃഥാ രോദം കിന്തു=നീ വെറുതെ കരയുന്നതെന്തിനു്? വിഷാദം മാ മാ കുരു=നീ ഒട്ടും സങ്കടപ്പെടണ്ട. സമുത്സാദയാമി=ഞാൻ നശിപ്പിച്ചേക്കാം.

ഖണ്ഡം 2—ത്യജ=ഉപേക്ഷിക്ക. ഉത്ഥാനംചെയ്ക=എഴുന്നേല്ക്കുക. മത്തേഭം=മദയാന. അമർത്ത്യലോകേ = ദേവലോകത്തിൽ.

ഖണ്ഡം 3—മൽഭുജവീര്യം=എൻെറ കൈകളുടെ ഊക്കു്. ആമേരുലങ്കം=മേരു മുതൽ ലങ്കവരെ. അവനി=ഭൂമി.

ഖണ്ഡം 4

ഹാ പൃഥ്വിയിൽ മയി ജീവത്യഹോ കഷ്ട-
മാപത്തുകൊണ്ടു നീ ഖേദിക്കരുതൊട്ടും;
കോപത്തിനിന്നവർ ലാക്കാകയില്ല മേ
രോപത്തിനു യുധി ലാക്കായ് വന്നീടുമേ (വത്സേ)

## രംഗം 18

**കവിവാക്യം**

സാരംഗം—ചെമ്പട

40. സോരസ്താഡമമൂം ക്ഷിതൌ നിപതിതാം
രക്തപ്രവാഹോക്ഷിതാം
നീലാദ്രീന്ദ്രതടീം സഗൈരികഗള-
സന്നിർഝരൌഘാമിവ
ഉച്ചൈർബാഹുലതാഹതാവനിതലാ-
മാശ്വാസ്യ താമുത്ഥിതാം
കിമ്മീരഃ പുനരാഹവായ സ യയൌ
ചാഹ്വാസ്ത ഭീമം രുഷാ.

---

ഖണ്ഡം 4—പൃഥ്വി=ഭൂമി. മയി ജീവതി=ഞാൻ ജീവിച്ചിരിക്കുമ്പോൾ. രോപം=ശരം. യുധി=യുദ്ധത്തിൽ.

ശ്ലോകം 40—സഃ അസൌ കിമ്മീരഃ = പേരുകേട്ട ഈ കിമ്മീരൻ. സോരസ്താഡം ക്ഷിതൌ നിപതിതാം = മാറത്തടിച്ചുകൊണ്ടു നിലത്തു വീണവളും. രക്തപ്രവാഹോക്ഷിതാം = രക്തപ്രവാഹംകൊണ്ടു നനഞ്ഞവളും. സഗൈരികഗളൽസന്നിർഝരൌഘാം നീലാദ്രീന്ദ്രതടീം ഇവ (സ്ഥിതാം)=കാവിമണ്ണു കലന്നൊഴുകുന്ന അരുവിയോടുകൂടിയ നീലമലയുടെ തടപ്രദേശം പോലെ ഇരിക്കുന്നവളും. ഉച്ചൈഃ ബാഹുലതാഹതാവനിതലാം =കൈകൊണ്ടു് ഉറക്കെ നിലത്തടിക്കുന്നവളും. പുനഃ ഉത്ഥിതാം താം അമൂം ആശ്വാസ്യ=വീണ്ടും എഴുന്നേററവളുമായ ആ ഇവളെ (സിംഹികയെ) ആശ്വസിപ്പിച്ചിട്ടു്. ആഹവായ യ

(ക്രുദ്ധനായ കിമ്മീരൻ പ്രവേശിക്കുന്നു)

**കിർമ്മീരൻ**

പല്ലവി

മൂഢ വിലോകയ മേ പാടവം

മൂഢ വിലോകയ മേ

ചരണം 1

കടലോടടൽപൊരുതീടിന പടയോടഹമിവിടെ
ഝടഝടേത്യടവിവിടപിപടലിയെ
പൊടിപെട്ടപ്പനതിപട്ടത്വമോടേ (മൂഢ)

ചരണം 2

മടവാരൊട്ടു കട്ടതായിതു ശഠ തേ കരപട്ടതാ
മിടമത്തേട്ടമടികൾകൊണ്ടു നിന്നുടൽ
ഝടിതി പാടിതുമടാമ്യയി കീട! (മൂഢ)

ചരണം 3

വലശാസനകുലിശാഹത കുലശൈലവദവശം

---

യൗ=യുദ്ധത്തിനായി പുറപ്പെട്ടുപോയി. രുഷാ ഭീമം ആഹ്വാസ്ത ച=കോപത്തോടുകൂടി ഭീമസേനനെ പോരിനു വിളിക്കയുംചെയ്തു. അലങ്കാരം—ഉപമ.

വൃത്തം—ശാർദ്ദൂലവിക്രീഡിതം.

പല്ലവി—വിലോകയ = നീ കണ്ടാലും. മേ പാടവം=എന്റെ സാമർത്ഥ്യം.

ചരണം 1—കടലൊടടൽപൊരുതീടിന = കടൽപോലെയുള്ള. അടവിവിടപിപടലി=കാട്ടിലെ മരക്കൂട്ടം. പട്ടത്വം= സാമർത്ഥ്യം.

ചരണം 2—മടവാർ=സ്ത്രീകൾ. കരപട്ടത=കയ്യൂക്കു്. മിടമ=മിടുക്കു്. ഝടിതി നിന്നുടൽ പാടിതും അടാമി=വേഗത്തിൽ നിന്റെ ദേഹം പിളക്കുന്നതിനുവേണ്ടിയാണു് (ഞാൻ ഇവിടെ) സഞ്ചരിക്കുന്നതു്.

ചരണം 3—വലശാ.......ശൈലവൽ = ഇന്ദ്രന്റെ വജ്രം

അതിനിശാതമദിഷുജാതദലിതം
തവ ശരീരമിഹ ശയിക്കുമധുനാ (മൂഢ)

ചരണം 4

കുലജാചലകലശാംബുധി ചലനം പരികലയൻ
കളകളേന ബലകൃതേന തുമുലം
കലഹമാശു ഞാൻ കരോമ്യധുനാ (മൂഢ)

## രംഗം 19

**കവിവാക്യം**

പൂർവ്വകല്യാണി ചെമ്പട

41. ആഹൂയാശു പരസ്പരം പരികരം
ബദ്ധ്വാ തതഃ സ്വർദ്ധിനൗ
വ്യാമോഹേന സമുത്ഥിതോത്തടഗദൌ
വ്യാഹന്യമാനൌ ഭൃശം

---

കൊണ്ടുള്ള അടിയേററ പവ്വതംപോലെ. അതി.......ദലിതം= വളരെ മൂച്ചയുള്ള എൻെറ ശരസമൂഹത്താൽ പിളക്കപ്പെട്ടു.

ചരണം 4—കുലജാ........ചലനം പരികലയൻ=കുലപവ്വതങ്ങളേയും പാല്ക്കടലിനേയും ഇളക്കി മറിച്ചുകൊണ്ടു്. ബലകൃതേന കളകളേന=സൈന്യങ്ങളുണ്ടാക്കുന്ന കോലാഹലത്തോടുകൂടി. വിപിനേ തുമുലം കലഹം കരോമി = ഈ കാട്ടിൽവെച്ചു് ഞാനിതാ ഭയങ്കരമായ യുദ്ധം ചെയ്യാൻ പോകുന്നു.

ശ്ലോകം 41—തതഃ =അതിനുശേഷം. സ്വർദ്ധിനൗ ബാഹുജാശരവരൗ തൗ ഉഭൗ=പരസ്പരം മാത്സയ്യബുദ്ധിയോടുകൂടിയ ക്ഷത്രിയനും രാക്ഷസനുമാകുന്ന ആ രണ്ടു പേരും. പരികരം ബദ്ധ്വാ=കച്ചകെട്ടി മുറുക്കി. ആശു പരസ്പരം ആഹൂയ=വേഗത്തിൽ അന്യോന്യം പോക്കു വിളിച്ചു്. സമുത്ഥിതോത്തടഗദൗ = ഊക്കുള്ള വലിയ ഗദ അങ്ങുമിങ്ങും ഓങ്ങിപ്പിടിച്ചു്. വ്യാമോഹേന ഭൃശം വ്യാഹന്യമാനൗ=തൻേറടം വിട്ടു് കരുത്തോടെ പരസ്പ

സംക്രുദ്ധൌ യുധി മുഷ്ടിഘാതമവനീം
ഘ്നന്തൌ പ്ലുതോദ്യദ്ധ്വനീ
ബാഹാബാഹവി ബാഹുജാശരവരൌ
തൌ വ്യാസജേതാമുഭൌ
(കിർമ്മീരനും ഭീമനും പ്രവേശിക്കുന്നു)

**ഭീമൻ** പല്ലവി

ശസ്ത്രജാലം തടുക്ക നീ രാക്ഷസാധമ!
ശസ്ത്രജാലം തടുക്ക നീ

ചരണം 1

നക്തഞ്ചരാധമ നികൃത്തശരീരനായ് വൈ-
കർത്തനൻതൻെറ വരപത്തനേ പോമൊരുമൃ-
ഹൂർത്തമതിനകത്തു (ശസ്ത്ര)

**കിർമ്മീരൻ** ചരണം 2

മത്തകാശിനിമാരോടിത്തൊഴിൽ ചെയ്ക നിന്നോ-
ട്ടത്തരം ചൊൽവാനെൻെറ ശസ്ത്രങ്ങൾ മതിയാകും

---

രം പ്രഹരിച്ചു്. യുധി സംക്രുദ്ധൌ=യുദ്ധത്തിൽ ക്രുദ്ധന്മാരായി ട്ടു്. മുഷ്ടിഘാതം അവനീം ഘ്നന്തൌ=മുഷ്ടികൊണ്ടു ഭൂമിയെ താഡിച്ചുകൊണ്ടു്. പ്ലുതോദ്യദ്ധ്വനീ=ചാടി ശബ്ദം പുറപ്പെടുവിച്ചു്. ബാഹാബാഹവി=കൈകൾകൊണ്ടു് അന്യോന്യം കെട്ടിപ്പിടിച്ചു്; അഥവാ കൈകൊണ്ടും കൈകൊണ്ടുമുള്ള ദ്വന്ദ്വയുദ്ധം ചെയ്തു്. വ്യാസജേതാം=പരസ്പരം ഏററുമുട്ടി.

വൃത്തം—ശാർദ്ദൂലവിക്രീഡിതം

പല്ലവി—ആയുധനിര.

ചരണം—നക്തഞ്ചരൻ=രാക്ഷസൻ. നികൃത്തശരീരൻ= നികൃത്തമായ (പിളക്കപ്പെട്ട) ശരീരത്തോടുകൂടിയവൻ. വൈകർത്തനൻ=കാലൻ. പത്തനേ=പട്ടണത്തിൽ.

ചരണം 2—മത്തകാശിനിമാർ=സ്ത്രീകൾ. ശസ്ത്രങ്ങൾ= ആയുധങ്ങൾ. മർത്ത്യൻ=മനുഷ്യൻ. ധൂർത്തൻ=താന്തോണി.

മൎത്ത്യാധമാതിധൂൎത്ത
ശസ്ത്രജാലം തടുക്ക നീ മാനുഷാധമാ!

ചരണം 3

നിഷ്ഠുരതരശരവൃഷ്ടികൾകൊണ്ടു വൃഥാ
പൃഷ്ടനാകിയ നിന്നെ നഷ്ടമാക്കുവനിഹ
പെട്ടെന്നതി ധൃഷ്ടാ! (ശസ്ത്ര)

**കിൎമ്മീരൻ** ചരണം 4

നിസ്ത്രപ നരാധമ വിസ്തൃതമായ തവോ-
രഃസ്ഥലരംഗത്തിങ്കൽ ശസ്ത്രജാലങ്ങൾ നിന്നു
നൃത്തമാടീടുമത്ര (ശസ്ത്ര)

**ഭീമൻ** ചരണം 5

സത്യശൌചാദിയായ കൃത്യഹീന രാക്ഷസാ-
പത്യ സുഖിച്ചീടുമാദിത്യസുതപുരത്തിൽ
അത്യാദരമുപേത്യ (ശസ്ത്ര)

**കിൎമ്മീരൻ** ചരണം 6

നിഷ്കരുണനാമെൻെറ നൽകരപഞ്ജരത്തിൽ
ദുഷ്കൎമ്മഫലംകൊണ്ടു വിഷ്കിരമെന്നപോലെ
പുക്കിതുനീയെന്നോൎക്ക (ശസ്ത്ര)

---

ചരണം 3—വൃഥാ പുഷ്ടൻ=വെറും തടിയൻ. നഷ്ടമാക്കു വൻ=ഞാൻ നശിപ്പിച്ചേക്കാം.

ചരണം 4—നിസ്ത്രപൻ=നാണമില്ലാത്തവൻ. തവ+ഉരഃ സ്ഥലരംഗം=നിൻെറ മാൎവ്വിടം.

ചരണം 5—രാക്ഷസാപത്യം=രാക്ഷസക്കുട്ടി. ആദിത്യസു തപുരം=യമപുരി. ഉപേത്യ=ചെന്നു്; പ്രാപിച്ചു്.

ചരണം 6—കരപഞ്ജരത്തിൽ=കൈകളാകുന്ന കൂട്ടിൽ. ദുഷ്കൎമ്മഫലംകൊണ്ടു്=ചെയ്ത പാപത്തിൻെറ ഫലമായിട്ടു്. വി ഷ്കിരം=പക്ഷി.

**ഭീമൻ**

ചരണം 7

വാടാ നീച നീ ശാംകീട! കരധൃതവി-
പാഠ! മായകൾകൊണ്ടു കൂടായോധനമേത്തും
കൂടായെന്നോടു മൂഢാ (ശസ്ത്രു)

**കവിവാക്യം**

42. സ്മരണമുപഗതേ സുഹൃദ്വധേസാ-
വതികുപിതോഥ വൃകോദരേണ യുദ്ധ്യൻ
ഇഹ ഖലു സഹസൈവ പൂർവ്വപാദേ
പ്രഥമപദം സ സകാരഹീനമാപ.

(പോകുന്നു)

---

ചരണം 7—ശാംകീടം=നീചപ്പുഴു. കരധൃതവിപാഠൻ=കൈയിൽ അമ്പു (വിപാഠം) ധരിച്ചവൻ. കൂടായോധനം=കള്ളപ്പോരു്.

ശ്ലോകം 42—വൃകോദരേണ യുദ്ധ്യൻ അസൗ=ഭീമനുമായി യുദ്ധം ചെയ്തുകൊണ്ടിരുന്ന ഇവൻ (കിമ്മീരൻ). അഥ=പിന്നീടു്. സുഹൃദ്വധേ സ്മരണം ഉപഗതേ=സുഹൃത്തായ ശാർദ്ദൂലൻെറ വധത്തെപ്പററി ഓർത്തപ്പോൾ. അതികുപിതഃ=അത്യന്തം കോപിഷ്ഠനായിട്ടു്. ഇഹ ഖലു=ഈ ശ്ലോകത്തിലെ. പൂർവ്വപാദേ=ഒന്നാമത്തെ വരിയിലുള്ള. സകാരഹീനം പ്രഥമപദം ആപ=സകാരത്തോടുകൂടാത്ത ഒന്നാമത്തെ പദത്തെ പ്രാപിച്ചു.

പ്രസ്തുത ശ്ലോകത്തിലെ പ്രഥമപദം 'സ്മരണം' എന്നാണല്ലോ. അതിലെ 'സ'കാരം നീക്കിയാൽ കിട്ടുന്നതു് 'മരണം' എന്ന വാക്കായിരിക്കും. കിമ്മീരൻ 'മരണത്തെ പ്രാപിച്ചു' എന്നത്ഥം.

വൃത്തം — പുഷ്പിതാഗ്ര

# രംഗം 20

**കവിവാക്യം**

ഭൂപാളം—ചെമ്പട

43. കിമ്മീരേ യുധി നിഹതേ തദീയഭൃത്യാഃ
പ്രച്ഛന്നാ ദിശി ദിശി സംഗതാസ്തദാനീം
താപത്യം സമുപഗതാസ്തപസ്വിവർഗ്ഗാഃ
പ്രത്യേകം പ്രണിജഗദുഃ പ്രഹർഷവന്തഃ

(ചില മഹർഷിമാർ പ്രവേശിക്കുന്നു)

**മഹർഷിമാർ**

പല്ലവി

ഭീമ പരാക്രമജലധേ ഭീതിയകന്നിതു സുമതേ!

അനുപല്ലവി

ഭീമ മഹാഭുജബല! തേ സദാ ഭവതു ശുഭം ഭൂമിപതേ!

ചരണം 1

നിരുപമരാം നിശിചരരെ നിഹനിക്കയാൽ നീ സമരേ
നിത്യവുമിക്കാന്താരേ നിവസിക്കാം രഹിതദരേ.

---

ശ്ലോകം 43—കിമ്മീരേ യുധി നിഹതേ=കിമ്മീരൻ യുദ്ധത്തിൽ കൊല്ലപ്പെട്ടപ്പോൾ. തദീയഭൃത്യാഃ = അവൻെറ ഭൃത്യന്മാർ. പ്രച്ഛന്നാഃ =ഓടിമറഞ്ഞു്. ദിശി ദിശി സംഗതാഃ=ഓരോ ദിക്കിലെത്തിച്ചേൎന്നു. തദാനീം=ആ സമയത്തു്. താപത്യം സമുപഗതാഃ =ഭീമസേനൻെറ അടുക്കലെത്തിച്ചേൎന്നു. തപസ്വിവർഗ്ഗാഃ = താപസന്മാരുടെ സമൂഹം. പ്രഹർഷവന്തഃ =വളരെ സന്തോഷത്തോടുകൂടി. പ്രണിജഗദുഃ = (ഇങ്ങിനെ) പറഞ്ഞു.

വൃത്തം—പ്രഹർഷിണി.

അനുപല്ലവി=മഹാഭുജബലൻ=വലിയ കൈയൂക്കുള്ളവൻ. തേ സദാ ശുഭം ഭവതു=നിനക്കു് എന്നെന്നും നന്മ വരട്ടെ.

ചരണം—1 നിരുപമർ=എതിരില്ലാത്തവർ. സമരേ=യുദ്ധത്തിൽ. രഹിതദരേ ഇക്കാന്താരേ=ഭയരഹിതമായ ഈ കാട്ടിൽ. (ദരം=പേടി.)

DHARMARAM COLLEGE LIBRARY, BANGALORE. 19385

ചരണം 2

അഗ്നിഹോത്രംചെയ്തിവിടെ അസ്മാകം ഗംഗയുടേ
അതിവികടേ തടനികടേ ചെയ്യാമാവാസം മോദമോടേ

ചരണം 3

ഭവ്യജനാവനകർമ്മം ഭരതകുലോത്തമധർമ്മം
ഫലിതമിദം തവ ജന്മം ഭവതു സദാ വനകർമ്മം.

(തിരശ്ശീല)

## കഥാവസാനശ്ലോകം

44. സമഹർഷി മഹർഷിഭിർമ്മഹത്ഭിഃ
പുനരാശീർഭിരപൂരി ഭീമസേനഃ

---

ചരണം 2—അസ്മാകം=ഞങ്ങളുടെ (അടുത്തുള്ള എന്ന ധ്യാഹരിക്കണം) അതിവികടേ തടനികടേ=അതിവിശാലമായ തീരപ്രദേശത്തിന്നടുത്തു്. മോദം=സന്തോഷം. (മഹർഷിമാർ ഭീമസേനനെ ഗംഗാതീരത്തിലേക്കു താമസിക്കാൻ ക്ഷണിക്കയാണു്.)

ചരണം 3—ഭവ്യജനാവനകർമ്മം = സജ്ജനങ്ങളെ രക്ഷിക്ക എന്ന കൃത്യം. ഭരതകുലോത്തമധർമ്മം=ഭരതവംശത്തിൻെറ മുഖ്യമായ ധർമ്മമാണു്. തവ ഇദം ജന്മം ഫലിതം=നിൻെറ ഈ ജന്മം സഫലമായി. വനകർമ്മം=വാനപ്രസ്ഥധർമ്മം. (നിങ്ങളുടെ വാനപ്രസ്ഥ ജീവിതം മംഗളകരമായിത്തീരട്ടെ എന്നായിരിക്കാം ആശയം)

ശ്ലോകം 44—പുനഃ =പിന്നീടു്. മഹത്ഭിഃ മഹർഷിഭിഃ= മഹാനുഭാവന്മാരായ മഹർഷിമാരാൽ. സമഹർഷി=സന്തോഷി

അഥ മൂദ്ധ്നി പപാത പാണ്ഡുസൂനോഃ
ഖലു വിദ്യാധരമുക്തപുഷ്പവൃഷ്ടിഃ.

[കിമ്മീരവധം കഥ അവസാനിച്ചു.]

---

ക എന്നുള്ളതുണ്ടായി (ഭാവേപ്രയോഗം). ഭീമസേനഃ=ഭീമസേനൻ. ആശീഭിഃ അപൂരി (ച)=ആശീസ്സുകളാൽ തൃപ്തനാക്കപ്പെട്ടുകയും ചെയ്തു. അഥ=അതിനു ശേഷം. പാണ്ഡുസൂനോഃ മൂദ്ധ്നി=പാണ്ഡുപുത്രനായ ഭീമൻെറ മൂദ്ധാവിൽ (ശിരസ്സിൽ). വിദ്യാധരമുക്തപുഷ്പവൃഷ്ടിഃ പപാത=വിദ്യാധരന്മാർ പൊഴിച്ച പൂമഴ പതിച്ചു.

വൃത്തം—വസന്തമാലിക.

ഇടയ്ക്കിടയ്ക്കു ധാരാളം ഉഷ്ടഗ്രന്ഥി ചേൎന്നിട്ടും
കിമ്മീരവധമീമട്ടു വിവരിച്ചേൻ യഥാമതി.

DC Library
*00019385*
T62 K85

# കിർമ്മീരവധം

(ആട്ടക്കഥ)

വ്യാഖ്യാതാ:

ൻ എ. ഡി. ഹരിശർമ്മ

ം. ആർ. എ. എസ്സ്.

T62
K85